بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാല്യം 9

ലക്കം 31-32

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2024 ആഗസ്റ്റ് 01-08/ഹി.ശം 1403 ള്വുഹൂർ 01-08/ഹി:ഖ 1446 മുഹർറം-സ്വഫർ 25-2

## അല്ലാഹുവിന്റെ വചനം

اِنَّ اللّٰہَ وَمَلٰٓئِکَتَہٗ یُصَلُّوۡنَ عَلَی النَّبِیِّ ؕ یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡا صَلُّوۡا عَلَیۡہِ وَسَلِّمُوۡا تَسۡلِیۡمًا ﴿۵۷﴾

(سورۃ الاحزاب:57)

'അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങൾ ആശംസിക്കുന്നു. വിശ്വസികളേ! അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻവേണ്ടി നിങ്ങളും പ്രാർഥിക്കുക.'

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

# സീറത്തുന്നബി ﷺ

**നമ്മുടെ നബിനായകർﷺ ആത്മീയത സ്ഥാപിച്ചുറപ്പിക്കുന്നതിൽ രണ്ടാം ആദം ആയിരുന്നു. എന്നല്ല, യഥാർഥ ആദം അവിടുന്നുതന്നെ ആയിരുന്നു എന്നു പറയണം. അവിടത്തെ ജീവിതത്തിൽ കുട്ടിക്കാലം തുടങ്ങിയുള്ള സകല മാനുഷിക അനുഗ്രഹങ്ങളും പരിപൂർണതയെ പ്രാപിച്ചിരുന്നു. സകല സൽഭാവങ്ങളും അവിടത്തെ ജീവിതത്തിൽ സക്രിയമാവുകയും മനുഷ്യപ്രകൃതിയിലെ ഒരു ശാഖയും നിഷ്ക്രിയമല്ലാതിരിക്കയും ചെയ്തു. കാലാതീതത്വംകൊണ്ടു മാത്രമല്ല, പ്രവാചകത്വത്തിന്റെ സകലപൂർണതകളും തിരുമേനിയിൽ അവസാനിച്ചതുകൊണ്ടും തിരുമേനിയിൽ 'കമാലാത്തെ നുബുവ്വത്ത്' സംഭവിച്ചു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് ؑന്റെ സാരോപദേശങ്ങൾ



നമ്മുടെ നബിനായകർ മുഹമ്മദുനബി(സ) സത്യത്തിന്റെ അവതരണത്തിനായി വെളിപ്പെട്ട ഒരു മഹാപരിഷ്കർത്താവ് (മുജദ്ദിദെ അഅ്സം) ആയിരുന്നു. അപ്രത്യക്ഷമായ സത്യത്തെ അവിടന്നു വീണ്ടും ലോകത്ത് കൊണ്ടുവന്നു. ഈ അഭിമാനകൃത്യത്തിൽ നബിനായകരോടൊപ്പം മറ്റൊരു നബിയ്ക്കും പങ്കില്ല. സകലലോകവും പൂർണമായ അന്ധകാരത്തിൽപ്പെട്ടു കിടക്കുന്നതായിട്ടാണ് അവിടന്നു കണ്ടത്. അവിടത്തെ ആവിർഭാവത്തോടെ ആ അന്ധകാരം പ്രകാശമായി മാറി. അവിടന്ന് വെളിപ്പെട്ട ജനത മുഴുവനുംതന്നെ 'ശിർക്കി'ന്റെ അഥവാ സൃഷ്ടിപൂജയുടെ മേലങ്കി അഴിച്ചുവച്ചു തൗഹീദിന്റെ അഥവാ ഏകദൈവാദർശത്തിന്റെ പുതപ്പണിയുന്നതുവരെ, എന്നല്ല, അവർ സത്യവിശ്വാസത്തിന്റെ അത്യുന്നതശ്രേണികളിലെത്തുന്നതുവരെയും, സത്യസന്ധതയുടേയും ആത്മാർത്ഥതയുടേയും ദൃഢവിശ്വാസത്തിന്റേയും അപദാനങ്ങൾ ലോകത്ത് മറ്റൊരു ജനവിഭാഗത്തിലും കാണപ്പെടാത്ത വിധം അവരിൽനിന്നു വെളിപ്പെടുമാറാകുന്നതുവരെയും അദ്ദേഹം ദിവംഗതനായില്ല. ഈ വിജയം, ഏതാദൃശമായ വിജയം, നബിനായകർ(സ) തിരുമേനിയ്ക്കല്ലാതെ മറ്റൊരു പ്രവാചകനും പ്രദാനം ചെയ്യപ്പെട്ടിരുന്നില്ല. അങ്ങേയറ്റം അധർമം നിറഞ്ഞിരുന്ന ഒരു കാലത്ത്, സ്വാഭാവികമായും അത്യുജ്ജ്വലപ്രഭാവനായ ഒരു മഹാപരിഷ്കർത്താവിനെ ലോകം പ്രതീക്ഷിച്ചുകൊണ്ടിരുന്ന ഒരു കാലത്ത് പ്രത്യക്ഷനാകയും നിയോഗിക്കപ്പെടുകയും ചെയ്തുവെന്നു മാത്രമല്ല, ലക്ഷക്കണക്കിൽ മനുഷ്യർ സൃഷ്ടിപൂജ കൈവെടിഞ്ഞു തൗഹീദിന്റെ അഥവാ, ഏകദൈവാദർശത്തിന്റെ നേർവഴി അവലംബിക്കുമാറാകയും ചെയ്തിരുന്ന ഒരു കാലത്ത്, ഈ ലോകത്തുനിന്ന് വിരഹം പ്രാപിക്കുകയും ചെയ്തു എന്നതുതന്നെ നബി(സ)തിരുമേനിയുടെ പ്രവാചകത്വത്തിലേക്ക് ഏറ്റവും വലിയ ഒരു തെളിവാകുന്നു. ഈ പരിപൂർണമായ പരിഷ്കരണം നബി(സ)തിരുമേനിയുടെ മാത്രം സവിശേഷമായ ഒരു നേട്ടമാകുന്നു. അവിടന്ന് മൃഗപ്രായരായ, കിരാതരായ ഒരു ജനവിഭാഗത്തിനു മനുഷ്യത്വം പഠിപ്പിച്ചു. അല്ലെങ്കിൽ അദ്ദേഹം മൃഗസമാനരെ മനുഷ്യരാക്കി മാറ്റിയെന്നു പറയാം. പിന്നെ, ആ മനുഷ്യരെ വിജ്ഞരാക്കി. വിജ്ഞരായ മനുഷ്യരെ അവിടന്ന് ദൈവമനുഷ്യരാക്കി മാറ്റുകയും ആത്മീയചൈതന്യം അവരിൽ ഊതിനിറയ്ക്കുകയും സത്യദൈവവുമായി അവരെ അടുപ്പിക്കുകയും ചെയ്തു. അവർ ദൈവമാർഗത്തിൽ ആടുമാടുകളെപോലെ അറുത്തിടപ്പെട്ടു. എറുമ്പുകളെപോലെ കാലടികൾക്കടിയിൽ ചതച്ചരയ്ക്കപ്പെട്ടു. എങ്കിലും, അവർ സത്യവിശ്വാസം കൈവെടിഞ്ഞില്ല. എല്ലാ കഷ്ടപ്പാടുകളിലും വിപത്തുകളിലും അവർ മുന്നോട്ടു കാൽവെച്ചു. ചുരുക്കത്തിൽ, നമ്മുടെ നബിനായകർ(സ) ആത്മീയത സ്ഥാപിച്ചുറപ്പിക്കുന്നതിൽ രണ്ടാം ആദം ആയിരുന്നു. എന്നല്ല, യഥാർഥ ആദം അവിടുന്നുതന്നെ ആയിരുന്നു എന്നു പറയണം. അവിടത്തെ ജീവിതത്തിൽ കുട്ടിക്കാലം തുടങ്ങിയുള്ള സകല മാനുഷിക അനുഗ്രഹങ്ങളും പരിപൂർണതയെ പ്രാപിച്ചിരുന്നു. സകല സൽഭാവങ്ങളും അവിടത്തെ ജീവിതത്തിൽ സക്രിയമാവുകയും മനുഷ്യപ്രകൃതിയിലെ ഒരു ശാഖയും നിഷ്ക്രിയമല്ലാതിരിക്കയും ചെയ്തു. കാലാതീതത്വംകൊണ്ടു മാത്രമല്ല, പ്രവാചകത്വത്തിന്റെ സകലപൂർണതകളും തിരുമേനിയിൽ അവസാനിച്ചതുകൊണ്ടും തിരുമേനിയിൽ 'കമാലാത്തെ നുബുവ്വത്ത്' സംഭവിച്ചു.

തിരുനബി(സ) ദൈവികഗുണങ്ങളുടെ സമ്പൂർണ്ണ പ്രതിരൂപം ആയിരുന്നു. ആകയാൽ, തിരുമേനിയുടെ ശരീരത്ത് പ്രതാപഗുണങ്ങളുടെയും സൗന്ദര്യഗുണങ്ങളുടെയും രണ്ടിന്റേയും വാഹകം ആയിരുന്നു. തിരുമേനിയുടെ രണ്ടു നാമങ്ങൾ അതായതു, മുഹമ്മദ് എന്നും അഹ്മദ് എന്നമുള്ള നാമങ്ങൾ ഇതേ ഉദ്ദേശ്യം ഉൾക്കൊണ്ടിട്ടുള്ളതത്രെ. തിരുമേനിയുടെ നുബുവ്വത്തിന്റെ സാകല്യത്തിൽ ഒരു വശത്തും ലോഭമില്ല. മറിച്ച്, അതു ആരംഭം മുതൽക്കേ ലോകത്തിനു മുഴുവനുമായിട്ടുള്ളതത്രെ. *(ലക്ചർ സിയാൽക്കോട്ട്, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 206)*

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰه

# സീറത്തുന്നബിﷺ സ്പെഷ്യൽപ്പതിപ്പ്

## വിഷയസൂചിക


| | |
|---|---|
| പത്രാധിപക്കുറിപ്പ് | 02 |
| ഖുത്ബ ജുമുഅ | 04 |
| **സ്വഹാബാക്കളായ ഹദ്റത്ത് ഉഥ്മാന്റേയും(റ) ഹദ്റത്ത് നവാബ് മുഹമ്മദലി ഖാന്റേയും(റ) പുണ്യചരിതം** മൗലാനാ സയ്നുദ്ദീൻ ഹാമിദ് സാഹിബ്, നാളിം ദാറുൽഖളാ ഖാദിയാൻ | 09 |
| **നബി(സ)തിരുമേനിയുടെ പുണ്യചരിതം ഹജ്ജത്തുൽ വിദാ പ്രഭാഷണത്തിന്റെ വെളിച്ചത്തിൽ** മൗലാനാ മുഹമ്മദു ഇനാം ഗോറി സാഹിബ്, നാളിർ അഅ്ലാ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ | 13 |
| **അല്ലാഹുവിന്റെ റസൂൽ സ്വല്ലല്ലാഹു അലയ്ഹിവസല്ലമിന്റെ സ്വഹാബിയാത്തിന്റെ അതുലിതമായ ആത്മസമർപണങ്ങൾ** അമത്തുൽവസീഅ് ശമാഇല സാഹിബ, (നാഇബ് സ്വദ്ർ അവ്വൽ ലജ്ന ഇമാഇല്ലാഹ് ഭാരത്) | 18 |
| **സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിന്റെ ജർമൻ പര്യടനം** | 24 |


പത്രാധിപക്കുറിപ്പ്:

## മുഹമ്മദുനബി(സ)യുടെ മഹത്തായ പദവിയും സ്ഥാനവും ഹദ്റത്ത് വാഗ്ദത്ത മഹ്ദിമസീഹ്(അ)ന്റെ ലിഖിതങ്ങളുടെ വെളിച്ചത്തിൽ

വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)തന്റെ യജമാനരായ സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്ത്വഫാ(സ)യുടെ സ്ഥാനവും പദവിയും ഏതു രീതിയിലാണോ തിരിച്ചറിഞ്ഞത്, മറ്റാരുംതന്നെ അവ്വിധം തിരിച്ചറിഞ്ഞിട്ടില്ല. സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്ത്വഫാ(സ)യുടെ മഹത്തായ സ്ഥാനത്തിന്റേയും പദവിയുടേയും തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായതുപോലെ മറ്റാർക്കുമുണ്ടായിട്ടുമില്ല. സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്ത്വഫാ(സ)യെ ആ മഹാത്മാവ് ഏതു രീതിയിലാണോ സ്നേഹിച്ചിരുന്നതും ഇഷ്ടപ്പെട്ടിരുന്നതും ആ രീതിയിൽ മറ്റാരുംതന്നെ സ്നേഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്തിരുന്നുമില്ല. ഇതു വെറുംവാദമല്ല. പ്രത്യുത യാഥാർഥ്യമാണ്. അതെത്രമാത്രം ശക്തമായ യാഥാർഥ്യമാണെന്നാൽ മറ്റാർക്കും അതിനെ കളവാക്കാൻ സാധിക്കുകയില്ല. തെറ്റാണെന്ന് സ്ഥാപിക്കാനും കഴിയുകയില്ല. സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്ത്വഫാ(സ)യോടുള്ള ആ മഹാത്മാവിന്റെ സ്നേഹത്തിന്റേയും അതീവതാൽപര്യത്തിന്റേയും ലിഖിതങ്ങൾ ഗദ്യരൂപത്തിലും പദ്യരൂപത്തിലും അവിടത്തെ തൂലികയിൽനിന്ന് പുറത്തുവന്നു. അതുപോലുള്ള ലിഖിതങ്ങൾ മറ്റെവിടേയും നമുക്കു കാണാൻ സാധിക്കുകയില്ല. അവയിലുള്ള സ്വാദും രുചിയും എങ്ങനെയുള്ളതാണെന്നാൽ ആ മഹാത്മാവിന്റെ ബദ്ധവൈരികൾക്കും ആ ഗദ്യങ്ങളും പദ്യങ്ങളും വായിച്ചിട്ട് അവയെ പ്രശംസിക്കാതിരിക്കാൻ കഴിഞ്ഞില്ല. നമ്മുടെ ഈ വാദത്തെ ആരെങ്കിലും തെറ്റായി മനസ്സിലാക്കുന്നുവെങ്കിൽ നമ്മുടെ വാദത്തിന് തെളിവുകൾ നൽകാൻ നാം തയ്യാറാണ്. സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്ത്വഫാ(സ)യുടെദീനിനെ ശത്രുക്കളുടെ ആക്രമണത്തിൽനിന്ന് കാത്തുസൂക്ഷിക്കാൻ ഏതൊരു അന്തസ്സോടും പ്രൗഢിയോടും രണാങ്കണത്തിലെ വീരപുരുഷനായും അവിടന്ന് പ്രതിരോധം നടത്തിയോ 1400 വർഷത്തിൽ മറ്റാരുംതന്നെ അങ്ങനെ നടത്തിയിട്ടില്ല. അങ്ങനെ നടത്താൻ ആർക്കും കഴിയുകയുമില്ലായിരുന്നു. ഈ സ്ഥാനവും പദവിയും മറ്റാർക്കുമുണ്ടായിരുന്നുമില്ല. കാരണം ഖുർആനും ഹദീഥുമനുസരിച്ച് ആ സ്ഥാനവും പദവിയും അല്ലാഹു അദ്ദേഹത്തിനുമാത്രമാണ് നല്കിയത്. വിശുദ്ധ വചനമായ ***ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹീ*** യുടെ തഫ്സീറിൽ ആദരണീയരായ ആലിമീങ്ങൾ പറഞ്ഞിട്ടുള്ളത് ഇസ്ലാമിന് ആഗോളവിജയം മഹ്ദി ഇമാമിന്റെ കാലഘട്ടത്തിൽ ലഭിക്കുമെന്നാണ്. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ വാദം താൻ മസീഹും മഹ്ദിയുമാണെന്നുള്ളതാണ്. വാഗ്ദത്ത മസീഹ് നിയോഗിതനാകുമ്പോൾ ഈമാനിനെ ഭൂമിയിൽ സ്ഥാപിക്കുമെന്ന് നബി(സ)തിരുമേനി പ്രവചിച്ചതുപോലെത്തന്നെ! അതിനാൽ ഏതു രീതിയിലാണോ ആ മഹാത്മാവ്(അ)മുഹമ്മദീ ദീനിനെ ശത്രുക്കളിൽനിന്ന് പ്രതിരോധിച്ചത് അത് അവിടത്തെ മാത്രം ജോലിയായിരുന്നു. മിത്രങ്ങളും ശത്രുക്കളും ഈ വസ്തുത അംഗീകരിക്കുന്നു; 1400 വർഷത്തിനുള്ളിൽ ഇസ്ലാമിനെ പിന്തുണച്ചുകൊണ്ടും സഹായിച്ചുകൊണ്ടും ആ മഹാത്മാവ് ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളതുപോലെ മറ്റാരുംതന്നെ രചിച്ചിട്ടില്ലെന്ന്! നാം പറഞ്ഞതുപോലെ അങ്ങനെ ആർക്കും എഴുതാനും കഴിയുമായിരുന്നില്ല. കാരണം ഈ സ്ഥാനവും പദവിയും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും ഭാഗത്തുനിന്ന് അദ്ദേഹത്തിനു മാത്രമാണ് ലഭിച്ചത്. അല്ലാഹു മുസ്ലിമീങ്ങൾക്ക് ബുദ്ധിയും അറിവും നല്കുമാറാകട്ടെ. അവർ കാലത്തിന്റെ ഇമാമായ മസീഹിലും മഹ്ദിയിലും വിശ്വസിക്കുന്നവരാകട്ടെ. നബി(സ)തിരുമേനിയുടെ അതിശ്രേഷ്ഠവും അത്യുന്നതവുമായ തേജോവിലാസത്തെ സംബന്ധിച്ച് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യുടെ ചില ലിഖിതശകലങ്ങൾ സമർപിക്കുകയാണ്.

### നബി(സ)തിരുമേനിയുടെ മഹത്തായ സ്ഥൈര്യവും ക്ഷമയും

"ആയിരക്കണക്കായ ആപത്തുകളുടെയും എണ്ണമറ്റ ശത്രുക്കളുടെയും ഭീഷണിപ്പെടുത്തുന്ന എതിരാളികളുടെയും മുമ്പിൽ ആദ്യംമുതൽ അവസാനം വരെ നബി(സ)തിരുമേനി തന്റെ പ്രവാചകവാദത്തിൽ ഉറച്ചു നില്ക്കുകയും സ്ഥൈര്യത്തോടെ നിലകൊള്ളുകയും ചെയ്തതിനെക്കുറിച്ച് ഒന്നോർത്തുനോക്കുവിൻ. അത്തരം പ്രയാസങ്ങളും കഷ്ടപ്പാടുകളും ഒന്നിനൊന്ന് ഓരോ ദിവസവും ഏറിക്കൊണ്ടിരുന്നിട്ടും സഹന പരീക്ഷണങ്ങളിലൂടെ കൊല്ലങ്ങളോളം അവിടന്നു അതിനെ നേരിട്ടുപോന്നു. വിജയത്തെ സംബന്ധിച്ച് നിരാശപ്പെടാൻ അതുമാത്രം മതിയായിരുന്നു. പ്രവാചകവാദം ഉന്നയിച്ചതോടെ മുമ്പു ലഭിച്ചിരുന്ന പിന്തുണയും നഷ്ടപ്പെട്ടു. ഈ ഒരു കാരണത്താൽ ലക്ഷക്കണക്കിന് ആളുകളുടെ വിയോജിപ്പ് അദ്ദേഹത്തിനു സമ്പാദിക്കേണ്ടിവന്നു. എണ്ണമറ്റ വിപത്തുകളെ ആ മഹാത്മാവ് ശിരസ്സിലേറ്റി. സ്വദേശത്തുനിന്നും നിഷ്കാസിതനാക്കപ്പെട്ടു. അദ്ദേഹത്തെ കൊല്ലുവാനായി ഗൂഢാലോചന നടത്തി. അദ്ദേഹത്തിന്റെ വീടും സ്വത്തുക്കളും നശിപ്പിക്കപ്പെട്ടു. വിഷംകൊടുത്തു കൊല്ലുവാൻ പലരും പല തവണ ശ്രമിച്ചുനോക്കി. അദ്ദേഹത്തിന്റെ ശുഭകാംക്ഷികളായിരുന്നവർ അദ്ദേഹത്തെക്കുറിച്ച് ദുഷ്ട വിചാരം പുലർത്തി. സ്നേഹിതന്മാരെല്ലാം ശത്രുക്കളായി മാറി. ഒരു നീണ്ട കാലത്തോളം ആ കഷ്ടപ്പാടുകളെ അദ്ദേഹം ധീരതയോടെ നേരിട്ടുപോന്നു. കപടവാദിയും കറ്റുകെട്ടുകാരനുമായ ഒരാൾക്ക് നേരിടാനാവുന്ന സഹനപരീക്ഷണങ്ങളായിരുന്നില്ല ദീർഘകാലം നീണ്ടുനിന്ന ആ കഷ്ടപ്പാടുകൾ." *(റൂഹാനീ ഖസായിൻ, വാള്യം 1, ഭാ. 108, 109; ബറാഹീനെ അഹ്മദിയ്യ, മുഖവുര, 116,117. ഒന്നാം പതിപ്പ്)*

### ദൈവേച്ഛയിലും ദൈവേഷ്ടത്തിലും അലിഞ്ഞുചേർന്ന നബി(സ)

"നബി(സ)തിരുമേനി ഉന്നതപദവിയിലുള്ള ഒരേയൊരുനിറമുള്ളതും ശുദ്ധഹൃദയനും അല്ലാഹുവിനുവേണ്ടി ജീവനർപിച്ചയാളും സൃഷ്ടികളുടെ ഭയത്തിൽനിന്നും പ്രതീക്ഷയിൽനിന്നും തികച്ചും മുഖം തിരിക്കുന്നയാളും അല്ലാഹുവിൽമാത്രം സർവവും അർപിക്കുന്നയാളുമായിരുന്നു. അതായത് ആ മഹാത്മവ് ദൈവേച്ഛയിലും ദൈവൈഷ്ടത്തിലും അലിഞ്ഞും ലയിച്ചുംകൊണ്ട്, തൗഹീദ് പ്രചരിപ്പിക്കുന്നതുകൊണ്ട് എന്തന്തെല്ലാം ബലാകൾ തലയിലേറ്റി വരുമെന്നും അന്യാരാധകരുടെ കൈയാൽ എന്തന്തെല്ലാം ദുഃഖങ്ങളും വേദനകളും പേറേണ്ടിവരുമെന്നുമുള്ള കാര്യത്തിൽ ലവലേശം ആശങ്കപ്പെട്ടില്ല. പ്രത്യുത എല്ലാ കടുത്ത ക്രൂരതകളേയും കഷ്ടങ്ങളേയും പ്രയാസങ്ങളേയും തന്റെ ആത്മാവിൽ അംഗീകരിച്ചുകൊണ്ട് തന്റെ യജമാനെന്റെ കൽപനകൾ നിറവേറ്റുകയും ആത്മാവിനോടുള്ള പോരാട്ടത്തിനും ധർമോപദേശത്തിനും ബോധവൽക്കരണത്തിനും എന്തന്തെല്ലാം നിബന്ധനകളാണോ ഉള്ളത് അവയെല്ലാം പൂർത്തിയാക്കുകയും ഭയപ്പെടുത്തുന്നവരാരും ഒന്നുമല്ലെന്ന് കരുതുകയും ചെയ്തു. നാം സത്യംസത്യമായും പറയുന്നു:എല്ലാ നബിമാരുടേയും ജീവിതസംഭവങ്ങളിൽ ഇത്തരം അപകടങ്ങൾ നിറഞ്ഞതും അല്ലാഹുവിൽ സർവവും സമർപണം

ചെയ്ത് പരസ്യമായി ബിംബാരാധനയേയും സൃഷ്ടിപൂജയേയും വിലക്കിയതുമായി ആരുംതന്നെയില്ല. ഇത്രമാത്രം ശത്രുക്കളുണ്ടായിട്ടും അവർക്കെതിരിൽ ഉറച്ചും സ്ഥൈര്യത്തോടെയും നിന്ന ഒരാളുമില്ല."*(ബറാഹീനെ അഹ്‌മദിയ്യ ഭാഗം 2, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 111)*

**ലോകത്തിന്റെ ഏറ്റവും വലിയ പരിപാലകൻ**

**എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനായ നബിയാണ്.**

"എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനായ നബി ലോകത്തിന്റെ ഏറ്റവും വലിയ പരിപാലകനാണെന്നതാണ് അടിസ്ഥാനപരമായ യാഥാർഥ്യം. അതായത് ഏതൊരാളുടെ കൈയാൽ ലോകത്തിലെ ഏറ്റവും വലിയ കുഴപ്പം ശുദ്ധീകരിക്കപ്പെടുകയും ഏതൊരാൾ ലോകത്തുനിന്ന് അപ്രത്യക്ഷമായ തൗഹീദ് വീണ്ടും ഭൂമിയിൽ സ്ഥാപിക്കുകയും ചെയ്തുവോ അയാൾതന്നെ! അദ്ദേഹം എല്ലാ വ്യർഥമായ മതങ്ങളേയും തെളിവുകൾകൊണ്ടും പ്രമാണങ്ങൾകൊണ്ടും പരാജയപ്പെടുത്തി വഴികേടിന്റെ എല്ലാ സംശയങ്ങളും വിപാടനം ചെയ്തു. അദ്ദേഹം ഓരോ നാസ്തികന്റേയും ദുർബോധനങ്ങളെ ദൂരീകരിക്കുകയും മോക്ഷത്തിന്റെ ചരക്കുകളുടെ സത്യപ്രമാണങ്ങളായ അധ്യാപനങ്ങൾ പുതുതായി നല്കുകയും ചെയ്തു."*(ബറാഹീനെ അഹ്‌മദിയ്യ, ഭാഗം 2, റൂഹാനീ ഖസാഇൻ വാള്യം 1 പേജ് 97, അടിക്കുറിപ്പ് നമ്പർ 6)*

**ദൈവദർശനം**

"ഏതൊരുവന്റെ ആത്മാവിൽ പരമാർഥതത്വമറിയാനുള്ള ജിജ്ഞാസയുണ്ടോ അവൻ ഉണർന്ന് അന്വേഷിച്ചുകൊള്ളട്ടെ. ഞാൻ സത്യമായും പറയുന്നു, ആത്മാവിൽ യഥാർഥമായ ജിജ്ഞാസയും ഹൃദയത്തിൽ സത്യനിഷ്ഠമായ തൃഷ്ണയുമുണ്ടെങ്കിൽ ജനങ്ങൾ പ്രസ്തുത മാർഗമന്വേഷിക്കുകയും തേടിനടക്കുകയും ചെയ്യുന്നതായിരിക്കും. എന്നാൽ, ഈ മാർഗം തുറന്നുകിട്ടുന്നതെങ്ങനെ? അതിന്റെ തിരശ്ശീല നീങ്ങിക്കിട്ടാനുള്ള ഉപായമെന്ത്? ഇസ്‌ലാം മാത്രമാണ് മുമുക്ഷുക്കൾക്ക് ഈ ആനന്ദപദവി വാഗ്ദാനം ചെയ്യുകയും അതിനെക്കുറിച്ച് ശുഭവാർത്ത നല്കുകയും ചെയ്യുന്നത് എന്നു സത്യാന്വേഷികളെ ഞാൻ തെര്യപ്പെടുത്തിക്കൊള്ളുന്നു. ഇതരമതക്കാരാകട്ടെ ദൈവഭാഷണമാകുന്ന അനുഗ്രഹത്തിന്റെ കവാടം വളരെക്കാലമായി ബന്ധിക്കപ്പെട്ടുപോയിരിക്കുന്നതായി സമ്മതിക്കുകയാണ്. എന്നാൽ, അവർ പറയുന്നതുപോലെ ദൈവം ഈ മാർഗം നിരോധിക്കുകയുണ്ടായിട്ടില്ല. അതിലേക്ക് പ്രവേശനം സിദ്ധിക്കാതെ ശൂന്യഹൃദയരായി ഭവിച്ചവരുടെ നിരാശാജന്യമായ സങ്കല്പം മാത്രമാണത്. നമുക്ക് കണ്ണുകൾ കൂടാതെ കാണുവാനോ കാതുകൾ കൂടാതെകേൾക്കുവാനോ സാധിക്കാത്ത പ്രകാരംതന്നെ വിശുദ്ധ ഖുർആന്റെ സഹായംകൂടാതെ ആ യഥാർഥ പ്രണയിതാവിന്റെ തിരുമുഖം കാൺമാൻ സാധിക്കുന്നതല്ല. ഞാൻ യൗവനദശയെക്കടന്നു ഇതാ വയോധികനായിരിക്കുന്നു. ഈ ദീർഘകാലജീവിതത്തിൽ വിശുദ്ധജ്ഞാനത്തിന്റെ ഉറവിടമായ ഈ മാർഗത്തിലൂടെയല്ലാതെ പരമാർഥജ്ഞാനമാകുന്ന പീയൂഷം പാനം ചെയ്തു തൃപ്തിയടഞ്ഞിട്ടുള്ളവരായി ഞാനാരെയും കാണുകയുണ്ടായില്ല." *(റൂഹാനീ ഖസായിൻ, വാള്യം 10, ഭാ. 442; ഇസ്‌ലാമീ ഉസൂൽ കീ ഫലാസിഫി ഭാ. 122, 129)*

**മുഹമ്മദ് എന്നുപേരുള്ള അറബി പ്രവാചകൻ(സ)**

"ഞാനെപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്നുപേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സലാത്തും സലാമും അവിടത്തെ മേൽ വർഷിക്കപ്പെടട്ടെ!) എത്രമേൽ ഉൽകൃഷ്ടപദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ! അവിടത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോകഷ്ടം! അവിടത്തെ യഥാർഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്തുനിന്നും തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ 'തൗഹീദ്' അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ. അവിടന്നു ദൈവത്തോട് അങ്ങേയറ്റത്തെ സ്നേഹംപുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. മുമ്പുള്ളവരും പിമ്പുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചുകൊടുക്കുകയും ചെയ്തു." *(റൂഹാനീ ഖസായിൻ, വാള്യം 22 ഭാ. 118, 119. ഹഖീഖത്തുൽ വഹ്‌യ്)*

**അറേബ്യൻ മരുഭൂമിയിലെ അത്ഭുതപ്രതിഭാസം**

"ലക്ഷക്കണക്കിനുള്ള മൃതന്മാർ ഏതാനും ദിനങ്ങൾ കൊണ്ടു ജീവനുള്ളവരായി മാറുകയും തലമുറ തലമുറകളായി വഴിപിഴച്ചുപോയവർ ദിവ്യവർണം സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്കയെന്ന അത്ഭുതപ്രതിഭാസം അറേബ്യൻ മരുഭൂമിയിൽ സംഭവിച്ചു. കുരുടന്മാർ കാണുവാൻ തുടങ്ങുകയും ഊമകളുടെ നാവുകളിൽ ദിവ്യജ്ഞാനം പ്രവഹിക്കുകയും ചെയ്തു. മുമ്പൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതുമായ വിപ്ലവമാണ് സംഭവിച്ചത്. ഇതെന്തായിരുന്നുവെന്നു നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ഇതെല്ലാം ഇരുൾമുറ്റിയ രാത്രികളിൽ, അല്ലാഹുവിൽ പൂർണമായും ലയിച്ച ഒരാളുയർത്തിയ ഉള്ളുരുകിയ പ്രാർഥനകളുടെ ഫലമായിരുന്നു. അത് ലോകത്തെ ശബ്ദായമാനമാക്കി. അങ്ങനെ ആ നിരക്ഷരനും നിസ്സഹായനുമായ വ്യക്തിയുടെ കയ്യാൽ തികച്ചും അസാധ്യമായിത്തോന്നിയ ഈ മഹാത്ഭുതം വെളിപ്പെടുമാറായി. ഓ, അല്ലാഹുവേ, മുസ്‌ലിം സമുദായത്തിനുവേണ്ടി അവിടന്നു പ്രകടിപ്പിച്ച ഉത്കണ്ഠയ്ക്കും അനുഭവിച്ച കഷ്ടപ്പാടുകൾക്കും അനുസരിച്ചവിധം അദ്ദേഹത്തിൽ നീ അനുഗ്രഹങ്ങളും സലാമും ഇറക്കുകയും അദ്ദേഹത്തിന്റെ മേൽ നിന്റെ കാരുണ്യത്തിന്റെ ദീപ്തിപ്രകർഷം എന്നുമെന്നും ചൊരിയുകയും ചെയ്യേണമേ!" *(റൂഹാനീ ഖസായിൻ, വാള്യം 6, ഭാ.10,11; ബറക്കാത്തുദ്ദുആ)*

**ആദം സന്തതികൾക്കെല്ലാം ശിപാർശകൻ**

"ആദം സന്തതികളായ സകലർക്കും മുഹമ്മദുമുസ്ത്വഫാ(സ)തിരുമേനിയല്ലാതെ മറ്റൊരു റസൂലും ശഫീഉം(ശിപാർശക്കാരൻ)ഇല്ല. ആകയാൽ ഈ പ്രതാപശാലിയായ നബിയുടെനേരെ നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്തിക്കൊള്ളുവിൻ! അവിടത്തേക്കാൾ ഉപരിയുള്ള മേന്മ മറ്റാരിലും കല്പിക്കരുത്; ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെടുമാറാകുന്നതിനുതന്നെ. മോക്ഷം എന്നത് മരിച്ചശേഷം മാത്രം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊള്ളുവിൻ. മറിച്ച്, യഥാർഥമായ മോക്ഷം ഈ ലോകത്തുവച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദ് നബി(സ)തിരുമേനി ആ ദൈവത്തിന്റെയും മുഴുവൻ സൃഷ്ടിജാലത്തിന്റെയും ഇടയിലുള്ള ശിപാർശക്കാരനാണെന്നും ആകാശത്തിനുകീഴിൽ അവിടത്തേക്ക് സമസ്ഥാനീയനായി മറ്റൊരുനബിയുമില്ലെന്നും ഖുർആനു തുല്യമായിട്ടുള്ള മറ്റൊരു ഗ്രന്ഥവുമില്ലെന്നും എന്നെന്നും ജീവിച്ചിരിക്കുവാൻ അവൻ ആരുടെ കാര്യത്തിലും ഇച്ഛരിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠപ്രവാചകൻ എക്കാലത്തേക്കും ജീവിച്ചിരിക്കുന്ന നബിയാണെന്നും ഉറച്ചു വിശ്വസിക്കുന്നവൻ തന്നെ." *(റൂഹാനീ ഖസായിൻ, വാള്യം 19, ഭാ.13,14, കശ്തിയെ നൂഹ്, ഭാ 15,16)*

**എല്ലാവരേയും നിരുദ്ധകണ്ഠനാക്കിയ പ്രവാചകൻ(സ)**

"നിസ്സഹായനും നിർധനനും ശക്തിഹീനനും നിരക്ഷരനും അനാഥനും ഏകാന്തനുമായ വ്യക്തി, സമ്പത്തും ഐശ്വര്യവും സൈനികശക്തിയും ബുദ്ധിവൈഭവവും ഏറ്റവും തികഞ്ഞുനിന്ന ജനതകൾ വാണുവിലസിയ ഒരു കാലത്ത്, വലിയ വലിയ ജ്ഞാനികളും തത്ത്വചിന്തകന്മാരുമായി ഞെളിഞ്ഞുനടന്നവരെയെല്ലാം ഉത്തരം മുട്ടിക്കുകയും നിരുദ്ധകണ്ഠരാക്കുകയും ചെയ്തു എന്നത് അത്ഭുതാവഹമായ ഒരു കാര്യമല്ലേ? കൂടാതെ നിസ്സഹായതയും ദുർബലതയും ശക്തമായിരുന്നിട്ടുകൂടി, ചക്രവർത്തിമാരുടെ സിംഹാസനങ്ങളെ മറിച്ചിടുകയും ആ സിംഹാനങ്ങളിൽ പാവപ്പെട്ടവരെ കയറ്റിയിരുത്തുകയും ചെയ്യാൻ കഴിഞ്ഞത് ദൈവികമായ പിന്തുണ കൊണ്ടല്ലെങ്കിൽ പിന്നെ എന്തുകൊണ്ടായിരിക്കാം? അപ്രകാരം ദൈവികപിന്തുണകൂടാതെ മുഴുവൻ ലോകത്തെയും ബുദ്ധികൊണ്ടും ജ്ഞാനംകൊണ്ടും ശക്തികൊണ്ടും അധികാരം കൊണ്ടും കീഴ്പ്പെടുത്തുക സാധ്യമാണോ?" *(റൂഹാനീ ഖസായിൻ, വാള്യം 1, ഭാ. 119, ബറാഹീനെ അഹ്‌മദിയ്യ, മുഖവുര ഭാ. 126, ഒന്നാം പതിപ്പ്)*

**എന്റെ നേതാവും യജമാനനും മുഹമ്മദു(സ)**

"ഞാനെന്റെ നേതാവും യജമാനനും പ്രവാചകമകുടമണിയും മനുഷ്യകുലോത്തമനുമായ ഹദ്റത്ത് മുഹമ്മദുമുസ്തഫാ(സ)തിരുമേനിയുടെ കാല്പാടുകളെ പിന്തുടർന്നില്ലായിരുന്നെങ്കിൽ ഈ അനുഗ്രഹങ്ങളൊന്നും എനിക്കു കൈവരിക്കാൻ കഴിയുമായിരുന്നില്ല. ഞാൻ നേടയതത്രയും അവിടത്തെ പിന്തുടർച്ചമൂലം നേടിയവയത്രെ. ആ നബി ശ്രേഷ്ഠനെ പിൻപറ്റാതെ ദൈവപ്രാപ്തി കൈവരിക്കുകയും വിദ്യജ്ഞാനത്തിന്റെ അംശം സമ്പാദിക്കുകയും ചെയ്യുവാൻ ഒരാൾക്കും സാധിക്കുകയില്ലെന്ന് സത്യവും സമ്പൂർണവുമായ ജ്ഞാനംമുഖേന ഞാൻ മനസ്സിലാക്കുന്നു. നബി(സ)തിരുമേനിയെ ആത്മാർഥമായും പരിപൂർണമായും വഴിപ്പെട്ടതിനുശേഷം മറ്റെന്തിനേക്കാളുംമുമ്പേ ഹൃദയത്തിൽ ഉടലെടുക്കുന്നതെന്താണെന്നുകൂടി ഞാൻ ഇവിടെ വിവരിച്ചുകൊള്ളുന്നു. ഓർത്തുകൊൾക! അതു പരിശുദ്ധ ഹൃദയമാകുന്നു. എന്നുവച്ചാൽ,

ശേഷം പേജ് 23ൽ

## ഖുത്ബ ജുമുഅ

## ബനൂനളീർ ഗസ്‌വ അഥവാ യുദ്ധത്തിന്റേയും അതുമുഖേനയുായ ബനൂനളീറിന്റെ നാടുകടത്തലിന്റേയും വിശദമായ വിവരണം.

**ഇസ്‌ലാമിനും നബി(സ)തിരുമേനിക്കുമ്മേൽ യുദ്ധത്തിന്റെയും ആക്രമണത്തിന്റെയും സമരാർജിത സ്വത്ത് സ്വരുക്കൂട്ടുന്നതിന്റെയും മറ്റും ആരോപണം ഉന്നയിക്കുന്നവർ നോക്കേണ്ടതാണ്......അവസാനം നബി(സ)തിരുമേനി അവരെ കീഴ്പ്പെടുത്തിയപ്പോൾ അവർക്ക് എത്രയും കഠിനമായ ശിക്ഷ നൽകാമായിരുന്നു. എന്നാൽ, നബി(സ)തിരുമേനിയുടെ സമാധാന പ്രിയവും രഞ്ജിപ്പും മനുഷ്യകുലത്തോടുള്ള കാരുണ്യത്തിന്റെയും വാത്സല്യത്തിന്റെയും അത്ഭുതാവഹമായ പ്രതാപവും ഉന്നത സ്വഭാവവുമാണ് വെളിപ്പെട്ടത്. നബി(സ)തിരുമേനി അവർക്ക് സമാധാന പൂർവം പോകാനുള്ള അനുമതി നൽകുകയുണ്ടായി. കാരുണ്യത്തിന്റെ അവസ്ഥ നോക്കുക, ആയുധക്കോപ്പുകളൊഴികെ സാധ്യമായ സാധനങ്ങളൊക്കെ കൊണ്ടുപോകാനുള്ള അനുമതിയും നൽകി.**

**പാക്കിസ്താനിലെ അഹ്മദികൾക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. ലോകത്ത് മുസ്‌ലിമീങ്ങളുടെ പൊതുവായ അവസ്ഥയ്ക്കു വേണ്ടിയും ദുആ ചെയ്യുക.**

**ലോകത്ത് പൊതുവെ യുദ്ധസമാനമായ സാഹചര്യമുണ്ടാകുന്നു. അക്കാര്യത്തിലും ദുആ ചെയ്യുക. ഈ യുദ്ധമെന്തായാലും ഉണ്ടാകുമെന്ന നിലയിലേക്കാണ് പോകുന്നത്. അല്ലാഹു എല്ലാ അഹ്മദികളേയും എല്ലാ നിരപരാധികളേയും സകല ദ്രോഹത്തിൽനിന്നും സംരക്ഷിക്കുമാറാകട്ടെ.**

**ഖുത്ബ ജുമുഅ 2024 ജൂൺ 28, 1403 ഇഹ്സാൻ 28**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَ اَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○
اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ اَلرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ نَعْبُدُ وَ اِیَّاکَ نَسْتَعِیْنُ ○
اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ ۙ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَ لَا الضَّآلِّیْنَ ○

ബനൂനളീറുമായുള്ള യുദ്ധത്തെ സംബന്ധിച്ചാണ് പറഞ്ഞു വന്നിരുന്നത്. അതിന്റെ കൂടുതൽ വിശദീകരണം ഇപ്രകാരമാകുന്നു. ഇതേക്കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ)സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു:

"നബി(സ)തിരുമേനി ബനൂനളീറിന്റെ കോട്ടകൾ ലക്ഷ്യമാക്കി പുറപ്പെട്ടപ്പോൾ മദീന വാസികൾക്ക് ഇമാമുസ്സ്വലാത്തായി ഇബ്നു മക്തൂമിനെ നിശ്ചയിക്കുകയുണ്ടായി. നബി(സ)തിരുമേനി സ്വഹാബാക്കളുടെ ഒരു സംഘവുമായി പുറപ്പെടുകയും ബനൂനളീറിന്റെ പ്രദേശത്തെ ഉപരോധിക്കുകയും ചെയ്തു. ബനൂനളീർ അന്നത്തെ യുദ്ധരീതിയനുസരിച്ച് വീട്ടുതടങ്കലിലാകുകയും ചെയ്തു. ഏറെക്കുറെ ഇതേ അവസരത്തിലാണ് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലും മദീനയിലെ മറ്റു മുനാഫിഖീങ്ങളും അഥവാ കപടവിശ്വാസികളും ബനൂനളീറിന്റെ മൂപ്പന്മാരോടു പറഞ്ഞത്: 'നിങ്ങൾ ഒരുകാരണവശാലും മുസ്‌ലിമീങ്ങളോടു സഹകരിക്കരുത്. ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട്.നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യുന്നതുമാണ്. എന്നാൽ, യഥാർഥ യുദ്ധം തുടങ്ങിയപ്പോൾ ബനൂനളീറിന്റെ പ്രതീക്ഷകൾ അസ്ഥാനത്തായി. മുനാഫിഖീങ്ങൾക്ക് നബി(സ)യ്ക്കെതിരിൽ രണാങ്കണത്തിൽ വരാൻ ധൈര്യമുണ്ടായില്ല. ബനൂഖുറയ്ളക്കും മുസ്‌ലിമീങ്ങൾക്കെതിരിൽ തുറന്ന നിലയിൽ ബനൂനളീറിനെ സഹായിക്കാൻ ആർജവമുണ്ടായില്ല. അതേസമയം ഇക്കൂട്ടർ മാനസികമായി അവരുടെ അണിയറയിൽ അവരെ സഹായിക്കുകയും ചെയ്തിരുന്നു. അതേപ്പറ്റി മുസ്‌ലിമീങ്ങൾക്ക് അറിവു ലഭിക്കുകയും ചെയ്തിരുന്നു. ഏതായാലും ബനൂനളീർ മുസ്‌ലിമീങ്ങളുമായി തുറന്ന പോരിന് വരികയുണ്ടായില്ല. അവർ വീട്ടുതടങ്കലിൽത്തന്നെ കഴിച്ചുകൂട്ടി. അവരുടെ കോട്ടകൾ അക്കാലത്തിനനുസരിച്ച് വളരെ ശക്തമായിരുന്നു. അതുകൊണ്ട് മുസലിമീങ്ങൾക്ക് തങ്ങളെയൊന്നും ചെയ്യാൻ കഴിയില്ലെന്നും അവസാനം സ്വയം പ്രയാസത്തിലായി മുസ്‌ലിമീങ്ങൾ ഉപരോധം ഉപേക്ഷിക്കുമെന്നും അവർ കരുതി. വാസ്തവത്തിൽ അക്കാലത്തെ അവസ്ഥകൾക്കനുസരിച്ച് അത്തരം കോട്ടകളെ കീഴടക്കുന്നത് തീർച്ചയായും വളരെ ദുഷ്കരവും ബുദ്ധിമുട്ടുള്ളതുമായ കാര്യമായിരുന്നു. ഒരു നീണ്ടകാലത്തെ ഉപരോധം ആവശ്യമായിരുന്നു." *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ), പേജ് 526)*

ഏതായാലും നബി(സ)തിരുമേനി അവിടെയെത്തി ബനൂനളീറിനുള്ള ഉപരോധം തുടരുകയുണ്ടായി. ഈ ഉപരോധം 6 ദിവസം ചില നിവേദനങ്ങൾ പ്രകാരം 15 ദിവസംവരെ നീണ്ടുനിന്നു. ഇതു കൂടാതെ 20, 23 ദിവസമെന്നും നിവേദനങ്ങളിലുണ്ട്. ഉപരോധത്തിനിടയിൽ നബി(സ)തിരുമേനി ഏതാനും മരങ്ങൾ മുറിക്കാനും തീയിടാനും കൽപ്പിച്ചു. യഹൂദികൾ കോട്ടകളിലെ കവാടങ്ങളിലൂടെ അമ്പുകളും കല്ലുകളും (മുസ്‌ലിമീങ്ങൾക്കുനേരെ) എറിഞ്ഞുകൊണ്ടിരുന്നു. മരങ്ങൾ അവർക്ക് പ്രതിരോധം തീർക്കുന്ന രീതിയിലും ഒളിത്താവളമെന്ന നിലയിലുമായിരുന്നു. അതായത് ഈ മരങ്ങൾ ഒളിച്ചിരിക്കാൻ പറ്റിയ സ്ഥലമായിരുന്നു. അതുകൊണ്ട് നബി(സ)തിരുമേനി, അബൂ ലയ്‌ലാ മാസിനിയേയും അബ്ദുല്ലാഹ് ബിൻ സലാമിനേയും പ്രസ്തുത മരങ്ങൾക്ക് തീയിടുന്നതിനുള്ള ഉത്തരവാദിത്വം ഏൽപ്പിച്ചു. ഇതു യുദ്ധപരവും പ്രതിരോധപരവുമായ ആവശ്യത്തിനാണ് ചെയ്തത്. അല്ലാതെ തോട്ടങ്ങൾ നശിപ്പിക്കാൻ വേണ്ടിയായിരുന്നില്ല. കാരണം ഇസ്‌ലാമിന്റെ വീക്ഷണത്തിൽ (ഫലമുള്ള)വൃക്ഷങ്ങൾ മുറിക്കുന്നത് അനുവദനീയമായിരുന്നില്ല. തുടർന്ന് പറയുന്നു: അബൂലയ്‌ലാ മാസിനി അവരുടെ (യഹൂദികളുടെ) അജുവ ഇനത്തിൽപ്പെട്ട ഈന്തപ്പനകൾക്ക് തീയിടുകയുണ്ടായി. അബ്ദുല്ലാഹ് ബിൻ സലാം അജുവയെ കൂടാതെ മറ്റു ഈന്തപ്പനകൾക്കും തീയിട്ടിരുന്നു. എന്നാൽ, നിവേദനങ്ങളിൽ ഏറ്റവും മോശമായ ഇനത്തിൽപ്പെട്ട ഈന്തപ്പനകളാണ് തീയിട്ടതെന്നും പറയുന്നുണ്ട്. അതിന്റെ വിശദീകരണം പിന്നീട് പറയാം. ഏതായാലും ഈ നിവേദനത്തിൽ ഇങ്ങനെയാണ് എഴുതിയിട്ടുള്ളത്. ഹദ്റത്ത് അബൂ ലയ്‌ലാ(റ)പറഞ്ഞു: 'ഈ മരങ്ങൾ അവരുടെ വിലപിടിച്ച സമ്പത്താകുന്നു. അതിന് തീയിട്ടാൽ അവർക്ക് കൂടുതൽ ദുഃഖമുണ്ടാകുന്നതാണ്. അതായത് യഹൂ

ദികൾക്ക് ദുഃഖമുണ്ടാകുന്നതാണ്. കാരണം ഇത് അവരുടെ മൂലധനമാകുന്നു.' ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലാം(റ) പറഞ്ഞു: 'അല്ലാഹു അവരുടെ സമ്പത്ത് നബി(സ)തിരുമേനിയുടെ സമരാർജിത സ്വത്താക്കുന്നതാണ്.' അബ്ദുല്ലാഹ് ബിൻ സലാമിന്റെ ഈ വാക്കുകളിൽനിന്ന് നല്ല ഈന്തപ്പഴങ്ങൾ ഉണ്ടാകുന്ന ഉപയോഗപ്രദമായ മരങ്ങളല്ല മറിച്ച് മറ്റുമരങ്ങൾക്കായിരുന്നു തീയിട്ടതെന്നും വ്യക്തമാകുന്നുണ്ട്. അദ്ദേഹം പറഞ്ഞു: അജുവ(ഇനം ഈന്തപ്പന)ഏറ്റവും നല്ല സമ്പത്താകുന്നു. അത് നബി(സ)തിരുമേനിക്ക് പ്രയോജനപ്പെടുന്നതാണ്. അവരുടെ ഈ മരങ്ങൾക്ക് തീയിടുന്നത് കണ്ടപ്പോൾ യഹൂദി സ്ത്രീകൾ തങ്ങളുടെ വസ്ത്രങ്ങൾ വലിച്ചു കീറാനും മുഖത്തടിക്കാനും അലമുറയിടാനും തുടങ്ങി.

തുടർന്ന് യഹൂദികൾ ഉടൻതന്നെ ഇങ്ങനെ സന്ദേശമയച്ചു: 'അല്ലയോ മുഹമ്മദേ! താങ്കൾ വലിയ അന്തസ്സും ആഭിജാത്യവുമുള്ള ആളും കലാപങ്ങളെ വിരോധിക്കുന്ന വ്യക്തിയും കലാപങ്ങളെ ഒരു നിലയ്ക്കും ഇഷ്ടപ്പെടാത്ത വ്യക്തിയുമാകുന്നു. ഇപ്പോൾ താങ്കൾ ത്തന്നെയാണല്ലോ ഇതെല്ലാം ചെയ്യുന്നത്.'

നേരത്തെ പറഞ്ഞതുപോലെ വാസ്തവത്തിൽ ഈ മരങ്ങൾ അവർക്ക് ഒളിത്താവളമെന്ന നിലയ്ക്ക് പ്രതിരോധത്തിന് പ്രയോജനപ്പെടുകയായിരുന്നു. അതുകൊണ്ട് അവരുടെ ഈ പ്രതിരോധത്തെ തകർക്കേണ്ടതും ആവശ്യമായിരുന്നു. അതിലുള്ള ഒരു യുക്തി എന്തെന്നാൽ, കഴിവതും വേഗം ഈ ശക്തി ക്ഷയിപ്പിച്ചുകൊണ്ട് കൂടുതൽ കൊലകൾ ഇല്ലാതാക്കേണ്ടിയിരുന്നു. അല്ലാഹുവിന്റെ പ്രത്യേക കൽപ്പന പ്രകാരമാണ് നബി(സ)തിരുമേനി മരങ്ങൾക്ക് തീയിടാനുള്ള കൽപ്പന നൽകിയതെന്ന് മനസ്സിലാകുന്നുണ്ട്. യഹൂദികളുടെ ആക്ഷേപത്തിന് മറുപടി നൽകിക്കൊണ്ട് അല്ലാഹു പറയുന്നു:

***മാ ഖത്വഅ്ത്തുമ്മിൻ ലീനത്തിൻ അവ്തറക്തുമൂഹാ ഖാഇമത്തൻ അലാ ഉസ്വൂലിഹാ ഫബിഇദ്നില്ലാഹി വലിയുഖ്സിയൽഫാസിഖീൻ.*** (59:6)

നിങ്ങൾ വല്ല ഈന്തപ്പനയും മുറിച്ചുകളയുകയോ അല്ലെങ്കിൽ അവയുടെ മുരടുകളിൽ അവയെ നിൽക്കാൻ വിടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് അല്ലഹുവിന്റെ അനുമതിയനുസരിച്ചും അതിക്രമകാരികളെ നിന്ദ്യരാക്കിത്തീർക്കാനും വേണ്ടിയാണ്.

ചില നിവേദനങ്ങളിൽ പറയുന്നു: നബി(സ) തിരുമേനി ഉപരോധം ചെയ്യുമ്പോൾത്തന്നെ യഹൂദികൾക്ക് ഒരിക്കൽക്കൂടി മാപ്പു കൊടുക്കാനുള്ള സൂചന നൽകിക്കൊണ്ട് പുതിയ നിലയിൽ ഉടമ്പടി ചെയ്യാനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. അങ്ങനെ യഹൂദികളോടു പറഞ്ഞു: ***ഇന്നക്കും വല്ലാഹി ലാതഅ്മനൂന ഇൻദീ ഇല്ലാ ബി അഹ്ദിൻ തുആഹിദൂനീ അലയ്ഹി***

നിങ്ങൾ പുതുതായി ഉടമ്പടി ചെയ്യാത്തിടത്തോളം എനിക്ക് നിങ്ങളിൽ ഒരു വിശ്വാസവുമില്ല. പക്ഷേ, അവർ ഉടമ്പടിക്ക് തയ്യാറായില്ല. യഹൂദികൾ സമ്പത്തിന് ഏറ്റവുമധികം അത്യാഗ്രഹമുള്ളവരാണ്. അവരുടെ വിലപിടിപ്പുള്ള മരങ്ങൾക്ക് തീയിട്ടപ്പോൾ അവർ ഉടൻതന്നെ മുട്ടുമടക്കി പ്രസ്തുത സ്ഥലം കാലിയാക്കാൻ തയ്യാറായി. *(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 7, പേജ് 183 -185, ബസം ഇഖ്ബാൽ ലാഹോർ 2022).* ഒരു നബി ചരിത്രത്തിന്റെ ഉദ്ധരണിയാണ് ഞാൻ പറഞ്ഞത്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ)യുടെ നബിചരിത്രത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ഇനി പറയാം. അദ്ദേഹം എഴുതുന്നു: 'ദിവസങ്ങളോളം മുസ്‌ലിമീങ്ങൾ ഉപരോധം തുടരുകയുണ്ടായി. പക്ഷേ, ഒരു ഫലവുമുണ്ടായില്ല. ബനൂനളീർ പതിവുപോലെ എതിർക്കാൻതന്നെ ശഠിച്ചുനിന്നു. അപ്പോൾ നബി(സ)തിരുമേനി ബനൂനളീറിന്റെ കോട്ടയ്ക്കു പുറത്തുള്ള ചില ഈന്തപ്പനകൾ മുറിക്കാൻ കൽപ്പന നൽകി. ഈ മുറിച്ചു മാറ്റിയ ഈന്തപ്പനകൾ ലീന എന്ന ഇനത്തിൽപ്പെട്ടതായിരുന്നു. അതുവളരെ താഴ്ന്ന ഇനത്തിലുള്ള ഈന്തപ്പഴമായിരുന്നു, അത് പൊതുവിൽ മനുഷ്യൻ തിന്നാൻ ഉപയോഗിക്കാറില്ല. ഈ കൽപ്പനയുടെ ഉദ്ദേശ്യം, പ്രസ്തുത മരങ്ങൾ മുറിക്കുന്നതു കാണുമ്പോൾ ബനൂനളീർ കീഴടങ്ങി തങ്ങളുടെ കോട്ടയുടെ കവാടങ്ങൾ തുറക്കണമെന്നും അങ്ങനെ ഏതാനും മരങ്ങൾക്കുണ്ടാകുന്ന നഷ്ടം കൊണ്ട് നിരവധി മനുഷ്യജീവനുകൾ നഷ്ടപ്പെടാതിരിക്കണമെന്നും നാട്ടിൽ അക്രമവും കലാപവും ഇല്ലാതാക്കണമെന്നതുമായിരുന്നു. അങ്ങനെ ഈ ഉപായം പ്രയോജനപ്പെട്ടു. ഏതാനും മരങ്ങൾ വെട്ടിയപ്പോൾത്തന്നെ മുസ്‌ലിമീങ്ങൾ തങ്ങളുടെ ഫലദായകമായ മുഴുവൻ മരങ്ങളും വെട്ടാതിരിക്കട്ടെ എന്ന ചിന്തയാൽ വേവലാതിപ്പെടാൻ തുടങ്ങി. വാസ്തവത്തിൽ വിശുദ്ധ ഖുർആന്റെ വിശദീകരണത്തിൽ പറഞ്ഞതുപോലെ ഏതാനും മരങ്ങൾ അതും ലീന ഇനത്തിലെ മരങ്ങൾ വെട്ടുന്നതിനു മാത്രമാണ് അനുമതി നൽകിയത്. മറ്റു മരങ്ങൾ സംരക്ഷിക്കാൻ കൽപ്പന നൽകുകയും ചെയ്തിരുന്നു. മാത്രമല്ല സാധാരണ ഗതിയിൽപോലും മുസ്‌ലിമീങ്ങൾക്ക് ശത്രുക്കളുടെ മരങ്ങൾ വെട്ടാൻ അനുമതി ഉണ്ടായിരുന്നില്ല. ഏതായാലും മേൽപ്പറഞ്ഞ ഉപായം ഉപകാരപ്പെട്ടു. 15 ദിവസത്തെ ഉപരോധത്തിനു ശേഷം ബനൂനളീർ തങ്ങൾക്കു സാധനസാമഗ്രികളുമായി പോകാൻ അനുമതി നലകണമെന്ന നിബന്ധനയിൽ കോട്ടയുടെ കവാടങ്ങൾ തുറക്കുകയുണ്ടായി. ഈ നിബന്ധന നേരത്തെ നബി(സ) തിരുമേനിതന്നെ അവർക്കുമുന്നിൽ വെച്ചതായിരുന്നു. നബി(സ)തിരുമേനിയുടെ ഉദ്ദേശ്യം സമാധാന സംസ്ഥാപനമായിരുന്നു. മാത്രമല്ല നബി(സ)തിരുമേനി മുസ്‌ലിമീങ്ങൾക്കുണ്ടാകുന്ന പ്രയാസത്തെയും ഈ യുദ്ധനീക്കത്തിലുണ്ടായ ചെലവുകളെയും അവഗണിച്ചുകൊണ്ട് ബനൂനളീറിന്റെ നിബന്ധകളെ അംഗീകരിക്കുകയാണ് ചെയ്തത്. ബനൂനളീറിനെ സുരക്ഷിതമായി മദീനയിൽനിന്ന് പോകുന്നതിന് തന്റെ മേൽനോട്ടത്തിൽ സാഹചര്യമൊരുക്കാൻ ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയെ ചുമതലപ്പെടുത്തുകയും ചെയ്തു." *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ), പേജ് 526-52)*

ഉന്നതമായ ഇനത്തിൽപ്പെട്ട ഈന്തപ്പനകൾ മുറിച്ചിരുന്നില്ലെന്ന് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതിയതുപോലെ ബുഖാരിയുടെ ഒരു വ്യാഖ്യാനത്തിലും എഴുതിയിട്ടുണ്ട്. ഈ നിവേദനത്തിന്റെ വിശദീകരണത്തിൽ പറയുന്നു: തീയിട്ട ഈന്തപ്പനകൾ ഉന്നത ഇനത്തിൽപ്പെട്ടതായിരുന്നില്ല. പ്രത്യുത പൊതുവേ ജനങ്ങളുടെ ഭക്ഷണത്തിന് യോഗ്യമല്ലാത്ത മോശം ഗണത്തിൽ പെട്ടവയായിരുന്നു. *(നിഅ്മത്തുൽബാരീ ഫീ ശറഹി സ്വഹീഹുൽബുഖാരി വാള്യം 7, പേജ് 343, ഹദീഥ് 4031, പ്രസാധനം റൂമീ പബ്ലിക്കേഷൻസ് ലാഹോർ).* അതും സീറത്ത് ഖാത്തമുന്നബിയ്യീനിൽ പറഞ്ഞതുപോലെ 6 വൃക്ഷം മാത്രമാണ് കത്തിച്ചത്.

യഹൂദികളുടെ നിസ്സഹായാവസ്ഥയേയും അവർ സ്വയം നാടുവിടാൻ അപേക്ഷിച്ചതിനെയും സംബന്ധിച്ച വിശദീകരണങ്ങൾ ഇപ്രകാരമാകുന്നു: ഈ ഗോത്രത്തിന്റെ വൃക്ഷങ്ങൾക്ക് തീയിട്ടുകൊണ്ട് അവരെ കൂടുതൽ അങ്കലാപ്പിലാക്കുകയുണ്ടായി. അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയമുളവാക്കുകയും അവരുടെ ആത്മവിശ്വാസം നഷ്ടപ്പെടുകയും അവർ ആയുധം താഴെവെക്കാൻ നിർബന്ധിതരാകുകയും ചെയ്തു. തങ്ങൾ മദീനയിൽനിന്ന് പോകാൻ തയ്യാറാണെന്നും സമാധാനപൂർവം നാടുവിടാൻ അനുവദിക്കണമെന്നും പറഞ്ഞ് അവർ നബി(സ)തിരുമേനിക്ക് സന്ദേശമയച്ചു. നബി(സ)തിരുമേനി അവരുടെ അപേക്ഷ സ്വീകരിച്ചുകൊണ്ട് പറഞ്ഞു: നിങ്ങൾ മദീന വിട്ടുപോകുകയാണെങ്കിൽ നിങ്ങളുടെ ജീവൻ സുരക്ഷിതമായിരിക്കും. ആയുധങ്ങളൊഴികെ നിങ്ങളുടെ ഒട്ടകങ്ങളിൽ കയറ്റാവുന്നത്രയും സാധനങ്ങൾ നിങ്ങൾക്ക് കൊണ്ടുപോകാവുന്നതുമാണ്. ഇസ്‌ലാമിനും നബി(സ)തിരുമേനിക്കുമേൽ യുദ്ധത്തിന്റെയും ആക്രമണത്തിന്റെയും സമരാർജിത സ്വത്ത് സ്വരുക്കൂട്ടുന്നതിന്റെയും മറ്റും ആരോപണം ഉന്നയിക്കുന്നവർ നബി(സ)തിരുമേനി യഹൂദികൾക്കുമേൽ നിയന്ത്രണം കൈവരിച്ചിരുന്നുവെന്ന കാര്യം മനസ്സിലാക്കണം. മാത്രമല്ല യഹൂദികളും തുടർച്ചയായി കരാർ ലംഘിക്കുകയും അവർ മദീന പ്രവിശ്യയുടെ ഭരണാധിപനായ നബി(സ)തിരുമേനിയെ വധിക്കാൻ പലതവണ നിന്ദാവഹമായ ഗൂഢാലോചനകളും പ്രയത്നങ്ങളും ചെയ്തവരുമായിരുന്നു. അവരിപ്പോൾ ആയുധവുമേന്തി കൃത്യമായ കലാപം നടത്താൻ ഇറങ്ങിത്തിരിക്കുകയും ചെയ്തിരുന്നു. ഈ ഉപരോധത്തിനിടയിലും നബി(സ)തിരുമേനി പുതുതായി ഉടമ്പടി ചെയ്യാനും രഞ്ജിപ്പിലെത്താനും ആവശ്യപ്പെടുകയും ചെയ്തു. അത് അവർ വളരെയെറെ അഹങ്കരിച്ചുകൊണ്ട് തട്ടിമാറ്റുകയാണുണ്ടായത്. ഇപ്പോൾ അവസാനം നബി(സ)തിരുമേനി അവരെ കീഴ്പ്പെടുത്തിയപ്പോൾ അവർക്ക് എത്രയും കഠിനമായ ശിക്ഷ നൽകാമായിരുന്നു. എന്നാൽ, നബി(സ)

തിരുമേനിയുടെ സമാധാന പ്രിയവും രഞ്ജിപ്പും മനുഷ്യകുലത്തോടുള്ള കാരുണ്യത്തിന്റെയും വാത്സല്യത്തിന്റെയും അത്ഭുതാവഹമായ പ്രതാപവും ഉന്നത സ്വഭാവവുമാണ് വെളിപ്പെട്ടത്. നബി(സ)തിരുമേനി അവർക്ക് സമാധാന പൂർവം പോകാനുള്ള അനുമതി നൽകുകയുണ്ടായി. കാരുണ്യത്തിന്റെ അവസ്ഥ നോക്കുക, ആയുധക്കോപ്പുകളൊഴികെ സാധ്യമായ സാധനങ്ങളൊക്കെ കൊണ്ടുപോകാനുള്ള അനുമതിയും നൽകി. തുടർന്നുള്ള വിശദീകരണത്തിൽ യഹൂദികൾ ഈ കാരുണ്യത്തെ പ്രയോജനപ്പെടുത്തിക്കൊണ്ട് തങ്ങളുടെ വീടുകളുടെ കട്ടിളപ്പടികൾ പോലും ഇളക്കിയെടുത്ത് ആറ് ഒട്ടകങ്ങൾക്കുമേൽ കയറ്റുകയുണ്ടായി. അതേ സമയം കൂടെക്കൊണ്ടു പോകാൻ കഴിയാത്ത സാധനങ്ങൾ പൂർണമായും നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ടാണ് അവർ തങ്ങളുടെ സ്വതസിദ്ധമായ സ്വഭാവം വെളിപ്പെടുത്തിയത്. മുസ്‌ലിമീങ്ങൾക്ക് ഉപകാരപ്പെടരുതെന്ന് കരുതിക്കൊണ്ട് തങ്ങളുടെ വീടുകളുടെ മേൽക്കൂരകളും ചുമരുകളും പൊളിക്കുകയും ചെയ്തു. വീടുകളും തകർത്ത ശേഷമാണ് അവർ പോയത്. ബനൂനളീറിനോടു നാടുവിട്ടുപോകാൻ നിബന്ധനകൾ വെച്ചിരുന്നു. ഈ നിബന്ധനകളെ സംബന്ധിച്ച് താഴെപറയുന്ന കാര്യങ്ങൾ ലഭിക്കുന്നുണ്ട്.

ഒന്ന്: ബനൂനളീറിലെ യഹൂദികൾ മദീനക്കു പുറത്ത് എവിടേക്കു വേണമെങ്കിലും പോകാവുന്നതാണ്. ഒന്നാമത്തെ കാര്യം, ബനൂനളീർകാർക്ക് മദീനയെ ഒഴിവാക്കി എവിടെവേണമെങ്കിലും പോകാം. രണ്ട്: തങ്ങളുടെ ഇഷ്ടമനുസരിച്ച് എവിടെ വേണമെങ്കിലും പോകാവുന്നതാണ്. യഹൂദികൾ മദീന വിടുമ്പോൾ തികച്ചും നിരായുധരായിരിക്കണം. മൂന്ന്: ആയുധക്കോപ്പുകളൊഴികെ തങ്ങളുടെ ഒട്ടകങ്ങൾക്കു മേൽ കയറ്റാവുന്നതിന്റെ പരമാവധി സാധന സാമഗ്രികൾ കൊണ്ടുപോകാവുന്നതാണ്. നാല്: യഹൂദികൾ സാധ്യമായത്ര സമ്പത്ത് എടുത്തതിനുശേഷം ബാക്കിയാവുന്ന അവരുടെ സ്ഥാവരജംഗമ സ്വത്തുക്കൾ മുസ്‌ലിമീങ്ങളുടെ അധീനതയിൽ വരുന്നതായിരിക്കും.

നബി(സ)തിരുമേനി നാടുകടത്തലിന്റെ നിബന്ധനകൾ നടപ്പിൽവരുത്തിയപ്പോൾ അബൂറാഫിഅ്, സല്ലാം ബിൻ അബീ ഹുഖയ്ഖ്, ഹുയ്യ ബിൻ അഖ്ത്വബിനോടു പറഞ്ഞു: നിനക്ക് നാശമുണ്ടാവട്ടെ. ഇതിനെക്കാൾ വലിയ മോശമായ പര്യവസാനം വരുന്നതിനുമുമ്പേ നീ ഇസ്‌ലാം സ്വീകരിക്കുക. ഹുയ്യ പറഞ്ഞു: ഇതിനെക്കാൾ വലിയ മോശമായ അവസ്ഥ ഇനി എന്തുണ്ടാകാനാണ്? അബൂ റാഫിഅ് പറഞ്ഞു: നമ്മുടെ കുഞ്ഞുകുട്ടികൾ തടവിലാക്കപ്പെടും. നമ്മുടെ ധൈര്യശാലിയായവർ വധിക്കപ്പെടും. നമ്മുടെ സ്വത്തുവകൾ മുസ്‌ലിമീങ്ങളുടെ കൈകളിലാകും. ഇന്ന് സ്വത്തുവകകൾ ഉപേക്ഷിച്ചുപോയാൽ ജീവൻ രക്ഷിക്കുന്നത് എളുപ്പമാകും. നമ്മളെന്തെങ്കിലും കലഹമുണ്ടാക്കിയാൽ അതിന്റെ പര്യവസാനം കൊലയും തടവുമാകും. ഹുയ്യ ഒന്നു രണ്ടു ദിവസം ചിന്തിച്ചുകൊണ്ടിരുന്നു. യാമീൻ ബിൻ ഉമയ്റും അബൂ സഅ്ദ് ബിൻ വഹ്ബും അയാളുടെ സംഘർഷാവസ്ഥ കണ്ടപ്പോൾ അവരിലൊരാൾ മറ്റെയാളോടു പറഞ്ഞു: ഒരു സംശയവുമില്ല നിനക്കറിയാം മുഹമ്മദ്(സ) അല്ലാഹുവിന്റെ റസൂലാണെന്ന്! നിങ്ങൾ ഏതുകാര്യമാണ് കാത്തിരിക്കുന്നത്? നമുക്കു മുസ്‌ലിമാകാം. ഇങ്ങനെ നമ്മുടെ സ്വത്തും ജീവനും സുരക്ഷിതമായിരിക്കും. അങ്ങനെ അവർ രാത്രിയുടെ അന്ധകാരത്തിൽ കോട്ടകളിൽനിന്ന് പുറപ്പെടുകയും ഇസ്‌ലാമിക സൈന്യത്തിലെ ത്തുകയും ചെയ്തു. അവർ ഇസ്‌ലാം സ്വീകരിച്ച് തങ്ങളുടെ ജീവനും സ്വത്തും സുരക്ഷിതമാക്കി. ഇപ്രകാരം അവർ മുസ്‌ലിമീങ്ങളായി. *(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 55, ദാറുസ്സലാം രിയാള് ഹിജ്റ 1435)*

യാമിൻ ബിൻ ഉമയ്ർ പിന്നീട് വളരെ ആത്മാർഥനായ സ്വഹാബിയായിമാറി. വാസ്തവത്തിൽ ബനൂനളീറിലെ യഹൂദി അംറ് ബിൻ ജഹ്ഹാശ് നബി(സ)തിരുമേനിയെ വധിക്കാൻ പാഴ്‌വേല നടത്തുന്ന സമയത്തു തന്നെ അദ്ദേഹത്തിന്റെയുള്ളിൽ നബി(സ)തിരുമേനിയോടുള്ള സ്നേഹം രൂഢമൂലമായിട്ടുണ്ടായിരുന്നു. ഇസ്‌ലാം സ്വീകരിച്ച ഈ യാമിൻ ബിൻ ജഹ്ഹാശ് എന്ന നവമുസ്‌ലിം തന്നെയാണ് ഒരാൾ മുഖേന തന്റെ പിതൃസഹോദര പുത്രനായ അംറ് ബിൻ ജഹ്ഹാശിനെ കൊല്ലിച്ചത്. നബി(സ)തിരുമേനിക്ക് അദ്ദേഹത്തിന്റെ ആത്മാർഥതയും സ്നേഹവും മനസ്സിലായപ്പോൾ നബി(സ)തിരുമേനി സന്തോഷം പ്രകടിപ്പിക്കുകയുണ്ടായി. *(സുബുലുൽഹുദാ വർറശാദ്, ഭാഗം 4, പേജ് 323, പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)(അൽബദായ വന്നഹായ ഭാഗം 5, പേജ് 538, ദാറുഹിജ്ർ1997)*

ഇത് ചരിത്ര ഗ്രന്ഥത്തിന്റെ ഉദ്ധരണിയാണ്. യഹൂദികളെ നാടുകടത്തിയതിനെ സംബന്ധിച്ച് എഴുതുന്നു: യഹൂദികൾ നാടുകടത്തപ്പെടുമ്പോൾ തങ്ങളുടെ ഒട്ടകങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും പുറമെ ഒട്ടകപ്പുറത്ത് കയറ്റാവുന്നത്ര സാധനസാമഗ്രികളും എടുത്തിരുന്നു. ആയുധങ്ങൾ മാത്രമാണ് ഒഴിവാക്കിയത്. അവരുടെ പക്കൽ മൊത്തം 100 ഒട്ടകങ്ങൾ ഉണ്ടായിരുന്നു. ഓരോരുത്തരും തങ്ങളുടെ വീടുകൾപോലും പൊളിച്ചു അതിന്റെ മരഉരുപ്പടികൾ അതായത് വാതിലുകൾ,ജനലുകൾ മുതലായവയും പൊളിച്ചെടുത്ത് ഒട്ടകത്തിന് പുറത്തേറ്റിയിരുന്നു. ഒരു നിവേദനത്തിൽ പറയുന്നു: അവർ തങ്ങളുടെ വീടുകളുടെ തൂണുകളും മേൽക്കൂരയുംപോലും പൊളിച്ചുകളയുകയുണ്ടായി. കവാടങ്ങളുടെയും വാതിലുകളുടെയും കട്ടിളപ്പടികൾപോലും അഴിച്ചെടുക്കുകയുണ്ടായി. മുസ്‌ലിമീങ്ങളോടുള്ള അസൂയയും കലിപ്പും കാരണം, തങ്ങൾ പോയശേഷം മുസ്‌ലിമീങ്ങൾ അവിടെ താമസിക്കരുതെന്ന ലക്ഷ്യത്തോടെ തങ്ങളുടെ വീടുകളുടെ ചുമരുകൾപോലും അവർ പൊളിക്കുകയുണ്ടായി. *(സീറത്ത് ഹൽബിയ്യ, വാള്യം 2, പേജ് 361, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2008)*

യഹൂദികൾ തങ്ങളുടെ കുട്ടികളെയും സ്ത്രീകളെയും യാത്രയ്ക്കുള്ള ഒട്ടകങ്ങളിൽ യാത്രയാക്കുകയും ബാക്കി സാധനങ്ങൾ ഒട്ടകപ്പുറത്ത് കയറ്റുകയും ചെയ്യുന്നത് തങ്ങൾക്ക് നാടുവിടുന്നതിൽ ഒരുവിധ പ്രയാസമോ ലജ്ജയോ ഇല്ലെന്ന പ്രതീതിയിലായിരുന്നു. വാസ്തവത്തിൽ അവരുടെ നെഞ്ചകം അഗ്നിപർവതംപോലെ ആയിട്ടുണ്ടായിരുന്നു. അവരുടെയുള്ളിൽ രോഷാഗ്നി ആളിക്കത്തുന്നുണ്ടായിരുന്നു. എന്നാൽ, ഒരു പ്രശ്നവുമില്ലെന്ന ഭാവമാണ് അവർ പ്രകടിപ്പിച്ചിരുന്നത്. തങ്ങൾ സന്തോഷപൂർവമാണ് അവിടെനിന്ന് പോകുന്നതെന്ന പ്രതീതി മറ്റുള്ളവർക്കു മുന്നിൽ പ്രകടിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. ഇവർ ആദ്യം ബനൂഹാരിഥ് ബിൻ ഖസ്റജിന്റെ പ്രദേശത്തുകൂടി പോയി ജസ്ർ എന്ന സ്ഥലം താണ്ടി മദീനയുടെ അങ്ങാടിയിലൂടെ പോകുകയാണ് ചെയ്തത്. ജസ്റും മദീനയിലുള്ള ഒരു മാർക്കറ്റാണ്. ഏതായാലും അവർ തങ്ങളുടെ സ്ത്രീകളെ അണിയിച്ചൊരുക്കി പല്ലക്കുകളിലിരുത്തി ഒട്ടകങ്ങളിൽ യാത്രയാക്കുകയും അതോടൊപ്പം പാട്ടും വാദ്യഘോഷങ്ങളും എന്നല്ല അവരുടെ നർത്തികിമാർ നൃത്തനൃത്യങ്ങളിൽ വ്യാപൃതരുമായിരുന്നു. ആളുകൾ തങ്ങളുടെ സമ്പത്തും മുതലുകളുംകണ്ട് അസൂയപ്പെടണമെന്ന ആഗ്രഹത്തിലാണ് അവരതെല്ലാം പ്രദർശിപ്പിച്ചിരുന്നത്. അബൂറാഫിഅ് സ്വർണവും വെള്ളിയും നിറച്ച തുകൽ സഞ്ചി കൂടെക്കൂടെ ഉയർത്തിക്കൊണ്ട്, തങ്ങൾ ഇത് ഇത്തരം അവസ്ഥകളെ നേരിടാനും വിജയം കൈവരിക്കാനും വേണ്ടി കരുതിയതാണെന്ന് പറയുന്നുണ്ടായിരുന്നു. അവർ പോകുന്ന അവസ്ഥ ഇങ്ങനെയായിരുന്നു: അതായത് ഗാനങ്ങൾ ആലപിക്കുകയും പുല്ലാങ്കുഴൽ മീട്ടുകയും വികാരങ്ങൾ വ്രണപ്പെടുത്തുന്ന ഈരടികൾ ചൊല്ലുകയും നൃത്തം വെക്കുകയും ചെയ്തിരുന്നു. എന്നാൽ, നബി(സ)തിരുമേനി അവരുടെ അൽപത്തരത്തെ അവഗണിക്കുകയാണുണ്ടായത്. അതെല്ലാം കണ്ടെങ്കിലും അത് ശ്രദ്ധിക്കുകയുണ്ടായില്ല. അവർക്ക് മറ്റേതെങ്കിലും സമൂഹവുമായിട്ടാണ് ഏറ്റുമുട്ടേണ്ടി വന്നിരുന്നെങ്കിൽ, അവരുടെ ചെയ്തികൾ കാരണം അവർക്ക് നാണം മറയ്ക്കാനുള്ള തുണിപോലും കിട്ടില്ലായിരുന്നു. *(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 7, പേജ് 187, ബസം ഇഖ്ബാൽ ലാഹോർ 2022) (മഖാലാത്തെ മദീന മുനവ്വറ പേജ് 142, എഡിറ്റർ മുഹമ്മദ് ഫയ്ള് അഹ് മദ് ഉവയ്സി, കുതുബു ഖാന ഇമാം അഹ്മദ് രിളാ)*

അവർ ചെയ്തിരുന്ന അവസ്ഥയും അവർ സ്വീകരിച്ച രീതിയുമനുസരിച്ച് ഒന്നും കൊണ്ടുപോകാൻ അനുവദിക്കാതിരിക്കുക എന്ന ശിക്ഷതന്നെയാണ് അവർക്ക് കിട്ടേണ്ടിയിരുന്നത്. എന്നാൽ നബി(സ)തിരുമേനിയുടെ പൊറുമയും കരുണയുമാണ് അവരുടെ ചെയ്തികളെ അവഗണിച്ചത്.

ബനൂനളീറിന്റെ പുതിയ വാസസ്ഥലം എവിടെയായിരുന്നു എന്നതിനെക്കുറിച്ച് എഴുതുന്നു: 'ബനൂനളീറിന് രാജ്യഭ്രഷ്ട് കൽപ്പിച്ചപ്പോൾ മുഴുവൻ അറേബ്യൻ ദ്വീപിൽനിന്നും വിട്ടുപോകേണ്ട കാര്യമില്ലായിരുന്നു. മദീനയിൽനിന്ന് പോകുക മാത്രമേ വേണ്ടിയിരുന്നുള്ളൂ. മദീനയിൽ നിന്ന് മാത്രമാണ് അവരെ പുറത്താക്കിയത്.

അതിനുപുറമേ എവിടെ വേണമെങ്കിലും താമസമാക്കാമായിരുന്നു. അങ്ങനെ അവരിൽ കുറച്ചുപേർ ശാമിലെ അദ്‌രിയാത്തിൽ പോയി. ഭൂരിപക്ഷമാളുകളും ഖയ്ബറിലേക്കാണ് പോയത്. ഖയ്ബർ മദീനയിൽനിന്ന് ഏകദേശം 96 മൈൽ ദൂരെയാണ്. ദ്വീപു പോലുള്ള ഈ പ്രദേശം അറേബ്യയിൽ അഭയം തേടിയെത്തിയ യഹൂദികളുടെ വലിയൊരു കേന്ദ്രമായിരുന്നു. അവിടെ അവരുടെ ആയുധധാരികളായ പതിനായിരം യുദ്ധഭടന്മാരുണ്ടായിരുന്നു. കൂടാതെ അവിടെ യഹൂദികളുടെ നിരവധി കോട്ടകളുമുണ്ടായിരുന്നു. ഈ പ്രദേശം കാർഷികമായും സമ്പന്നമായിരുന്നു. അറേബ്യൻ ഉപദ്വീപിലെ എല്ലാ യഹൂദികളും ബനൂനളീറിന്റെ നേതൃത്വം അംഗീകരിച്ചിരുന്നു. കാരണം അവർ തങ്ങളെ ഹദ്റത്ത് ഹാറൂൺ(അ)ന്റെ വംശാവലിയാണെന്നായിരുന്നു പറഞ്ഞിരുന്നത്. കൂടാതെ ബനൂനളീർ സമ്പന്നരും വളരെ കൂർമ ബുദ്ധിക്ക് ഉടമകളുമായിരുന്നു. അതുകൊണ്ടുതന്നെ ഇവർ ഖയ്ബറിലേക്ക് പോയപ്പോൾ അവിടെ യഹൂദികളുടെ ശക്തിയും ബലവും വർധിക്കുകയുണ്ടായി. അവരിൽ ബനൂനളീറിലെ മൂപ്പന്മാരായ ഹുയ്യ ബിൻ അഖ്ത്വബ്, സല്ലാം ബിൻ അബീ ഹുഖയ്ഖ്, കിനാന ബിൻ റബീഅ് മുതലായവരുണ്ടായിരുന്നു. ഖയ്ബറിലെ യഹൂദികൾ യുദ്ധനിപുണതയിൽ വ്യതിരിക്തരും മേക്കോയ്മയുള്ളവരുമായിരുന്നു. യുദ്ധ സംബന്ധമായി ഖയ്ബറിലെ ആളുകൾ വലിയ നിപുണന്മാരായിരുന്നെങ്കിൽ ബനൂനളീർ യുദ്ധത്തെ അപേക്ഷിച്ച് രാഷ്ട്രതന്ത്രപരമായ ഉൾക്കാഴ്ചയിൽ മുൻപന്തിയിലായിരുന്നു. രാഷ്ട്രതന്ത്രത്തിൽ ബനൂനളീറുകാർ വളരെ സമർഥരായിരുന്നു. ഖയ്ബറിൽ കാൽവെച്ചതും അവർ അതായത് ബനൂനളീർ വളരെ എളുപ്പത്തിൽ തങ്ങളെ ഭരണ നേതൃത്വത്തിൽ പ്രതിഷ്ഠിക്കുകയുണ്ടായി. അതിന്റെ ഫലമായി ഖയ്ബർ മുസ്‌ലിമീങ്ങളെ സംബന്ധിച്ച് ഒരു യുദ്ധകേന്ദ്രമായി മാറുകയും ചെയ്തു. *(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 57-58 ദാറുസ്സലാം രിയാള് ഹിജ്റ 1435)*

ബനൂനളീറിലെ യഹൂദികളോടൊപ്പം അൻസ്വാറിലെ ആളുകളുടെ മക്കൾ പോകുന്നതു സംബന്ധമായും വിവരണമുണ്ട്. ബനൂനളീറിലെ കുറച്ചാളുകൾ ശാമിലെ അദ്‌രിയാത്ത് എന്ന സ്ഥലത്താണ് പോയത്. ഈ യഹൂദികളുടെ കൂട്ടത്തിൽ ചില അൻസാർ മുസ്‌ലിമീങ്ങളുടെ ആൺമക്കളുമുണ്ടായിരുന്നു. അതിനുള്ള കാരണം, ഏതെങ്കിലും അൻസ്വാർ സ്ത്രീയുടെ ആൺമക്കൾ ജീവിച്ചിരിക്കാതായാൽ ഇസ്‌ലാമിനു മുമ്പേ അവരിലുണ്ടായിരുന്ന സമ്പ്രദായം പ്രസ്തുത സ്ത്രീ മകനെ യഹൂദിയാക്കാമെന്ന് നേർച്ച നേരുമായിരുന്നു. അങ്ങനെ പല അൻസ്വാറിന്റേയും ആൺമക്കൾ യഹൂദികളായിട്ടുണ്ടായിരുന്നു. ബനൂനളീറിലെ ആളുകൾ നാടുവിടാൻ തുടങ്ങിയപ്പോൾ ഈ കുട്ടികളുടെ പിതാക്കന്മാർ തങ്ങളുടെ മക്കളെ അവരോടൊപ്പം വിടുകയില്ലെന്നു പറയുകയുണ്ടായി. ആ സന്ദർഭത്തിൽ അല്ലാഹു അവരെ സംബന്ധിച്ച് ***ലാ ഇക്റാഹ ഫിദ്ദീൻ***(2:257) (ദീനിന്റെ കാര്യത്തിൽ ബലാൽക്കാരമില്ല) എന്ന വഹ്‌യ് ഇറക്കിയതായി സീറത്തു ഹൽബിയ്യയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. *(സീറത്ത് ഹൽബിയ്യ വാള്യം 2, പേജ് 362, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2008)*

ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ.(റ)യും ഇതു സംബന്ധമായി എഴുതുന്നു: ബനൂനളീർ വലിയ പ്രതാപത്തോടെ തങ്ങളുടെ എല്ലാ സാധന സാമഗ്രികളും എത്രത്തോളമെന്നാൽ, അവരവരുടെ വീടുകൾപോലും സ്വന്തംകൈകൊണ്ട് പൊളിച്ചുമാറ്റി അതിന്റെ വാതിലുകളും കട്ടളകളും മരഉരുപ്പടികളുമെല്ലാം പിഴുതെടുത്തു കൊണ്ടുപോയി. എഴുതുന്നു: ഇവർ മദീനയിൽനിന്ന് വലിയ ആഘോഷപൂർവം പാട്ടും വാദ്യവുമായി കല്യാണപാർട്ടി പോകുന്നതുപോലെയാണ് പോയത്. അതേസമയം അവരുടെ യുദ്ധസാമഗ്രികളും സ്ഥാവരജംഗമ സ്വത്തുക്കളും അതായത് തോട്ടങ്ങളും മറ്റും മുസ്‌ലിമീങ്ങളുടെ കൈകളിലായി. ഈ സമ്പത്ത് പ്രത്യക്ഷത്തിൽ ഒരുവിധ യുദ്ധവും കൂടാതെ കിട്ടിയതായിരുന്നു. അതുകൊണ്ട് ഇസ്‌ലാമിക ശരീഅത്തനുസരിച്ച് അതിന്റെ വിതരണം പൂർണമായും നബി(സ)തിരുമേനിയുടെ കൈകളിലായിരുന്നു. നബി(സ)തിരുമേനി ഈ സമ്പത്ത് അധികവും ദരിദ്രരായ മുസ്‌ലിമീങ്ങൾക്കിടയിലാണ് വിതരണം ചെയ്തത്. അവരുടെ ഉപജീവനത്തിനുള്ള ഭാരം തുടക്കത്തിലുണ്ടാക്കിയ സാഹോദര്യ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ അൻസ്വാറിന്റെ സമ്പത്തിൽത്തന്നെ തുടർന്നുവരികയായിരുന്നു. അങ്ങനെ നേരിട്ട് അൻസ്വാറും ഈ സമരാർജിത സമ്പത്തിൽ ഭാഗഭാക്കായി.

സ്വഹാബിയായ മുഹമ്മദ് ബിൻ മസ്‌ലമയുടെ മേൽനോട്ടത്തിൽ ബനൂനളീർ മദീനയിൽനിന്ന് പുറത്തുപോകുമ്പോൾ ചില അൻസ്വാർ ചിലരെ അവരോടൊപ്പം പോകുന്നതിൽനിന്ന് തടയാൻ ആഗ്രഹിച്ചിരുന്നു. അവർ വാസ്തവത്തിൽ അൻസ്വാറിന്റെ തന്നെ മക്കളായിരുന്നു. പക്ഷേ, അൻസ്വാർ ചെയ്ത നേർച്ച കാരണം അവർ യഹൂദികളായിട്ടുണ്ടായിരുന്നു. ബനൂനളീർ അവരെ കൂടെ കൊണ്ടുപോകാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ, അൻസ്വാറിന്റെ ഈ ആവശ്യം ഇസ്‌ലാമിക അധ്യാപനമായ ***ലാ ഇക്റാഹ ഫിദ്ദീൻ*** (മതത്തിൽ ബലാൽക്കാരമില്ല)എന്നതിന് നിരക്കാത്തതായതിനാൽ നബി(സ)തിരുമേനി മുസ്‌ലിമീങ്ങൾക്കെതിരിൽ യഹൂദികൾക്ക് അനുകൂലമായി വിധി പ്രസ്താവിക്കുകയുണ്ടായി. തുടർന്ന് പറഞ്ഞു: പോകാനാഗ്രഹിക്കുന്ന ഒരു യഹൂദിയെയും നമ്മൾ തടയുന്നതല്ല. അതേസമയം ബനൂനളീറിലെ രണ്ടാളുകൾ സ്വന്തം ഇഷ്ടപ്രകാരം മുസ്‌ലിമായി മദീനയിൽത്തന്നെ തങ്ങി. നേരത്തെ അതേപ്പറ്റി പറഞ്ഞു കഴിഞ്ഞതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: നബി(സ)തിരുമേനി ബനൂനളീറിനെ സംബന്ധിച്ച് അവർ ശാമിലേക്ക് പോകണമെന്ന് തീരുമാനം പറഞ്ഞിരുന്നു. അതായത് അറേബ്യയിൽ തങ്ങരുത്. പക്ഷേ, എന്നിട്ടും അവരിലെ ചില മൂപ്പന്മാർ അതായത് സല്ലാം ബിൻ അബീ ഹുഖയ്ഖ്, കിനാന ബിൻ റബീഅ്, ഹുയ്യ ബിൻ അഖ്ത്വബ് എന്നിവർ ഹിജാസിനു വടക്കുള്ള യഹൂദികളുടെ കേൾവിപ്പെട്ട നാടായ ഖയ്ബറിൽ പോയി താമസമാക്കി. ഖയ്ബർ വാസികൾ അവരെ നല്ലപോലെ സ്വീകരിക്കുകയും ചെയ്തു. ഇവർ പിന്നീട് മുസ്‌ലിമീങ്ങൾക്കെതിരിൽ ഭയാനകമായ കലാപത്തിനും ശക്തമായ യുദ്ധത്തിനും കാരണമാകുകയും ചെയ്തു." *(സീറത്ത് ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ.(റ), പേജ് 527-528)*

ബനൂനളീറിൽ നിന്ന് ലഭിച്ച സമ്പത്ത് ഫൈമാൽ എന്നാണ് അറിയപ്പെടുന്നത്. അതെങ്ങനെയാണ് വിതരണം ചെയ്തത് എന്നതിനെപ്പറ്റി എഴുതുന്നു:

ബനൂനളീർ ഗോത്രം പോയതിനുശേഷം അവരുടെ ആയുധങ്ങളും തോട്ടങ്ങളും സ്ഥലവും വീടുകളും നബി(സ)തിരുമേനി തന്റെ നിയന്ത്രണത്തിൽ ഏറ്റെടുത്തു. ആയുധങ്ങളിൽ 50 പടത്തൊപ്പികളും 25 പടച്ചട്ടകളും 340 വാളുകളുമുണ്ടായിരുന്നു. ഇത് മുസ്‌ലിമീങ്ങൾക്കു കിട്ടിയ ആദ്യത്തെ ഫൈമാൽ ആയിരുന്നു. കാഫിരീങ്ങളിൽ നിന്ന് യുദ്ധം കൂടാതെ കിട്ടുന്ന സമ്പത്തിനാണ് ഫൈമാൽ എന്ന് പറയുക. അത് സമരാർജിത സ്വത്തുക്കൾപോലെ അഞ്ചിലൊന്ന് മാറ്റിവെക്കുകയല്ല ചെയ്യുക. മറിച്ച് മുഴുവൻ സമ്പത്തും നബി(സ)തിരുമേനിയുടെ അധീനതയിൽ വരുന്നതാണ്. പിന്നെ നബി(സ)യ്ക്ക് തന്റെ ഇഷ്ടപ്രകാരം അത് ചെലവഴിക്കാവുന്നതുമാണ്. ബനൂനളീറുമായി യുദ്ധം ചെയ്യേണ്ട ആവശ്യം തന്നെ വന്നില്ല. മറിച്ച് അല്ലാഹു തന്റെ നബിയുടെ ആദരയുക്തമായ ഭയം അവരുടെ

### • ഹദീഥുന്നബ്‌വി(സ): •

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

*(മുസ്നദ് അഹ്‌മദ് ബിൻ ഹമ്പൽ)*

### • കലാമുൽ ഇമാം •

**'ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."**

*(മൽഫൂദാത്ത് വാള്യം 1, പേജ് 64)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

യുള്ളിൽ ഉണ്ടാക്കി. അങ്ങനെ അല്ലാഹു തന്റെ റസൂലിനെ അവരുടെ സമ്പത്തിന് അവകാശിയാക്കുകയും ചെയ്തു. ഇത്തരം സമ്പത്ത് ഫൈ എന്ന പേരിലാണ് അറിയപ്പെടുന്നത്. മുസ്‌ലിമീങ്ങൾ നന്മയുടെ മാർഗത്തിൽ ചെലവഴിക്കുന്നതിനു വേണ്ടി പ്രസ്തുത മുഴുവൻ സ്വത്തും നബി(സ)തിരുമേനി മുസ്‌ലിമീങ്ങൾക്ക് വീതിച്ചു നൽകുകയുണ്ടായി. ഇത് സംബന്ധിച്ച് അല്ലാഹു പറയുന്നു: ***വമാ അഫാ അല്ലാഹു അലാ റസൂലിഹീ മിൻഹും ഫമാ ഔ ജഫ്‌ത്തും അലയ്ഹി മിൻ ഖയ്‌ലിൻ വലാ രികാബിൻ വ്വലാക്കിന്നല്ലാഹ യുസല്ലിതു റുസുലഹൂ അലാ മൻയ്യശാഉ വല്ലാഹു അലാ കുല്ലിശയ്ഇൻ ഖദീർ***(59:7)

അല്ലാഹു അവരിൽനിന്ന് (പിടിച്ചെടുത്ത്) തന്റെ ദൂതന് എന്തു മുതലുകൾ നല്കിയോ അതിനായി നിങ്ങൾ കുതിരകളേയോ ഒട്ടകങ്ങളേയോ ഓടിച്ചിട്ടില്ല. പക്ഷേ, അല്ലാഹു തന്റെ ദൂതന്മാരെ താനുദ്ദേശിക്കുന്നവരുടെമേൽ അധികാരികളാക്കുന്നു. അല്ലാഹു താനുദ്ദേശിക്കുന്ന എല്ലാ കാര്യത്തിനും പൂർണമായും കഴിവുള്ളവനാകുന്നു. *(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാല്യം 7, പേജ് 189, ബസം ഇഖ്ബാൽ ലാഹോർ 2022)*

ഇവിടെ അൻസ്വാറിന്റെ ആശ്ചര്യാവഹമായ, അസൂയാർഹമായ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മാതൃകയും കാണാൻ കഴിയുന്നുണ്ട്. നബി(സ)തിരുമേനി ഫൈമാൽ വീതം വെക്കുമ്പോൾ ഹദ്റത്ത് ഥാബിത് ബിൻ ഖയ്സ് ശുമാസിനോടു പറഞ്ഞു: എനിക്കു മുന്നിൽ നിങ്ങളുടെ ഗോത്രക്കരെ മുഴുവനും കൊണ്ടുവരൂ. അദ്ദേഹം ചോദിച്ചു: യാ റസൂലല്ലാഹ്! ഖസ്റജ്? നബി(സ)തിരുമേനി പറഞ്ഞു: എല്ലാ അൻസ്വാറിനേയും വിളിക്കൂ. അങ്ങനെ അദ്ദേഹം നബി(സ)തിരുമേനിക്കു മുന്നിൽ ഔസ്, ഖസ്റജ് ഗോത്രക്കാരെ വിളിച്ചുകൂട്ടി. നബി(സ)തിരുമേനി അല്ലാഹുവിന്റെ സ്തുതികീർത്തനത്തിനുശേഷം അൻസ്വാർ, മുഹാജിരീങ്ങളോടു കാണിച്ച സൽപ്പെരുമാറ്റത്തെ പറ്റി പരാമർശിച്ചുകൊണ്ടു അതായത് അൻസ്വാർ മുഹാജിരീങ്ങളോടു കാണിച്ച സൽപ്പെരുമാറ്റത്തെ അനുസ്മരിച്ചശേഷം അൻസ്വാറിനോടു പറഞ്ഞു; ബനൂനളീറിൽ നിന്ന് ലഭ്യമായ ഫൈമാൽ നിങ്ങൾക്കും മുഹാജിരീങ്ങൾക്കുമിടയിൽ വിതരണം ചെയ്യണമെന്നാണ് നിങ്ങളാഗ്രഹിക്കുന്നതെങ്കിൽ മുഹാജിരീങ്ങൾ നിങ്ങളുടെ വീടുകളിൽത്തന്നെ കഴിയുകയും നിങ്ങളുടെ സമ്പത്തിന്റെ ഉടമസ്ഥരായി തുടരുകയും ചെയ്യുന്നതാണ്. ഇനി നിങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ ഞാൻ ഇത് മുഹാജിരീങ്ങളിൽ വിതരണം ചെയ്യുകയാണെങ്കിൽ അവർ നിങ്ങളുടെ വീടുകളിൽനിന്ന് ഒഴിഞ്ഞു പോകുന്നതായിരിക്കും. അതായത് പരസ്പരം ഭാഗിച്ചിട്ടുള്ള സ്വത്തുക്കളും അൻസാറിൽനിന്ന് മുഹാജിരീങ്ങൾ പ്രയോജനമെടുക്കുന്നതും അവസാനിക്കുന്നതായിരിക്കും. കാരണം അവർക്ക് സ്വന്തമായി സ്വത്ത് ഉണ്ടാകുന്നതായിരിക്കും. അപ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയും ഹദ്റത്ത് സഅദ് ബിൻ മുആദും പറഞ്ഞു: ഞങ്ങളുടെ സമ്പത്ത് അവരുടെ പക്കലുള്ളത് അവർ വെച്ചുകൊള്ളട്ടെ. കൂടാതെ ബനൂനളീറിൽനിന്ന് കിട്ടിയ മുഴുവൻ സമ്പത്തും ഞങ്ങളുടെ മുഹാജിർ സഹോദരന്മാർക്കുതന്നെ വിതരണം ചെയ്താലും. ഞങ്ങൾ കൊടുത്തതും അവർ കൈവശംവെച്ചുകൊള്ളട്ടെ, മാത്രമല്ല ബനൂനളീറിൽനിന്ന് കിട്ടിയ ഫൈമാലും അവർക്ക് വിതരണം ചെയ്താലും. മുഹാജിരീൻ എല്ലാ ഭാഗത്തു നിന്നും ***റളീനാ വ സല്ലംനാ യാ റസൂലല്ലാഹ്*** അതായത് അല്ലയോ ദൈവദൂതരേ! ഞങ്ങൾ അതിൽ സന്തുഷ്ടരും അതംഗീകരിക്കുന്നവരുമാണ് എന്ന് പറയുന്ന ശബ്ദം കേൾക്കാനിടയായി.

നബി(സ)തിരുമേനി ഈ ത്യാഗമനോഭാവം കണ്ടപ്പോൾ അതീവ സന്തുഷ്ടനായിക്കൊണ്ട് പറഞ്ഞു: ***അല്ലാഹുമ്മർഹമിൽ അൻസാറ വ അബ്നാഅൽ അൻസ്വാരി*** (അല്ലാഹുവേ, അൻസ്വാറിനും അവരുടെ സന്തതികൾക്കുംമേൽ നീ കരുണ ചൊരിയേണമേ!) നബി(സ)തിരുമേനി ഭൂരിഭാഗം സമ്പത്തും മുഹാജിരീങ്ങൾക്കിടയിൽ വിതരണം ചെയ്തു.

അൻസ്വാറിലെ കഷ്ടപ്പാടുള്ള രണ്ടു സ്വഹാബാക്കളായ ഹദ്റത്ത് സഹ്ൽ ബിൻ ഹുനയ്ഫിനും ഹദ്റത്ത് അബൂദുജാനക്കും ഈ സമ്പത്തിൽനിന്ന് നൽകുകയുണ്ടായി. ഇബ്നു ഉയയ്ന വിവരിക്കുന്നു: ഞാൻ സുഹ്‌രി ഇങ്ങനെ പറയുന്നതായി കേട്ടു: നബി(സ)തിരുമേനി അൻസ്വാറിൽപ്പെട്ട ഹദ്റത്ത് സഹ്ൽ ബിൻ ഹുനയ്ഫിനും ഹദ്റത്ത് അബൂദുജാനക്കും അല്ലാതെ മറ്റൊരു അൻസ്വാറിനും ഒരു പങ്കും നൽകിയില്ല. കാരണം അവരിരുവരും കഷ്ടപ്പാടുള്ളവരായിരുന്നു. അതുകൊണ്ടാണ് അവർക്ക് നൽകിയത്. നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദ് ബിൻ മുആദിന് സല്ലാം ബിൻ അബൂ ഹുഖയ്ഖിന്റെ വാൾ നൽകുകയുണ്ടായി. ഈ വാളിന് വലിയ പ്രശസ്തിയുണ്ടായിരുന്നു.*(സുബുലുൽഹുദാ വർറശാദ്, വാല്യം 6, പേജ് 325, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1993)(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് , വാല്യം 3, പേജ് 247, ദാറു അഹ്‌യാഉത്തുറാഥുൽഅറബി ബെയ്റുത്ത്)*

നബി(സ)തിരുമേനി ബാക്കി വന്ന സമ്പത്ത് ദരിദ്രരായ ആളുകൾക്കിടയിൽ വിതരണം ചെയ്തു. കുറച്ച് തന്റെ അതായത് നബി(സ)തിരുമേനിയുടെ പരിശുദ്ധ സഹധർമിണിമാരുടെ ചെലവിലേക്ക് മാറ്റിവെച്ചു. ഒരു നിവേദനത്തിൽ പറയുന്നു: നബി(സ)തിരുമേനി ബനൂനളീറിന്റെ തോട്ടങ്ങളിൽനിന്ന് ലഭിച്ച ധാന്യത്തിൽനിന്ന് തന്റെ സഹധർമിണിമാർക്കുള്ള ഒരു വർഷത്തേക്കുള്ള ചെലവ് നൽകുകയുണ്ടായി. അതായത് തന്റെ ഭാര്യമാർക്കുള്ള ചെലവ് നൽകുകയും ബാക്കി തുക ജിഹാദിനുള്ള തയ്യാറെടുപ്പിന് നൽകുകയും ചെയ്തു. ദരിദ്രർക്കും അശരണർക്കുമുള്ള സഹായവും ഈ സമ്പത്തിൽനിന്നാണ് ചെയ്തിരുന്നത്. ബനൂനളീറിന് 7 തോട്ടങ്ങളുണ്ടായിരുന്നു. അതിന്റെ മേൽനോട്ടത്തിന് സ്വതന്ത്രനാക്കപ്പെട്ട അടിമയായ ഹദ്റത്ത് അബൂറാഫിഅ്നെ നിയമിക്കുകയുണ്ടായി. അതായത് അദ്ദേഹമായിരുന്നു അവയുടെ മാനേജർ. ഈ തോട്ടങ്ങളുടെ പേര് ഇപ്രകാരമാകുന്നു: മീഥബ്, സ്വാഫിയ, ദലാൽ, ഹുസ്നാ, ബുർഖഃ, അഅ്വാഫ്, മശ്റബ, ഉമ്മു ഇബ്റാഹീം. *(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാല്യം 7, പേജ് 191, ബസം ഇഖ്ബാൽ ലാഹോർ 2022)*

ഏതായാലും ഇവിടെ ബനൂനളീർ ഗസ്‌വ അതായത് യുദ്ധം അവസാനിക്കുകയാണ്. ഇനി ഇൻശാ അല്ലാഹ് മറ്റു ഗസവത്തുകളെ കുറിച്ച് പരാമർശിക്കുന്നതാണ്.

പാക്കിസ്താനിലെ അഹ്മദികൾക്കു വേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. അവിടെയുള്ള അവസ്ഥകൾ നന്നാകാൻ വേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു അവിടുത്തെ പൊതുവായിട്ടുള്ള സമാധാനാവസ്ഥയും നന്നാക്കുമാറാകട്ടെ. അഹ്മദികളെ തന്റെ സംരക്ഷണയിൽ വെക്കുമാറാകട്ടെ. ലോകത്ത് മുസ്‌ലിമീങ്ങളുടെ പൊതുവായ അവസ്ഥയ്ക്കു വേണ്ടിയും ദുആ ചെയ്യുക. ഇവർക്കും കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചുകൊണ്ട് തങ്ങളുടെ അന്തസ്സും ആഭിജാത്യവും വീണ്ടെടുക്കാൻ കഴിയുമാറാകട്ടെ. ലോകത്ത് പൊതുവെ യുദ്ധസമാനമായ സാഹചര്യമുണ്ടാകുന്നു. അക്കാര്യത്തിലും ദുആ ചെയ്യുക. ഈ യുദ്ധമെന്തായാലും ഉണ്ടാകുമെന്ന നിലയിലേക്കാണ് പോകുന്നത്. അല്ലാഹു എല്ലാ അഹ്മദികളേയും എല്ലാ നിരപരാധികളേയും സകല ദ്രോഹത്തിൽനിന്നും സംരക്ഷിക്കുമാറാകട്ടെ. *(വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി)*

WWW.ALISLAM.ORG

## • അമീറുൽമുഅ്മിനീന്റെ ഉപദേശം •

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

*(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)*

## • കലാമുൽ ഇമാം •

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

*(മൽഫൂദാത്ത് വാല്യം 1, പേജ് 220)*

ത്വാലിബെ ദുആ:
C.K.MUHAMMED SHAREEF & FAMILY
AHMADIYYA JAMA-ATH, VANIYAMBALAM, KERALA

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

ലേഖനം

# സ്വഹാബാക്കളായ ഹദ്റത്ത് ഉഥ്മാന്റേയും(റ) ഹദ്റത്ത് നവാബ് മുഹമ്മദലി ഖാന്റേയും(റ) പുണ്യചരിതം

**മൗലാനാ സയ്നുദ്ദീൻ ഹാമിദ് സാഹിബ്,** നാളിം ദാറുൽഖളാ ഖാദിയാൻ
വിവർത്തനം: **മൗലവി സഫ്‌ർ അഹ്‌മദ്** കോഴിക്കോട്

(2023 ഖാദിയാൻ ജൽസയിൽ ചെയ്ത പ്രസംഗം)

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ أَمَّا بَعْدُ فَأَعُوْذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيْمِ. بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ
مُحَمَّدٌ رَّسُوْلُ اللّٰهِ وَالَّذِيْنَ مَعَهٗ أَشِدَّاءُ عَلَى الْكُفَّارِ رُحَمَاءُ بَيْنَهُمْ تَرَاهُمْ رُكَّعًا سُجَّدًا يَّبْتَغُوْنَ فَضْلًا مِّنَ اللّٰهِ وَرِضْوَانًا
(48:30)

ഈ പരിശുദ്ധ വചനത്തിന്റെ തർജമ ഇപ്രകാരമാണ്:
മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാകുന്നു. അദ്ദേഹത്തിന്റെ കൂടെയുള്ളവർ അവിശ്വാസികൾക്ക് വഴങ്ങാത്തവരും പരസ്പരം കാരുണ്യമുള്ളവരുമാണ്. നമിക്കുന്നവരും സാഷ്ടാംഗം പ്രണമിക്കുന്നവരുമായി നിനക്കവരെ കാണാം. അവർ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും അന്വേഷിച്ചുകൊണ്ടിരിക്കുന്നു.(48:30)

ഞാനീ അനുഗൃഹീത അവസരത്തിൽ നബി(സ)തിരുമേനിയുടെ സ്വഹാബി ഹദ്റത്ത് ഉഥ്മാനേയും(റ), വാഗ്ദത്ത മഹ്ദീ മസീഹിന്റെ സ്വഹാബി ഹദ്റത്ത് നവാബ് മുഹമ്മദലിഖാനേയും(റ) കുറിച്ചാണ് പറയുന്നത്.*(ഇൻശാഅല്ലാഹ്)*

ആദരണീയരായ ശ്രോതാക്കളേ! നബി(സ) തിരുമേനിയുടെ പരിശുദ്ധശക്തിയുടേയും മനോഹരമായ മായ ശിക്ഷണത്തിന്റേയും ഫലമായി ആദരണീയരായ സ്വഹാബാക്കളിലുണ്ടായിട്ടുള്ള അതിമഹത്തായ ആത്മീയവും ഭൗതികവും സാമൂഹികവും സാംസ്കാരികവുമായ പരിവർത്തനത്തെ കുറിച്ച് വാഗ്ദത്ത മഹ്ദിമസീഹ് ഹദ്റത്ത് അഹ്‌മദ്(അ)പറയുന്നു:

**അഹ്‌യയ്ത്ത അംവാത്തൽ ഖുറൂനി ബി ജൽവത്തിൻ**

**മാദാ യുമാഥിലുക്ക ബിഹാദശ്ശാനീ**

നൂറ്റാണ്ടുകളായി നിർജീവമായിക്കിടന്നവരെ ഒരൊറ്റ വെളിപ്പെടൽകൊണ്ട് അങ്ങു പുനരുജ്ജീവിപ്പിച്ചു. ഈ മഹത്ത്വത്തിൽ അങ്ങയോടു സാദൃശ്യം വഹിക്കുന്നതിന് മറ്റാരുണ്ട്?

നബി(സ)തിരുമേനി തന്റെ സ്വഹാബാക്കളെ ആത്മീയാകാശത്തിൽ തിളങ്ങുന്ന നക്ഷത്രങ്ങളായി ഉപമിക്കുന്ന വിധത്തിൽ ശിക്ഷണം നൽകുകയുണ്ടായി.

അസ്ഹാബീ കന്നുജൂമി ബി അയ്യിഹിമുഖ്ത്തദയ്ത്തും ഇഹ്ത്തദയ്ത്തും അതായത് എന്റെ സ്വഹാബാക്കൾ നക്ഷത്രങ്ങളെപ്പോലെയാണ്. അവരിൽ ആരെ നിങ്ങൾ പിൻപറ്റിയാലും സന്മാർഗം പ്രാപിക്കുന്നതായിരിക്കും. സ്വഹാബാക്കളുടെ മഹത്ത്വത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

**ഇന്നസ്സ്വഹാബത്ത കുല്ലഹും കദുക്കാഇ ഖദ് നവ്വറൂ വജ്ഹൽവറാ ബി ളിയാഇ**

സ്വഹാബാക്കളെല്ലാവരും സൂര്യനെപോലെയാണ്. അവർ സൃഷ്ടികളുടെ മുഖം തങ്ങളുടെ പ്രകാശംകൊണ്ട് പ്രശോഭിതമാക്കി.

പ്രിയശ്രോതാക്കളേ! ഈ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളിൽ അതിമഹത്തായ ഒരു നക്ഷത്രമായിരുന്നു സയ്യിദുനാ ഹദ്റത്ത് ഉഥ്മാൻ(റ). അദ്ദേഹം ഖിലാഫത്തെ റാശിദായുടെ മൂന്നാമത്തെ ഖലീഫയാകുകയും ഇസ്‌ലാമിന്റെ ഉന്നമനത്തിനുവേണ്ടി മഹത്തായ പ്രവർത്തനം കാഴ്ചവെക്കുകയും ഇസ്‌ലാമിനും മുസ്‌ലിമീങ്ങൾക്കുംവേണ്ടി രക്തസാക്ഷിയാകുകയും ചെയ്തു.

ഹദ്റത്ത് ഉഥ്മാൻ(റ) ഖുറയ്ശി ഗോത്രമായ ബനൂ ഉമയ്യായിൽ ക്രിസ്ത്വബ്ദം 575-ൽ മക്കയിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് വസ്ത്രവ്യാപാരിയും ധനാഢ്യനുമായിരുന്നു. ചെറുപ്പത്തിൽത്തന്നെ അദ്ദേഹത്തിന്റെ പ്രകൃതം നന്മയിൽ ചാഞ്ഞിരുന്നു. നബി(സ)തിരുമേനി അല്ലാഹുവിന്റെ കൽപ്പന പ്രകാരം പ്രവാചകത്വവാദം പുറപ്പെടുവിച്ചപ്പോൾ ഹദ്റത്ത് ഉഥ്മാന്റെ പ്രായം 34, 35 വയസ്സായിരുന്നു. നബി(സ)തിരുമേനിയുടെ ഉന്നതമായ ധാർമിക ഗുണം കാരണമായി അദ്ദേഹത്തെ വളരെ ഉന്നത വ്യക്തിയായി കരുതിയിരുന്നു. ഹദ്റത്ത് ഉഥ്മാനിന്, ഹദ്റത്ത് അബൂബക്റുമായി സുഹൃത്ബന്ധമുണ്ടായിരുന്നു. നബി(സ) തിരുമേനിയിൽ വിശ്വസിക്കുന്ന കാര്യത്തിൽ ഹദ്റത്ത് അബൂബക്ർ(റ) എല്ലാവരേക്കാളും മുൻകടന്നു. ഈ അവസരത്തിൽ ഹദ്റത്ത് ഉഥ്മാൻ(റ) കച്ചവടത്തിന് ശാമിൽ പോയിരിക്കുകയായിരുന്നു. തിരിച്ചുവന്നപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) തന്റെ മറ്റുള്ള സുഹൃത്തുക്കളോടൊപ്പം ഹദ്റത്ത് ഉഥ്മാനേയും ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അങ്ങനെ ഓരോരുത്തരായി എല്ലാവരും ബയ്അത്തു ചെയ്തു. അവരിൽ ഹദ്റത്ത് ഉഥ്മാനാണ് ആദ്യമായി ബയ്അത്ത് ചെയ്തത്.

നുബുവ്വത്തിന്റെ നാലാം വർഷാരംഭത്തിൽ നബി(സ)തിരുമേനിക്ക് അല്ലാഹു പരസ്യമായി പ്രബോധനം ചെയ്യാനുള്ള അനുവാദം നൽകുകയും വളരെ പെട്ടെന്നുതന്നെ മക്കയുടെ തെരുവീഥികളിൽ ഇസ്‌ലാമിനെക്കുറിച്ചുള്ള ചർച്ചകൾ നടക്കുകയും ചെയ്തു. അതിന്റെ ഫലമായി ഖുറയ്ശികൾ ശക്തമായി എതിർക്കാൻ തുടങ്ങി. മുസ്‌ലിമീങ്ങളായവരെ പിന്തിരിപ്പിക്കാൻ അക്രമം അഴിച്ചുവിട്ടു. ഹദ്റത്ത് ഉഥ്മാന്റെ(റ) പിതൃവ്യൻ ഹകം ബിൻ അബുൽ ആസ് അദ്ദേഹത്തെ ക്രൂരമായി മർദ്ദിക്കുകയും നബി(സ)തിരുമേനിയുടെ അടുത്ത് പോകുന്നതിൽനിന്ന് തടയാൻ അദ്ദേഹത്തിന്റെ കാലിൽ ചങ്ങലയിട്ട് ബന്ധിക്കുകയും ചെയ്തു. അദ്ദേഹം അങ്ങേയറ്റം ക്ഷമിക്കുകയും സഹനം കൈക്കൊള്ളുകയുമാണ് ചെയ്തത്. കുറച്ചു ദിവസങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ പിതൃവ്യൻ ദ്വേഷത്തോടെ വീട്ടിൽനിന്ന് പുറത്താക്കി.

ഹദ്റത്ത് ഉഥ്മാൻ(റ) വളരെ സാത്വികനും ആദരവും സൗന്ദര്യവുമുള്ള ഒരു യുവാവായിരുന്നു. തന്റെ കുടുംബാംഗങ്ങളിൽനിന്ന് അദ്ദേഹത്തെ പുറത്താക്കിയിരുന്നു. അതുകൊണ്ടുതന്നെ നബി(സ) തിരുമേനി തന്റെ മകൾ റുഖിയയുടെ നിക്കാഹ് ഹദ്റത്ത് ഉഥ്മാനുമായി(റ)നടത്തി.

മക്കയിൽ ദിനംപ്രതി ഖുറയ്ശി നേതാക്കന്മാരുടെ ഗൂഢതന്ത്രങ്ങളുടെ ഫലമായി മുസ്‌ലിമീങ്ങൾക്ക് ബുദ്ധിമുട്ടുകൾ വർധിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് ഉഥ്മാനും(റ) അങ്ങേയറ്റം ബുദ്ധിമുട്ടേൽക്കേണ്ടി വന്നു. ഈ അവസ്ഥയിൽ ചില മുസ്‌ലിം സ്ത്രീ-പുരുഷന്മാർക്ക് ഹബ്ശയിലേക്ക് പലായനം ചെയ്യാനുള്ള അനുമതി ലഭിച്ചു. അതിൽ ഹദ്റത്ത് ഉഥ്മാനും(റ) അദ്ദേഹത്തിന്റെ സഹധർമ്മിണി റുഖിയയും(റ) ഉണ്ടായിരുന്നു. അദ്ദേഹം ഹബ്ശയിലേക്ക് പലായനം ചെയ്തപ്പോൾ അദ്ദേഹമായിരുന്നു യാത്രാസംഘത്തിന്റെ അമീർ. ഹബ്ശയിൽ താമസിക്കുന്നതിനിടയിൽ അദ്ദേഹത്തിന് തബ്‌ലീഗ് ചെയ്യാനുള്ള ഭാഗ്യവും കിട്ടി. അങ്ങനെ ഇസ്‌ലാമിന്റെ ആരംഭത്തിൽത്തന്നെ പുറംലോകത്ത് മതപ്രചാരണം നടത്താൻ ഭാഗ്യം സിദ്ധിച്ചവരിൽ ഹദ്റത്ത് ഉഥ്മാനും(റ) ഉൾപ്പെട്ടു.

നബി(സ)തിരുമേനി മക്കയിലെ മുസ്‌ലിമീങ്ങളായ ഓരോ വ്യക്തിയ്ക്കും യഥ്‌രിബ് അഥവാ മദീനയിലേക്ക് ഹിജ്റത്ത് ചെയ്യാനുള്ള അനുമതി നൽകുകയുണ്ടായി. അപ്പോൾ ഹദ്റത്ത് ഉഥ്മാനും(റ) തന്റെ സഹധർമ്മിണി റുഖിയ(റ)യേയും കൂട്ടി മക്കയിൽനിന്ന് മദീനയിലേക്ക് പലായനം ചെയ്തു. മക്കയിൽനിന്ന് മദീനയിലേക്കുള്ള പലായനത്തിനുശേഷം ഹദ്റത്ത് ഉഥ്മാന്റെ(റ) സഹധർമ്മിണി ഹദ്റത്ത് റുഖിയ(റ) വഫാത്തായി. ഹദ്റത്ത് റുഖിയായുടെ വഫാത്തിനുശേഷം നബി(സ) തിരുമേനി തന്റെ മകളായ ഉമ്മു കുൽസൂമിനെ ഹദ്റത്ത് ഉഥ്മാന്(റ) നിക്കാഹ് ചെയ്തുകൊടുത്തു. ഇപ്രകാരം നബി(സ) തിരുമേനിയുടെ രണ്ടു പുത്രിമാരേയും നിക്കാഹ് ചെയ്തതിനുശേഷം ദുന്നൂരയ്ൻ എന്ന സ്ഥാനപ്പേരിൽ പ്രശസ്തനായി.

പ്രിയ ശ്രോതാക്കളേ! അറേബ്യയിൽ പണ്ടുമുതൽക്കേ അടിമസമ്പ്രദായം നിലനിന്നിരുന്നു. ഇസ്‌ലാം അതിനെ നിരോധിക്കുകയും അടിമകളെ മോചിപ്പിക്കുന്നത് ഒരു പുണ്യകർമമായി ഗണിക്കുകയും ചെയ്തു. ഹദ്റത്ത് ഉഥ്മാൻ(റ) ആയിരക്കണക്കിന് അടിമകളെ മോചിപ്പിച്ചുവെന്നും അദ്ദേഹം മോചിപ്പിച്ച അടിമകളെ കാണാത്ത ഒരു തെരുവുമുണ്ടായിരുന്നില്ലെന്നും

നിവേദനങ്ങളിൽ വന്നിരിക്കുന്നു. പിന്നീട് ഈ സൽകർമം നിലനിറുത്താൻവേണ്ടി എല്ലാ ജുമുഅ ദിവസവും ഒരു അടിമയെ മോചിപ്പിക്കണമെന്ന പതിവുണ്ടാക്കി.

ഹദ്റത്ത് ഉഥ്മാന്(റ) അസാധാരണമായ മറ്റു ചില സാമ്പത്തിക സേവനം ചെയ്യാനുള്ള ഭാഗ്യവും സിദ്ധിച്ചിരുന്നു. മദീനയിലേക്ക് പലായനം ചെയ്തതിനുശേഷം മുസ്‌ലിമീങ്ങളിൽ കഠിനമായ ഞെരുക്കത്തിന്റെ കാലഘട്ടമായിരുന്നു. തന്നിമിത്തം അടിസ്ഥാന ആവശ്യങ്ങളിൽപെട്ട ഒരാവശ്യമായിരുന്നു ജലം. ഒരു യഹൂദിയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ശുദ്ധജലമുള്ള ഒരു കിണർ വാങ്ങി മുസ്‌ലിമീങ്ങൾക്ക് വഖ്ഫ് ചെയ്യാൻ ആഹ്വാനമുണ്ടായി. അങ്ങനെ ഹദ്റത്ത് ഉഥ്മാൻ(റ) ആ കിണർ വാങ്ങി മുസ്‌ലിമീങ്ങൾക്ക് വഖ്ഫു ചെയ്തു.

ഹദ്റത്ത് മുഹമ്മദും(സ) ഹദ്റത്ത് ഉഥ്മാനും(റ) ബാക്കി സ്വഹാബാക്കളും മദീനയിൽ വന്നിട്ട് ആറു വർഷം കഴിഞ്ഞു. മക്കാ മുശ്‌രിക്കീങ്ങളുടെ ഭാഗത്തുനിന്ന് ഹജ്ജ് നിരോധിക്കപ്പെട്ടു. ഈയവസ്ഥയിൽ ആയിരത്തിഅഞ്ഞൂറോളം(1500) സ്വഹാബാക്കളോടൊപ്പം താൻ കഅ്ബ ത്വവാഫ് ചെയ്യുന്നതായി ഒരു സ്വപ്നം നബി(സ) തിരുമേനി കണ്ടു. ഈ സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ അവിടന്ന് ആയിരത്തിഅഞ്ഞൂറോളം സ്വഹാബാക്കളുമായി കഅ്ബ ത്വവാഫ് ചെയ്യാൻ പുറപ്പെട്ടു. മക്കയുടെ അടുത്ത് ഹുദയ്ബിയ എന്ന സ്ഥലത്തെത്തിയപ്പോൾ നബി(സ) തിരുമേനി ഖുറയ്ശികളുമായി ചർച്ച നടത്താൻ തീരുമാനിച്ചു. ഈ സന്ധി, 'ഹുദയ്ബിയ സന്ധി' എന്ന പേരിൽ ഇസ്‌ലാമിക ചരിത്രത്തിൽ അറിയപ്പെടുന്നു. ഈ അവസരത്തിൽ നബി(സ) തിരുമേനി ഹദ്റത്ത് ഉഥ്മാനെ(റ) ഇസ്‌ലാമിന്റെ അംബാസിഡറായി നിയമിച്ചുകൊണ്ട് ഖുറയ്ശികളുടെ അടുത്ത് അയച്ചു. ഇസ്‌ലാമിന്റെ അംബാസിഡർ എന്ന നിലയിൽ ഹുദയ്ബിയയിൽ ഹദ്റത്ത് ഉഥ്മാന്റെ സേവനം അദ്ദേഹത്തിന്റെ ജീവിതത്തിലെ വളരെ പ്രാധാന്യമർഹിക്കുന്ന സംഭവമാണ്. അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമായി അതേറ്റവും വലിയ സേവനമായി കരുതപ്പെടുന്നു.

ഹുദയ്ബിയ സന്ധിയുടെ രണ്ടുവർഷത്തിനുശേഷം അല്ലാഹുവിന്റെ വിധി ഈ നിലയിൽ പ്രകടമായി. അതായത് ഹിജറ വർഷം 8-ന് നബി(സ) തിരുമേനി പതിനായിരം സ്വഹാബാക്കളുമായി വിജയശ്രീലാളിതനായി മക്കയിൽ പ്രവേശിച്ചു. അവരിൽ ഹദ്റത്ത് ഉഥ്മാനും(റ) ഉണ്ടായിരുന്നു.

ഇസ്‌ലാം വ്യാപിക്കുകയും മുസ്‌ലിമീങ്ങളുടെ എണ്ണം വർധിക്കുകയും ചെയ്തപ്പോൾ മസ്ജിദുന്നബ്‌വി നമസ്കരിക്കുന്നവർക്ക് തികയാതെ വന്നു. തന്നിമിത്തം നബി(സ) തിരുമേനി അതു വിപുലീകരിക്കാനുള്ള പദ്ധതിയിടുകയും മസ്ജിദിന്റെ അടുത്തുള്ള വീടുകൾ വാങ്ങി മസ്ജിദുമായി ചേർക്കാമെന്ന് സ്വഹാബാക്കളോടു പറയുകയും ചെയ്തു. ഹദ്റത്ത് ഉഥ്മാന്(റ) സാമ്പത്തികമായി നല്ല കഴിവുണ്ടായിരുന്നു. അദ്ദേഹത്തിൽ സാമ്പത്തികത്യാഗം ചെയ്യാനുള്ള ആവേശവും നല്ലവണ്ണമുണ്ടായിരുന്നു. അദ്ദേഹം പെട്ടെന്നുതന്നെ മുപ്പതിനായിരം ദിർഹമോളം സംഘടിപ്പിക്കുകയും മസ്ജിദ് നബ്‌വിയുടെ അടുത്തുള്ള വീടുകളും ഭൂമിയും മറ്റും വിലക്കുവാങ്ങി മസ്ജിദ് നബ്‌വിയോടു അത് ചേർക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ ഈ ത്യാഗത്തേയും ദീനിസേവനത്തേയും ഖിയാമത്തുനാൾവരെയുള്ള തലമുറ ഓർക്കുന്നതായിരിക്കും.

നബി(സ) തിരുമേനി തബൂക് യുദ്ധത്തിന് സാമ്പത്തികത്യാഗം ആവശ്യപ്പെട്ടു. ഈയവസരത്തിൽ ഹദ്റത്ത് ഉഥ്മാൻ(റ) ആയിരം ഒട്ടകം അതിൽ നൂറെണ്ണം ധാന്യങ്ങൾ നിറച്ചതായിരുന്നു, അതുപോലെ നൂറോ അമ്പതോ കുതിരകളും പത്തായിരം ദീനാറും നബി(സ) തിരുമേനിയുടെ മുമ്പിൽ സമർപ്പിച്ചു. സൈന്യത്തിന്റെ മൂന്നിലൊന്നിനു വേണ്ടിയുള്ള എല്ലാവിധ ആവശ്യങ്ങളും നിറവേറ്റി. നബി(സ) തിരുമേനി ഹദ്റത്ത് ഉഥ്മാന്റെ(റ) ഈ അസാധാരണമായ ത്യാഗത്തിൽ അതിയായി സന്തോഷിക്കുകയും ചെയ്തു. ഹദ്റത്ത് ഉഥ്മാനും(റ) നേരിട്ട് ഈ യുദ്ധത്തിൽ പങ്കെടുത്തിരുന്നു.

ഹദ്റത്ത് ഉഥ്മാന് ഇസ്‌ലാമിനുവേണ്ടി ചെയ്യാൻ സാധിച്ച ഏറ്റവും സ്പഷ്ടമായ സേവനം വിശുദ്ധഖുർആൻ എഴുതി രേഖപ്പെടുത്തിയതാണ്. അദ്ദേഹം നബി തിരുമേനിയുടെ കാലത്ത് വഹ്‌യ് അഥവാ വെളിപാട് എഴുത്തുകാരൻ എന്ന നിലയിലും സേവനം ചെയ്തു. ഹദ്റത്ത് ഉഥ്മാന്(റ) വെളിപാട് എഴുതാനും നബി(സ) തിരുമേനിയുടെ നിർദ്ദേശപ്രകാരം ഖുർആനികവചനങ്ങളുടേയും അധ്യായങ്ങളുടേയും ക്രമീകരണത്തിനും സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. മുഴുവൻ ഖുർആൻ അവതരണത്തിനും അവസാന ക്രമീകരണം വരെയും അത് നീണ്ടുനിന്നു.

ഹദ്റത്ത് ഉഥ്മാന്(റ) ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്തു കാലത്ത് അദ്ദേഹത്തിന്റെ സഹായകനായിക്കൊണ്ട് സേവനം ചെയ്യാനുള്ള തൗഫീഖും ലഭിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്തു കാലത്ത് അദ്ദേഹം അങ്ങേയറ്റം വിലപ്പെട്ട അഭിപ്രായങ്ങൾ നൽകാറുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്റിന്റെ വഫാത്തിനുശേഷം ഹദ്റത്ത് ഉമർ(റ) രണ്ടാം ഖലീഫയായി. അദ്ദേഹം ഭരണത്തിന്റെ കെട്ടുറപ്പിനുവേണ്ടി പല ഡിപ്പാർട്ടുമെന്റുകളുമുണ്ടാക്കി. അപ്പോൾ ഹദ്റത്ത് ഉഥ്മാനെ സ്വദഖയുടെ കണക്കെഴുതിവെക്കുന്നിന് നിയമിച്ചു. അദ്ദേഹത്തെ ഖിലാഫത്തിന്റെ അമീൻ എന്നാണ് പറഞ്ഞിരുന്നത്; അതായത് ഖിലാഫത്തിന്റെ വിശ്വസ്തൻ!

ഹിജറ വർഷം 23 ദുൽഹജ്ജ് 23-ന് ഹദ്റത്ത് ഉമർ ഫാറൂഖിനുമേൽ വധശ്രമമുണ്ടായി. ഹദ്റത്ത് ഉമർ(റ) ഖിലാഫത്തിനെ തിരഞ്ഞെടുക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. അതിൽ പ്രഥമരിൽ ഹദ്റത്ത് ഉഥ്മാന്റെ പേരുമുണ്ടായിരുന്നു.

ആക്രമണത്തിനുശേഷം നാലാമത്തെ ദിവസം ഹിജ്റ 23, ദുൽഹജ്ജ് 27-ന് ഹദ്റത്ത് ഉമർ(റ) വഫാത്തായി. അതിന്റെ മൂന്നാം ദിവസം ഭൂരിപക്ഷാഭിപ്രായപ്രകാരം ഹദ്റത്ത് ഉഥ്മാനെ(റ) മൂന്നാം ഖലീഫയായി തിരഞ്ഞെടുത്തു.

ഹദ്റത്ത് ഉമർ(റ) ഏതൊരു ഭരണവ്യവസ്ഥിതിയാണോ വിട്ടുപോയത് അതേ ഭരണവ്യവസ്ഥിതി തന്നെയാണ് ഇദ്ദേഹവും നടപ്പിലാക്കിയത്. അതിൽ പ്രത്യേകിച്ച് മാറ്റമൊന്നും വരുത്തിയില്ല. എന്നിരുന്നാലും പിന്നീട് ആവശ്യങ്ങൾക്കനുസരിച്ച് ചില ഗവർണർമാരെ മാറ്റുകയുണ്ടായി. അദ്ദേഹം മുഴുവൻ ഇസ്‌ലാമിക ലോകത്തും ജുമുഅ നമസ്കരിക്കുന്നതിലേക്ക് പ്രത്യേകം ശ്രദ്ധ ചെലുത്തി. ജുമുഅനമസ്കാരത്തിനുമുമ്പേ രണ്ടാമത്തെ ബാങ്കിന് തുടക്കം കുറിച്ചതും അദ്ദേഹംതന്നെയായിരുന്നു.

ഹദ്റത്ത് ഉഥ്മാന്റെ(റ) ഖിലാഫത്തു കാലഘട്ടത്തിൽ പല പുതിയ ബിൽഡിംഗുകളും നിർമിച്ചു. അതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു. പൊതുജന നന്മയുടെ പ്രവർത്തനങ്ങൾ നടന്നു. പല പബ്ലിക്ക് ബിൽഡിംഗുകളും റോഡുകളും പാലങ്ങളും അതിഥി മന്ദിരങ്ങളും സത്രങ്ങളും സ്ഥാപിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഭരണകാലത്ത് ജയിച്ചടക്കിയ പ്രദേശങ്ങളിൽ സൈനിക താവളം നിർമിച്ചു. അതേപ്രകാരം ദേശീയ മേച്ചിൽ സ്ഥലങ്ങളിലും വർധനയുണ്ടാക്കി. ജനങ്ങൾക്ക് മുമ്പത്തേക്കാൾ കൂടുതൽ സൗകര്യങ്ങൾ ലഭിച്ചു. ഹദ്റത്ത് ഉഥ്മാന്റെ(റ) ഖിലാഫത്തു കാലഘട്ടത്തിൽ പല രാജ്യങ്ങളും ജയിച്ചടക്കുകയും ജനങ്ങൾ കൂട്ടംകൂട്ടമായി ഇസ്‌ലാമിൽ പ്രവേശിക്കുകയും ചെയ്തു. അതിനോടൊപ്പം ഇസ്‌ലാമിക രാജ്യങ്ങളിൽ ഖിലാഫത്തും കേന്ദ്രീകരണവും ഇല്ലാതാക്കുന്നതിനുള്ള നീചമായ പദ്ധതിക്കുകീഴിൽ യമനിൽ താമസിക്കുന്ന അങ്ങേയറ്റത്തെ ദുസ്സ്വഭാവിയായ യഹൂദി അബ്ദുല്ല ബിൻ സബായുടെ നേതൃത്വത്തിൽ ഭയാനകമായ ഫിത്നയും തലപൊക്കി. ഈ കലഹത്താലാണ് അദ്ദേഹത്തിന്റെ(റ) ശഹാദത്തുമുണ്ടായത്.

ശഹാദത്ത് വരിക്കുമ്പോൾ ഹദ്റത്ത് ഉഥ്മാന്റെ(റ) പ്രായം 82 വയസ്സായിരുന്നു. അദ്ദേഹം അങ്ങേയറ്റം മുത്തഖിയും പാപങ്ങൾ വർജ്ജിക്കുന്നയാളും അല്ലാഹുവിൽ അർപ്പണം ചെയ്യുന്നയാളുമായിരുന്നു. മുഴുവൻ സമയവും അദ്ദേഹം ഇസ്‌ലാമിന് സേവനം ചെയ്യുന്നതിനും ആരാധനാനുഷ്ഠാനത്തിലും കഴിച്ചുകൂട്ടി. അദ്ദേഹം നബി(സ) തിരുമേനിക്ക് പ്രത്യേക സ്നേഹമുണ്ടായിരുന്ന സ്വഹാബാക്കളിൽപെട്ടയാളായിരുന്നു. പല പ്രാവശ്യവും നബി(സ) തിരുമേനി തങ്ങളുടെ ജീവിതത്തിൽ അദ്ദേഹത്തോടു തൃപ്തിപ്പെട്ടതായി പ്രകടിപ്പിക്കുകയുണ്ടായി. നബി(സ) തിരുമേനിയുടെ രണ്ട് പുത്രിമാരെ ഒന്നിനുപിറകെ ഒന്നായി അദ്ദേഹം നിക്കാഹ് ചെയ്തു. അത് കാരണമായി അദ്ദേഹത്തിന് ദുന്നൂറയ്ൻ എന്ന സ്ഥാനപ്പേരും ലഭിച്ചു.

ഇസ്‌ലാമിന്റെ ഉന്നതിക്കും വിശുദ്ധഖുർആന്റെ മഹത്ത്വത്തിനും പ്രചാരണത്തിനും ഖിലാഫത്ത് നിലനിറുത്തുന്നതിനുവേണ്ടി തന്റെ ധനവും ജീവനും സമയവും അന്തസ്സും സർവ്വവും അദ്ദേഹം ത്യാഗം ചെയ്തു. വളരെ ആത്മാർഥതയോടുകൂടി അല്ലാഹുവിന്റെ പ്രവൃത്തിയിൽ മുഴുകി. കലഹമുണ്ടായ സന്ദർഭത്തിൽ ശക്തിയും

കഴിവുമുണ്ടായിട്ടും സമാധാനത്തിന്റെ ആ രാജകുമാരൻ അങ്ങേയറ്റത്തെ ക്ഷമയുടെ മാതൃക കാണിച്ചു. വരുംതലമുറ ഖിയാമത്തുന്നാൾവരെ അദ്ദേഹത്തിന്റെ പരിശുദ്ധ മാതൃകയിൽനിന്ന് പാഠമുൾക്കൊള്ളുന്നതാണ്.

### ഹദ്റത്ത് മുബാറക് അലി സാഹിബ്(റ)

പ്രസംഗത്തിന്റെ രണ്ടാം ഭാഗത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബഹുമാന്യനായ സ്വഹാബി ഹദ്റത്ത് മുബാറക് അലി സാഹിബിന്റെ പുണ്യചരിതത്തിന്റെ വെളിച്ചത്തിൽ ചില കാര്യങ്ങൾ പറയുന്നതാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധ കരങ്ങളിൽ ബയ്അത്ത് ചെയ്യുന്നവരുടെ പുണ്യചരിതം വായിക്കുമ്പോൾ നിസ്സംശയം നബി(സ)തിരുമേനിയുടെ മുഴുവൻ സ്വഭാവവും സൽഗുണങ്ങളുമെല്ലാം പദവിക്കനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളിലും കാണുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരിഷ്ഠ സ്വഹാബി ഹദ്റത്ത് നവാബ് മുബാറക് അലി സാഹിബിന്റെ പരിശുദ്ധ ജീവിതത്തിലെ ചില സംഭവങ്ങൾ പറയാം.

പ്രിയ ശ്രോതാക്കളേ! ഹദ്റത്ത് നവാബ് മുഹമ്മദലി ഖാൻ സാഹിബിന്റെ ബന്ധം ഒരു ആദരണീയ കുടുംബമായ ഗോറിയുമായിട്ടാണ്. അദ്ദേഹം മലേർകോട്ട്ലയിലെ നേതാവായിരുന്നു. അദ്ദേഹത്തിന്റെ പൂർവികരായ ശേഖ് സ്വദ്ർ ജഹാൻ സാഹിബ് അല്ലാഹുവിന്റെ വരിഷ്ഠദാസനും സമുദായത്തിന്റെ പഠാനുമായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് നവാബ് ഗുലാം മുഹമ്മദുഖാൻ സാഹിബ് എന്നായിരുന്നു. അദ്ദേഹം 1870 ജനുവരി 1-ാം തിയ്യതി ജനിച്ചു. ഇദ്ദേഹം മുമ്പേയുള്ള സഹോദരന്മാരിൽ മൂന്നാമത്തെയാളായിരുന്നു. ചെറുപ്പകാലത്തുതന്നെ ഇദ്ദേഹത്തിന് മതപരമായ കാര്യത്തിൽ താൽപര്യമുണ്ടായിരുന്നു. നേരിട്ട് ഹദ്റത്ത് മസീഹ് മൗഊദുമായി(അ) ബന്ധപ്പെടുന്നതിനു മുമ്പേതന്നെ ഹദ്റത്ത് നവാബിന്റെ കുടുംബത്തിൽപെട്ട ബഹുമാന്യനായ വ്യക്തിക്ക് ഹദ്റത്ത് മസീഹ് മൗഊദുമായി നല്ല ബന്ധമുണ്ടായിരുന്നു. അവസാനം ആ ബന്ധം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മലേർകോട്ലയിലേക്ക് പോകാനുള്ള കാരണമായി. 1884-ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ യാത്ര ചെയ്തത് ബറാഹീനെ അഹ്മദിയ്യായുടെ പ്രചാരണത്തിൽ ഭാഗഭാക്കായ നവാബ് ഇബ്റാഹീം അലിഖാൻ സാഹിബിന് സുഖമില്ലെന്നറിഞ്ഞ് ദുആ ചെയ്യാനാണ്.

ഹദ്റത്ത് നവാബ് സാഹിബിന്റെ പരിപാലനം തുടക്കത്തിൽത്തന്നെ മതപരമായനിലയിലായിരുന്നു. ചെറുപ്രായത്തിൽത്തന്നെ അദ്ദേഹം തന്റെ ഉസ്താദിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദിനെക്കുറിച്ച് കേട്ടിരുന്നു. മതപരമായ സ്വാധീനം അദ്ദേഹത്തിൽ വളരെ കൂടുതലായിരുന്നു. ആ ദിവസങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരു വാദവുമുണ്ടായിരുന്നില്ല. പതുക്കെപ്പതുക്കെ ഹദ്റത്ത് മസീഹ് മൗഊദിനെ(അ) കുറിച്ചുള്ള സ്മരണ അദ്ദേഹത്തിലെത്തുകയുണ്ടായി. ഹദ്റത്ത് നവാബ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദു(അ)മായി 1899 മുതൽ കത്തിടപാടിന് തുടക്കം കുറിച്ചു. ക്രിസ്ത്വബ്ദം 1890-ൽ തന്റെ 20-ാമത്തെ വയസ്സിൽ നവാബ് മുഹമ്മദലി ഖാൻ സാഹിബ് ഖാദിയാനിൽ ചരിത്രപരമായ യാത്ര നടത്തി. അദ്ദേഹത്തിന്റെ പ്രകൃതത്തിൽ അല്ലാഹു സൗഭാഗ്യം ഇട്ടുകൊടുത്തിരുന്നു. ഈ യാത്ര അദ്ദേഹം സത്യം മനസ്സിലാക്കുന്നതിനുവേണ്ടിയാണ് ചെയ്തത്. കാരണം ഇതുവരെ അദ്ദേഹം അഹ്മദിയ്യത്തിൽ പ്രവേശിച്ചിരുന്നില്ല. അതിനുശേഷം ചില ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭിച്ചതിനെ തുടർന്ന് അദ്ദേഹം താമസിയാതെ ബയ്അത്ത് ചെയ്തുകൊണ്ടുള്ള കത്ത് അയച്ചു. ബയ്അത്ത് രജിസ്റ്ററിൽ അദ്ദേഹത്തിന്റെ ബയ്അത്ത് നമ്പർ 210 ആണ്. ബയ്അത്ത് ചെയ്ത തിയ്യതി 1890 നവംബർ 19 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഇസാലയെ ഔഹാം എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് നവാബ് സാഹിബിനേയും അദ്ദേഹത്തിന്റെ കുടുംബത്തേയും കുറിച്ച് സ്മരിച്ചിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതിയ കത്തുകളിൽ കുറച്ചുകാലം തന്റെ സഹവാസത്തിൽവന്ന് കഴിയാൻ അടിക്കടി ആഹ്വാനം ചെയ്തുകൊണ്ടിരുന്നു. അവിടന്ന് തന്റെ ഒരു കത്തിന്റെ അവസാനം ഇപ്രകാരമെഴുതി: '1892 ഡിസംബർ 27-ലെ ജൽസയിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് ഞാനാഗ്രഹിക്കുന്നു.'

അങ്ങനെ ഹദ്റത്ത് നവാബ് സാഹിബ് ആ ജൽസയിൽ പങ്കെടുത്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശ്രദ്ധയുടേയും ഔദാര്യത്തിന്റേയും ദുആയുടേയും ഫലമായി അല്ലാഹു തന്റെ അനുഗ്രഹത്താൽ നവാബ് സാഹിബിനുവേണ്ടി മുഴുവൻ ബുദ്ധിമുട്ടുകളും എളുപ്പമാക്കുകയും പൂർണ സമ്മതത്തോടുകൂടി ഖാദിയാനിലേക്ക് പലായനം ചെയ്യാനുള്ള തൗഫീഖ് അദ്ദേഹത്തിന് ലഭിക്കുകയും ചെയ്തു. പലായനത്തിനുശേഷം 'അദ്ദാറു'മായി ചേർന്നിട്ടുള്ള രണ്ടു മുറിയിൽ അദ്ദേഹം താമസിക്കാൻ തുടങ്ങി.

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഔദാര്യം ഓരോ നിമിഷവും പ്രകടമായിക്കൊണ്ടിരുന്നു. ഖാദിയാനിൽ വീടു നിർമിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഹദ്റത്ത് നവാബ് സാഹിബിനോടു പലതവണയും പറഞ്ഞിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ വീട്ടിൽ ധാരാളം അനുഗ്രഹം ചൊരിഞ്ഞിരുന്നു. ഹദ്റത്ത നവാബ് സാഹിബിന്റെ ആദ്യത്തെ ഭാര്യയിൽനിന്ന് അദ്ദേഹത്തിന് രണ്ട് പെൺകുട്ടികളാണ് ഉണ്ടായത്:അമത്തുസ്സലാമും (ഇവർ കുറച്ചു മാസത്തിനുശേഷം വഫാത്തായി) രണ്ടാമത്തെ മകൾ ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ ഭാര്യ ഹദ്റത്ത് ബൂസയ്നബ് ബീഗം സാഹിബയും. അവരുടെ ജനനം 1893 മെയ് 19-ാം തിയ്യതിയായിരുന്നു. അവർക്കുശേഷം അല്ലാഹു നാല് ആൺമക്കളേയും നൽകി.

അല്ലാഹുവിന്റെ വിധിയനുസിരച്ച് 1908 ഫെബ്രുവരി 17-ാം തിയ്യതി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൂത്തമകൾ ഹദ്റത്ത് നവാബ് മുബാറക്കാ ബീഗം സാഹിബയുടെ നിക്കാഹ് ഹദ്റത്ത് നവാബ് മുഹമ്മദലിഖാൻ സാഹിബുമായി നടന്നു. നിക്കാഹ് കർമം ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബാണ് നിർവ്വഹിച്ചത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്തായതിനുശേഷം 1909 മാർച്ച് 14-ാംതിയ്യതി ഹദ്റത്ത് നവാബ് മുബാറക്കാ ബീഗം സാഹിബ, തന്റെ വീട്ടിൽനിന്ന് ഹദ്റത്ത് നവാബ് സാഹിബിന്റെ വീട്ടിൽ വന്നു. ഹദ്റത്ത് നവാബ് സാഹിബിന്റെ ആദ്യ ഭാര്യയിലുള്ള ഏക മകൾ ഹദ്റത്ത് നവാബ് ബൂ സയ്നബയുടെ നിക്കാഹ് ഹദ്റത്ത് മസീഹ് മൗഊദിന്റെ കരളിന്റെ കഷണമായ മിർസാ ശരീഫ് അഹ്മദുമായി 1909 മെയ് 9-ാം തിയ്യതി നടന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗൃഹീത ജീവിതകാലത്തുതന്നെ ഈ ബന്ധം ഉറപ്പിച്ചുവെച്ചിരുന്നു. ഹദ്റത്ത് ബൂസയ്നബ് സാഹിബ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ(അയ്യദഹുല്ലാഹ്)പിതാമഹിയാണ്. നവാബ് സാഹിബും ഹദ്റത്ത് നവാബ് മുബാറാക്കാ സാഹിബയുമായി പ്രായത്തിൽ 27 വയസ്സിന്റെ വ്യത്യാസമുണ്ടെങ്കിലും ഹദ്റത്ത് നവാബ് സാഹിബ് ഹദ്റത്ത് നവാബ് മുബാറക്കാ ബീഗം സാഹിബയുടെ ബുദ്ധി, അറിവ്, സ്നേഹം, കൂറ്, സ്വഭാവം എന്നിവയെ എപ്പോഴും വിലമതിച്ചിരുന്നു. പരിശുദ്ധമായ പിതാവിന്റെ അനുഗൃഹീത മകളാണെന്ന് അദ്ദേഹം അറിഞ്ഞിരുന്നു. ഹദ്റത്ത് നവാബ് സാഹിബ് ചെറിയ ചെറിയ കാര്യങ്ങളിൽപോലും ഹദ്റത്ത് ബീഗം സാഹിബയിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കാൻ ശ്രമിച്ചിരുന്നു.

ഒരിക്കൽ നവാബ് മുഹമ്മദലിഖാൻ സാഹിബ് പുതുവർഷത്തിന്റെ കലണ്ടർ ഹദ്റത്ത് ബീഗം സാഹിബക്ക് നൽകിക്കൊണ്ട് അതിൽ എന്തെങ്കിലും പദ്യമെഴുതാൻ ആവശ്യപ്പെട്ടു. ഹദ്റത്ത് ബീഗം സാഹിബ കലണ്ടറിന്റെ മുഖപേജിൽ മുകൾഭാഗത്ത് ഇപ്രകാരം എഴുതി.

**ഫള്ൽ ഖുദാ കാ സായാ ഹംപർ രഹേ ഹമേശ**

**ഹർ ദിൻ ചഢേ മുബാറക് ഹർ ശബ് ബഖയ്ർ ഗുസരെ**

അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ തണൽ എപ്പോഴും നമ്മളിലുണ്ടാകുമാറാകട്ടെ. ഓരോ പകലും അനുഗ്രഹമായി ഉദിക്കുമാറാകട്ടെ. ഓരോ രാത്രിയും നല്ലനിലയിൽ കടന്നുപോവുകയും ചെയ്യട്ടെ.

നവാബ് മുബാറക്കാ ബീഗം സാഹിബ പറയുന്നു: ഹദ്റത്ത് നവാബ് സാഹിബ് എപ്പോഴും പുതുവർഷ കലണ്ടറിന്റെ മുഖപേജിന്റെ തലയ്ക്കൽ ഈ പദ്യശകലം എഴുതുമായിരുന്നു. ഇപ്രകാരം ഹദ്റത്ത് നവാബ് സാഹിബ് അവരോട് പദ്യം ആവശ്യപ്പെടാറുമുണ്ടായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദ്റത്ത് നവാബ് സാഹിബിനോട് അടിക്കടി ഖാദിയാനിൽ വരാനും ഖാദിയാനിൽ വീട് വെക്കാനും പറഞ്ഞുകൊണ്ടിരുന്നു. തന്നിമിത്തം ഹദ്റത്ത് നവാബ് സാഹിബ് പലായനത്തിനു മുമ്പേതന്നെ ദാറുൽമസീഹിന് ചേർന്ന് കിഴക്കുഭാഗത്ത് രണ്ടുമുറി പണിതിരുന്നു. കുറച്ചു വർഷങ്ങൾക്കുശേഷം അതു പൊളിച്ച് ഉറപ്പുള്ള കെട്ടിടമാക്കി. ഇത് അദ്ദാറിന്റെ ഭാഗമാണ്. ഒന്നാം ഖിലാഫത്ത്

കാലത്ത് അക്കാലത്തെ ജനവാസമുള്ള സ്ഥലത്തിനു വെളിയിൽ ഒരു വിശാലമായ സ്ഥലത്ത് കോട്ടിദാറുസ്സലാം പണിയിച്ചു. അതിൽ തോട്ടവുമുണ്ടാക്കി.

വിദേശങ്ങളിൽ ദഅ്‌വത്തെ ഇലല്ലായ്ക്കുവേണ്ടി (മതപ്രചാരണത്തിനുവേണ്ടി) ചില സന്ദേശങ്ങൾ റെക്കാർഡു ചെയ്യുന്നതിനു ഖാദിയാനിൽ വരുമ്പോൾ താങ്കളുടെ ഫോണോഗ്രാഫും കൂടെ കൊണ്ടുവരണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) നവാബ് സാഹിബിന് കത്തെഴുതി. അതുകൊണ്ട് ഹദ്റത്ത് നവാബ് സാഹിബ് ഫോണോഗ്രാഫ് ഖാദിയാനിൽ കൊണ്ടുവന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'ആവാസ് ആ രഹീഹെ യെ ഫോണോഗ്രാഫ് സെ' ഈ ഫോണോഗ്രാഫിൽനിന്ന് ശബ്ദം വന്നുകൊണ്ടിരിക്കുന്നു എന്ന പദ്യവും മറ്റു പദ്യങ്ങളും റെക്കോർഡ് ചെയ്തു. വിദേശത്ത് മതപ്രചാരണം നടത്തുന്നതിന് ഇദ്ദേഹത്തിന്റെ ഫോണോഗ്രാഫിലാണ് ആദ്യമായി റെക്കോർഡ് ചെയ്തത്. അതിനുള്ള ഭാഗ്യം നവാബ് സഹിബിന് ലഭിച്ചു.

ഹദ്റത്ത് നവാബ് സാഹിബ് കാര്യങ്ങൾ തിരിച്ചറിയുന്ന ആത്മാർഥതയുള്ള വ്യക്തിയായിരുന്നു. അല്ലാഹു അദ്ദേഹത്തിന് പവിത്രമായ ഹൃദയവും കാര്യങ്ങൾ തിരിച്ചറിയാനുള്ള കഴിവും നൽകിയിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം ഓരോ കാര്യങ്ങളെക്കുറിച്ചും സ്വയം ഗവേഷണം നടത്തിയിരുന്നു. അദ്ദേഹത്തിന് മതപരമായ ഏകപക്ഷീയതയോ കോപമോ ഒരിക്കലും ഉണ്ടായിരുന്നില്ല. സത്യം സ്വീകരിക്കാൻ എപ്പോഴും തയ്യാറുമായിരുന്നു. മതപരമായ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ലാഹോറിലെ എച്ചിസൻ കോളേജിൽ (Aitchison College) പ്രവേശനം കിട്ടി. ഈ കോളേജ് പഞ്ചാബിലുള്ള ഭരണകർത്താക്കളുടെ മക്കൾക്കുവേണ്ടി നിർമിച്ചതാണ്. സ്ത്രീകളുടെ പരിഷ്കരണത്തിനുവേണ്ടി 'മുസ്ലിഹുൽ ഇഖ്‌വാൻ' എന്ന പേരിൽ ഒരു അഞ്ചുമനും(കമ്മിറ്റി)ഒരു സ്കൂളും സ്ഥാപിച്ചു. അതിന്റെ മുഴുവൻ ചെലവും അദ്ദേഹം സ്വന്തം പോക്കറ്റിൽനിന്നാണ് ചെലവഴിച്ചിരുന്നത്. വിദ്യാഭ്യാസം പൊതുവായി നടപ്പിലാക്കാൻ അദ്ദേഹത്തിന് വളരെ താൽപര്യമായിരുന്നു. മദ്രസ അഹ്മദിയ്യായ്ക്കുവേണ്ടി പല പ്രാവശ്യവും സാമ്പത്തിക സഹായം ചെയ്യുകയും അദ്ദേഹത്തിന്റെതന്നെ അപാരമായ മനഃശ്ശക്തികൊണ്ട് ഖാദിയാനിൽ കോളേജ് സ്ഥാപിതമാകുകയും ചെയ്തു.

അദ്ദേഹത്തിന്റെ പ്രകൃതത്തിൽ ദാനശീലതയുടെ സ്വാഭാവികമായ ആവേശമുണ്ടായിരുന്നു. ജമാഅത്തിലെ ദരിദ്രരായ സഹോദരങ്ങൾ അദ്ദേഹത്തിന്റെ ഉദാരഗുണത്താൽ സംതൃപ്തിയോടെ ജീവിച്ചു. അദ്ദേഹമൊരിക്കലും ദുഃഖിതനോ ചിന്താകുലനോ ആയിട്ടില്ല. എപ്പോഴും മുഖത്ത് പ്രസന്നതയും സന്തോഷവും പുഞ്ചിരിയുമായിരുന്നു. അല്ലാഹുവിൽ പരിപൂർണമായി അർപ്പണം ചെയ്തിരുന്നു. അങ്ങേയറ്റം വിനയാനതനായിരുന്നു. അതിന്റെ ഫലമായി മസ്ജിദ് മുബാറക്കിലെ ഏറ്റവും അവസാന സ്വഫ്ഫിൽ ചെരിപ്പുകൾ വെക്കുന്ന സ്ഥലത്തിനടുത്താണ് ഇരിക്കാറുണ്ടായിരുന്നത്. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ എപ്പോഴും മുൻപന്തിയിലായിരുന്നു.

ഹദ്റത്ത് നവാബ് സാഹിബ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമനോടു അങ്ങേയറ്റം ആത്മാർഥതയോടും അനുസരണത്തോടും ബന്ധം സ്ഥാപിച്ചിരുന്നു. ഇതിന്റെ ഫലമായി അവസാനത്തെ രണ്ടാഴ്ച നവാബ് സാഹിബിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമനെ ശുശ്രൂഷിക്കാനും സേവനം ചെയ്യാനുമുള്ള അവസരം ലഭിച്ചു. നഗരത്തിനു വെളിയിൽ ഏതെങ്കിലും തടസ്സമില്ലാത്ത സ്ഥലത്ത് താമസിക്കണമെന്ന് ഡോക്ടർ അഭിപ്രായപ്പെട്ടു. അപ്പോൾത്തന്നെ നവാബ് സാഹിബ് തന്റെ കോട്ടിദാറുസ്സലാമിന്റെ ഒരു ഭാഗം കാലിയാക്കി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ 1914 ഫെബ്രുവരി 27-ാം തിയ്യതി ഇവിടെ താമസം മാറ്റി. ഈ സ്ഥലം അദ്ദേഹത്തിന് അങ്ങേയറ്റം ഇഷ്ടപ്പെട്ടു. രണ്ടാഴ്ചയ്ക്കു ശേഷം 1914 മാർച്ച് 13-ാം തിയ്യതി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ദാറുസ്സലാമിൽ വഫാത്താവുകയും ചെയ്തു.

1903 ജനുവരി 1-ാം തിയ്യതി പ്രഭാതസവാരിക്കിടയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദ്റത്ത് നവാബ് സാഹിബിനെ സംബോധന ചെയ്ത് ഇപ്രകാരം പറഞ്ഞു: 'ഇന്നു രാത്രി കശ്ഫിൽ അതായത് ജാഗ്രദർശനത്തിൽ താങ്കളുടെ ഫോട്ടോ നമ്മുടെ മുമ്പിൽ വന്നു. ഹുജ്ജത്തുല്ലാഹ് എന്ന പദവും ഇൽഹാമുണ്ടായി. ഇതിനെ സംബന്ധിച്ച് ഇപ്രകാരം മനസ്സിലാക്കിത്തന്നു. താങ്കൾ തന്റെ സഹോദരന്മാരേയും സമൂഹത്തേയും ഉപേക്ഷിച്ചുകൊണ്ടാണ് ഇവിടെ വന്നത്. അതുകൊണ്ട് അല്ലാഹു താങ്കളുടെ പേര് **ഹുജ്ജത്തുല്ലാഹ്**(അല്ലാഹുവിന്റെ തെളിവ്) എന്ന് വെച്ചിരിക്കുന്നു. അതായത് താങ്കൾ അവരിൽ ന്യായപൂർത്തി വരുത്തും. അദ്ദേഹം പല സന്ദർഭങ്ങളിലായി സാമ്പത്തികത്യാഗത്തിൽ ഭാഗഭാക്കായി സഹായിച്ചു. ബിൽഡിംഗ് നേരെയാക്കാനും വിശാലമാക്കാനും ഇടയ്ക്കിടയ്ക്ക് പണം നൽകുകയുണ്ടായി. അതിൽ മദ്രസ അഹ്മദിയ്യ, മിനാരത്തുൽ മസീഹ്, കേന്ദ്ര ലൈബ്രറി എന്നിവ ഉൾപ്പെടുന്നു. അദ്ദേഹം ഖാദിയാനിൽ പൊതുപ്രവർത്തനങ്ങളും ചെയ്യുകയുണ്ടായി. റോഡുകൾ നന്നാക്കുക, പൈപ്പുകൾ സ്ഥാപിക്കുക കൂടാതെ രോഗികളെ സഹായിക്കുന്നതിനുവേണ്ടി ഒരു ഭാരിച്ച തുക കൊടുക്കുകയുണ്ടായി. ഇതിനുപുറമെ ജമാഅത്തിന്റെ ആദ്യത്തെ പത്രം അൽഹക്കമിനേയും സാമ്പത്തികമായി സഹായിച്ചു. വൃദ്ധസദനത്തിനുവേണ്ടി സ്ഥലം കൊടുക്കുകയും അൽഫള്ലിന്റെ നടത്തിപ്പിനുവേണ്ടി സഹായിച്ചതുമെല്ലാം അദ്ദേഹത്തിന്റെ സാമ്പത്തികത്യാഗത്തിനുള്ള ഉദാത്തമായ മാതൃകയാണ്.

അൽഫള്ൽ തുടങ്ങുന്നതിന് ഹദ്റത്ത് നവാബ് സാഹിബ് കുറച്ചു പണം രൊക്കം നല്കി. ഈ പ്രവർത്തനത്തിന് കുറച്ചു സ്ഥലവും നൽകിയിരുന്നു. കൂടാതെ തന്റെ വീടിന്റെ താഴ്ഭാഗവും സമർപ്പിച്ചു. മഖ്ബറയുടെ നടത്തിപ്പിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ അധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചു. 1906 ജനുവരിയിൽ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ നിലവിൽ വന്നപ്പോൾ അതിന്റെ അംഗമായി നവാബ് സാഹിബുമുണ്ടായിരുന്നു. 1900-മുതൽ 1918-വരെ വിവിധ പദവിയിലും അദ്ദേഹത്തിന് ജമാഅത്തിനുവേണ്ടി സേവനം ചെയ്യാനുള്ള അവസരം ലഭിച്ചു. സ്വദ്ർ അഞ്ചുമൻ നിലവിൽ വരുന്നതിനു മുമ്പേ 1902 ജനുവരി 6-ാംതിയ്യതി മുതൽ ഡിസംബർ 5-ാം തിയ്യതിവരെ ആദ്യം അദ്ദേഹം മാഗസിൻ റിവ്യൂവിന്റെ അസിസ്റ്റന്റ് ഫിനാൻഷ്യൽ സെക്രട്ടറിയായും പിന്നീട് സെക്രട്ടറിയായും പ്രവർത്തിച്ചു. 1909-ൽ അദ്ദേഹം സ്വദ്ർ അഞ്ചുമന്റെ അമീനായി നിശ്ചയിക്കപ്പെട്ടു. 1911-ൽ അദ്ദേഹം സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ നാളിറായി നിശ്ചയിക്കപ്പെട്ടു. 1915-ലും 1916-ലും രണ്ടുവർഷംവരെ ഹദ്റത്ത് നവാബ് സാഹിബ് സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു.

ഹദ്റത്ത് നവാബ് സാഹിബ് ശിഷ്ടാചാരവും സ്ഥാനമാഹാത്മ്യങ്ങളുടെ ഭദ്രതയും അങ്ങേയറ്റം പാലിച്ചിരുന്നു. മിക്കപ്പോഴും തന്റെ മക്കളോടും മറ്റുള്ളവരോടും ഇതിനെക്കുറിച്ച് ഉപദേശിച്ചുകൊണ്ടിരുന്നു.

അദ്ദേഹം തന്റെ മൂത്തസഹോദരന്മാരേയും സ്വഹാബിമാരേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തേയും അങ്ങേയറ്റം ആദരിച്ചിരുന്നു. ഹദ്റത്ത് നവാബ് സാഹിബ് ക്ഷമയുടേയും സ്ഥൈര്യത്തിന്റേയും ഉന്നത സ്ഥാനത്ത് വിരാചിച്ചിരുന്നു. ഈ അവസ്ഥയിൽത്തന്നെ അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിക്കുകയും വളരെ ധൈര്യത്തോടുകൂടി അത് പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ഇത് അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയുമാണ്. അദ്ദേഹം അങ്ങേയറ്റം പവിത്രതയെ ഇഷ്ടപ്പെട്ടിരുന്നു. കാലഘട്ടത്തിന്റെ കുഴപ്പം കാരണമായി പർദ അങ്ങേയറ്റം പാലിച്ചിരുന്നു. നമസ്കാരം നിർവ്വഹിക്കുന്നതിലും നോമ്പ് അനുഷ്ഠിക്കുന്നതിലും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിലും മറ്റു ദീനീപരമായ പ്രവർത്തനങ്ങളിലും എപ്പോഴും മുഴുകിയിരുന്നു. അദ്ദേഹം രാത്രിയിൽ ഉണർന്നിരുന്നു. തഹജ്ജുദ് നമസ്കരിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സഹധർമ്മിണി ഹദ്റത്ത് നവാബ് മുബാറക്കാ സാഹിബ ഇതിനെക്കുറിച്ച് പറയുന്നു:

"രാത്രിയിൽ തഹജ്ജുദ് നമസ്കാരത്തിൽ ദുആ ചെയ്യുമ്പോൾ അല്ലാഹുവിന്റെ പ്രകാശം മുറിയിൽ ഇറങ്ങുന്ന പ്രതീതിയാണുണ്ടായിരുന്നത്."

ഹദ്റത്ത് നവാബ് സാഹിബ് സ്വുബ്ഹി നമസ്കാരത്തിനുമുമ്പേ വിശുദ്ധഖുർആൻ പാരായണം ചെയ്യുകയും ഇപ്രകാരം പറയുകയും ചെയ്യുമായിരുന്നു: 'വിശുദ്ധ ഖുർആൻ ഒരു സമുദ്രമാണ്. ആരാണോ ഈ സമുദ്രത്തിൽ മുങ്ങിത്തപ്പുന്നത് അവനൊരിക്കലും കാലിയായ കൈയുമായി മടങ്ങുകയില്ല.' ഹദ്റത്ത് നവാബ് സാഹിബ് സ്ഥിരമായി ഡയറി എഴുതുന്ന ശീലക്കാരനായിരുന്നില്ല. എന്നാലും അദ്ദേഹം എഴുതിയ ഡയറിയിൽനിന്നാണ് അദ്ദേഹത്തിന്റെ

ശേഷം പേജ് 23ൽ

ലേഖനം

# നബി(സ)തിരുമേനിയുടെ പുണ്യചരിതം
# ഹജ്ജത്തുൽ വിദാ പ്രഭാഷണത്തിന്റെ വെളിച്ചത്തിൽ

**മൗലാനാ മുഹമ്മദു ഇനാം ഗോറി,** നാളിർ അഅ്‌ലാ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ

(2023 ഖാദിയാൻ ജൽസയിൽ ചെയ്ത പ്രസംഗം)

**യാ അയ്യുഹന്നാസുത്തഖൂ റബ്ബക്കുമുല്ലദീ ഖലഖക്കും മ്മിൻനഫ്സിൻ വ്വാഹിദത്തിൻ വ്വ ഖലഖ മിൻഹാ സൗജഹാ വ ബഥ്ഥ മിൻഹുമാ രിജാലൻ കഥീറൻ വ്വനിസാആ**(വി.ഖുർആൻ 4:2)

തർജമ: മനുഷ്യരേ! നിങ്ങളെ ഒരേയൊരു സത്തയിൽനിന്ന് സൃഷ്ടിക്കുകയും അതിൽനിന്ന് അതിന്റെ ഇണയേയും സൃഷ്ടിക്കുകയും അവ രണ്ടിൽനിന്നുമായി നിരവധി പുരുഷന്മാരേയും സ്ത്രീകളേയും വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നാഥനെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക.

**യാ അയ്യുഹന്നാസു ഇന്നാ ഖലഖ്നാക്കും മ്മിൻ ദകരിൻ വ്വ ഉൻഥാ വജ്അൽനാക്കും ശുഊബൻ വ്വ ഖബാഇലലി തആറഫൂ ഇന്ന അക്റമക്കും ഇൻദല്ലാഹി അത്ഖാക്കും ഇന്നല്ലാഹ അലീമുൻ ഖബീർ**(വി.ഖുർആൻ 49:14)

തർജമ: മനുഷ്യരേ! തീർച്ചയായും നാം നിങ്ങളെ ആണിൽനിന്നും പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു; നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനുവേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽവച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽവച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു.

**ഖുൽ ഇന്നമാ അന ബശറുൻമ്മിഥ്‌ലുക്കും യൂഹാ ഇലയ്യ അന്നമാ ഇലാഹുക്കും ഇലാഹുൻവ്വാഹിദുൻ**(വി:ഖുർആൻ 18:111)

തർജമ: അല്ലയോ മുഹമ്മദു മുസ്തഫാ(സ) നീ ഇങ്ങനെ വിളംബരം ചെയ്യുക: ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ആരാധ്യൻ അതായത് അല്ലാഹു ഒരേയൊരു ആരാധ്യനാകുന്നു.

ഇസ്‌ലാമിക സമത്വ തത്ത്വത്തിന്റെ സംക്ഷേപം ഞാനിപ്പോൾ പാരായണം ചെയ്യുകയും തർജമ കേൾപ്പിക്കുകയും ചെയ്ത ഈ കുറച്ചു ആയത്തുകളിൽ വരുന്നുണ്ട്. നിസാഅ് അധ്യായത്തിലെ വചനത്തിൽ അല്ലാഹു ശാശ്വതവും എന്നെന്നും നിലനില്ക്കുന്നതുമായ ഒരു യാഥാർഥ്യത്തിലേക്ക് മനുഷ്യന്റെ ശ്രദ്ധ തിരിച്ചിരിക്കുകയാണ്; അതായത് മനുഷ്യരെല്ലാം ഒരേയൊരു പിതാവിന്റെ മക്കളും ഒരേയൊരു മരത്തിന്റെ ശാഖകളുമാണെന്ന് പറഞ്ഞുകൊണ്ട് ലോകത്ത് സമത്വത്തിന്റെ അടിത്തറ പാകിയിരിക്കുന്നു. പിന്നീടുവരുന്ന അവസ്ഥയുടെ ഫലമായി വിവിധ മനുഷ്യരിലും വിവിധ ജനതകളിലും വിവിധ വിഭാഗങ്ങളിലും എത്രമാത്രം വ്യത്യാസമുണ്ടായാലും അവരുടെ പരസ്പരമുള്ള കാര്യങ്ങളിൽ എന്തൊക്കെവന്നാലും തങ്ങളുടെ ഉൽപ്പത്തിയുടെ അടിസ്ഥാനത്തിൽ അവർ ഒരേയൊരു ഇണയുടെ പരമ്പരയാണെന്ന കാര്യം ഒരിക്കലും വിസ്മരിക്കാൻ പാടില്ല.

ഹുജുറാത്ത് അധ്യായത്തിലെ വചനത്തിൽ ഇതു കൂടുതൽ വ്യക്തമായിരിക്കുന്നു. മനുഷ്യസമൂഹത്തിൽ വിവിധ ജനതകളേയും വിവിധ ഗോത്രങ്ങളേയും നമുക്കു കാണാൻ കഴിയുന്നത്, അതു കേവലം പരിചയപെടാനും തിരിച്ചറിയാനും വേണ്ടിയുള്ള ഒരു മാർഗമാണെന്നതുകൊണ്ടാണ്. ഈ വിഭജനത്തെ ഒരു കൂട്ടർ മറ്റൊരു കൂട്ടർക്കെതിരിൽ അന്തസ്സിനും അഭിമാനത്തിനുമുള്ള മാർഗമാക്കരുത്. ഓർമിക്കുക, അല്ലാഹുവിന്റെ പക്കലെന്നല്ല സൽസ്വഭാവം നിലനില്ക്കുന്ന ഒരു സമൂഹത്തിലും വലിയവനും ആദരണീയനുമായ മനുഷ്യനെന്നു പറയുന്നത് വ്യക്തിപരമായ നിലയിൽ കൂടുതൽ സവിശേഷ ഗുണങ്ങളുടെ ഉടമയും കൂടുതൽ മുത്തഖിയും കുറ്റകൃത്യങ്ങളിൽനിന്ന് അകന്നു നില്ക്കുന്നവനുമാണ്. മനുഷ്യത്വത്തിന്റെ നന്മ ആഗ്രഹിക്കുന്ന ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ) ഇന്നമാ അനാ ബശ്റുൻമ്മിഥ്‌ലുക്കും എന്നു പറഞ്ഞുകൊണ്ട് അതായത് ഞാനും നിങ്ങളെപ്പോലൊരു മനുഷ്യനാണെന്ന് പറഞ്ഞുകൊണ്ട് മനുഷ്യത്വത്തിന്റെ മാഹാത്മ്യത്തെ കൂടുതൽ ഉച്ചിയിലെത്തിച്ചു.

ശ്രോതാക്കളേ! ഇന്ന് ലോകം അസമാധാനത്തിന്റേയും അസ്വസ്ഥതയുടേയും ഇരയാണ്. ഇതിന്റെ വലിയ കാരണം, ഒന്ന് മതപരമായ വിദ്വേഷമാണ്. രണ്ടാമത്തേത് വ്യക്തിത്വത്തിന്റെ പേരിലുള്ള ഭിന്നതയും വർഗ വർണ വിവേചനവുമാണ്. ചിലയിടത്ത് വെളുത്തവനും കറുത്തവനും തമ്മിലുള്ള കലഹമാണ്. ചിലയിടത്ത് മുതലാളിയും തൊഴിലാളിയും തമ്മിലുള്ള ശണ്ഠയാണ്. ചിലയിടത്ത് ദേശീയപരമായ ഔന്നത്യത്തിന്റെ അഹങ്കാരമാണ്. ചിലയിടത്ത് ഉന്നതവ്യക്തിയാണെന്ന അഹന്തയാണ്. തന്നെപ്പോലുള്ള മറ്റു മനുഷ്യരെ അവർ താഴ്ന്നവരും നിന്ദിതരുമായി കാണുന്നു. ഇങ്ങനെ മനുഷ്യൻ മനുഷ്യന്റെ ഇടയിൽ വെറുപ്പിന്റേയും വിദ്വേഷത്തിന്റേയും മതിലുകൾ കെട്ടിവെച്ചിരിക്കുന്നു.

ഈ പശ്ചാത്തലത്തിൽ ഇന്ന് എല്ലായിടത്തും സമത്വത്തെ കുറിച്ചും സമഭാവനയെ കുറിച്ചുമുള്ള ചർച്ചകളാണ് നടക്കുന്നത്. കരമപരമായ നിലയിൽ ഈ ഹരിതാഭമായ തോട്ടത്തിന്റെ സ്ഥാപനം എത്രത്തോളം സാധ്യമാകും? എത്രത്തോളം സാധ്യമായി കഴിഞ്ഞിട്ടുണ്ട്? ഭൗമികമായ യാഥാർഥ്യങ്ങളെന്താണ് സമർപിച്ചുകൊണ്ടിരിക്കുന്നത്? ഇതിന്റെ വിശദീകരണം ഈ ചുരുങ്ങിയ സമയത്ത് വിശദീകരിക്കുക എന്നത് അസംഭാവ്യമാണ്. പക്ഷേ, പരസ്യങ്ങളേയും പ്രചാരണങ്ങളേയും നിഷേധിക്കാനാവുകയില്ല. വികസിതരാജ്യങ്ങളിലും വികസ്വരരാജ്യങ്ങളിലും സമത്വവും സമഭാവനയും സ്ഥാപിക്കുന്നതിനുള്ള നല്ല പരസ്യങ്ങളുണ്ട്. അതു ജനാധിപത്യ വ്യവസ്ഥിതിയിലാവട്ടെ അല്ലെങ്കിൽ സോഷ്യലിസത്തിന്റേയും കമ്മ്യൂണിസത്തിന്റേയും വ്യവസ്ഥിതിയിലാവട്ടെ സകലരുടേയും വാദം സമത്വം സ്ഥാപിക്കണമെന്നതുതന്നെയാണ്. ഉദാഹരണത്തിന് സമ്പന്നനും ദരിദ്രനും തമ്മിലുള്ള വ്യത്യാസം വിപാടനം ചെയ്യുക. സ്ത്രീ പുരുഷ സമത്വവും സമഭാവനയും സ്ഥാപിക്കുക. ഭരണാധികാരികളേയും ഭരണീയജനങ്ങളേയും മുതലാളിയേയും തൊഴിലാളിയേയും ഒരേ അണിയിൽ നിറുത്തുക തുടങ്ങി പലതും.

കർമപരമായി സമത്വം സ്ഥാപിക്കുന്നതിന് ഏറ്റവുമാദ്യം വേണ്ടത് ഏതെല്ലാം കാര്യങ്ങളിലാണ് മനുഷ്യകുലത്തിനിടയിൽ സമത്വവും സമഭാവനയും സ്ഥാപിക്കാൻ കഴിയുകയെന്ന തീരുമാനമെടുക്കലാണ്.അതു ചെയ്യാൻ കഴിയുമെങ്കിൽ ഏതു പരിധിവരെ ചെയ്യാൻ കഴിയും?

ഇതിനുവേണ്ടി നമ്മൾ യഥാർഥ സ്രഷ്ടാവായ അല്ലാഹുവിന്റെ അടിസ്ഥാനപരമായ റുബൂബിയത്ത്, റഹ്മാനിയത്ത്, റഹീമിയത്ത്, മാലിക്കിയൗമുദ്ദീൻ എന്നീ സവിശേഷ ഗുണങ്ങൾ മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. അവന്റെ ആദ്യത്തെ സവിശേഷഗുണംതന്നെ എടുക്കുക. വിശുദ്ധ ഖുർആൻ അല്ലാഹുവിനെ **റബ്ബുൽആലമീൻ** എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. അതായത് സകല ലോകത്തിന്റേയും സകല സൃഷ്ടികളുടേയും പരിപാലകൻ, ആരാധ്യൻ. അവൻ കേവലം റബ്ബുൽമുസ്‌ലിമീനോ അല്ലെങ്കിൽ റബ്ബുൽ മസീഹിയ്യീനോ അല്ലെങ്കിൽ റബ്ബുൽയഹൂദിയ്യീനോ അല്ലെങ്കിൽ റബ്ബുൽ ഹുനൂദോ അല്ല. അവന്റെ ആകാശീയമായ വ്യവസ്ഥിതിയും ഭൗമികമായ വ്യവസ്ഥിതിയും അവന്റെ റുബൂബിയ്യത്തിന്റേയും റഹ്മാനിയ്യത്തിന്റേയും കീഴിൽ ഓരോ മനുഷ്യനും തുല്യമായി അനുഗ്രഹമെത്തിക്കുന്നു. ദൈവവിശ്വാസിയാവട്ടെ, ദൈവനിഷേധിയാവട്ടെ, അവനെ ആരാധിക്കുന്നവരാവട്ടെ, ആരാധിക്കാത്തവരാവട്ടെ ഇവർക്കെല്ലാം അവന്റെ സൂര്യനും ചന്ദ്രനും ഒരുപോലെ വെളിച്ചമെത്തിക്കുന്നു. അവന്റെ ഭൂമിയും അവന്റെ നദിയും അവന്റെ വായുവും തുടങ്ങി എല്ലാവസ്തുക്കളും ഒരു വകഭേദവും കൂടാതെ എല്ലാത്തിനും അനുഗ്രഹമെത്തിക്കുന്നു. ഇതു ഭൗതികമായ പരിപാലനത്തിന്റേയും വളർച്ചയുടേയും കാര്യഹേതുക്കളാണ്. ഇതുപോലെ ആത്മീയമായ വളർച്ചയ്ക്കും അഭിവൃദ്ധികൾക്കും അല്ലാഹു ഒരു ജനത

യോടും വ്യത്യാസം കണിച്ചിട്ടില്ല. എല്ലാ ഓരോ ജനതയിലും അവന്റെ റസൂൽമാരേയും മാർഗദർശികളേയും അയച്ചു. വിശുദ്ധ ഖുർആൻ പറയുന്നു: **വലിക്കുല്ലി ഉമ്മത്തുൻർറസൂലുൻ**(10:48) **വലി കുല്ലി ഖൗമിൻ ഹാദിൻ**(13:8) തുടങ്ങിയ വചനങ്ങൾ അതിനു സാക്ഷിയാണ്. അതായത് റബ്ബുൽആലമീനായ അല്ലാഹു സകല ജനതയിലും സമുദായത്തിലും തന്റെ മാർഗദർശിയേയും ദൂതനേയും അയച്ചു.

ആ പ്രവാചകന്മാരുടെ ഇടയിലും സമത്വം വെച്ചു. അല്ലാഹു പറഞ്ഞു: **ലാ നുഫർരിഖു ബയ്ന അഹദിൻമ്മിൻർറുസുലിഹി**(2:286). നാം മുസ്‌ലിമീങ്ങളുടെ ദൈവത്തിന്റേയും റസൂലിന്റേയുമിടയിൽ ഒരു വ്യത്യാസവും കൽപ്പിക്കുന്നില്ല. അതായത് രിസാലത്തിന്റെ(ദൈവദൗത്യം)സ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാവരും തുല്യരാണ്. അതേ, അവരുടെ ചുമതലകളുടേയും നിർബന്ധ കടമകളുടേയും പ്രവർത്തന വൃത്തങ്ങളുടേയും അടിസ്ഥാനത്തിൽ നിസ്സംശയം ഏറ്റക്കുറച്ചിലുകളുണ്ട്.

ശ്രോതാക്കളേ! ഇനി മനുഷ്യകുലത്തിന്റെ സൃഷ്ടിപ്പ് അതായത് സൃഷ്ടിപ്പിനേയും അവരുടെ ബുദ്ധിപരവും ശാരീരികവുമായ കഴിവുകളേയും പരിഗണിച്ച് അവരുടെ കർമങ്ങളുടേയും കർത്തവ്യങ്ങളുടേയും അടിസ്ഥാനത്തിൽ സമത്വത്തെ സംബന്ധിച്ച് കൂടുതൽ വിശദീകരണത്തിലേക്ക് പോകാതെ സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്ത്വഫാ(സ)യുടെ ഹജ്ജത്തുൽവിദാ അതായത് വിടവാങ്ങൽ പ്രഭാഷണത്തിന്റെ വെളിച്ചത്തിൽ കുറച്ചു കാര്യങ്ങൾ ചുരുക്കി അവതരിപ്പിക്കുകയാണ്.

ഓർമിക്കേണ്ടകാര്യം സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്ത്വഫാ(സ) ഹിജ്റ 9-ാം വർഷം ബയ്ത്തുല്ലായുടെ ഹജ്ജ് നിർവഹിച്ചു. ഒരു ലക്ഷത്തിഇരുപത്തി നാലായിരത്തിൽ പരം(1,24000) സ്വഹാബത്ത് നബി(സ)തിരുമേനിയുടെ കൂടെയുണ്ടായിരുന്നു. ഇതു നബി(സ)തിരുമേനിയുടെ ആദ്യത്തേതും അവസാനത്തേതുമായ ഹജ്ജായിരുന്നു. ഇതു **'ഹജ്ജത്തുൽവിദാ'** എന്ന പേരിൽ പ്രസിദ്ധമാണ്. അതിൽ നബി(സ)തിരുമേനി അറഫാത്തിന്റേയും മിനായുടേയും മൈതാനങ്ങളിൽ സുദീർഘമായൊരു ഖുത്വ്ബ നല്കി. വിവിധ നിവേദനങ്ങൾ മുഖേന അത് ബുഖാരിയിലും മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ തുടങ്ങിയ ഹദീഥു ഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു. ഈ ഖുത്വ്ബ അടിസ്ഥാനപരമാണ്. മാനുഷികമായ വിജയത്തിന്റേയും ക്ഷേമത്തിന്റേയും ഖിയാമത്തുന്നാൾവരെ വരുന്ന തലമുറകളുടെ വിദ്യാഭ്യാസത്തിന്റേയും ശിക്ഷണത്തിന്റേയും വിവിധ വശങ്ങളടങ്ങിയതാണ്. ഞാനെന്റെ വിഷയത്തിന്റെ അടിസ്ഥാനത്തിൽ മാനുഷികമായ സമത്വത്തെ മാത്രം അധികരിച്ച് പ്രസ്തുത ഉൾക്കാഴ്ചാഭരിതമായ ഖുത്വ്ബയുടെ കുറച്ചു ഉദ്ധരണികൾ തർജമ ചെയ്ത് ചിലകാര്യങ്ങൾ പറയുന്നതാണ്.

ദുൽഹജ്ജ് 11-ന് നബി(സ)തിരുമേനി മിനാ മൈതാനത്ത് പ്രസംഗിച്ചുകൊണ്ട് പറഞ്ഞു:"അല്ലയോ ജനങ്ങളേ! ഞാൻ പറയുന്നതു നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുവിൻ! ഈ താഴ്‌വരയിൽ നിങ്ങളെ ഇനിയുമൊരിക്കൽ അഭിമുഖീകരിക്കാനും ഞാനിന്നു നിങ്ങളോടു സംസാരിക്കുന്നതുപോലെ സംസാരിക്കാനും കഴിയുമോ എന്നെനിക്കറിഞ്ഞുകൂടാ.

"അല്ലയോ ജനങ്ങളേ! നിങ്ങളുടെ നാഥൻ ഒന്ന്. നിങ്ങളുടെ പിതാവ് ഒന്ന്. അതുകൊണ്ട് ശ്രദ്ധയോടെ കേൾക്കുക, അറബികൾക്ക് അനറബികൾക്കുമേൽ ഒരു മേന്മയുമില്ല. അതുപോലെ അനറബികൾക്ക് അറബികളുടെമേലും ഒരു മേന്മയുമില്ല. വെളുത്തവന് കറുത്തവന്റേമേലും കറുത്തവനു വെളുത്തവന്റേമേലും ഒരു മേന്മയുമില്ല. അവരിലാരെങ്കിലും തന്റെ വ്യക്തിപരമായ നന്മകളാൽ മുന്നിട്ടുപോയാൽ അവനായിരിക്കും ശ്രേഷ്ഠൻ."

വീണ്ടും പറഞ്ഞു: "അല്ലയോ മുസ്‌ലിമീങ്ങളേ! അല്ലാഹു ഈമാൻ മുഖേന ജാഹിലിയ കാലഘട്ടത്തിലെ അഹങ്കാരവും ഗർവും പൂർവികരായ ആളുകളെ കൊണ്ടുണ്ടായ പൊങ്ങച്ചത്തിന്റെ രോഗവും അകറ്റിയിരിക്കുന്നു.......ഓർക്കുക! എല്ലാവരും ആദമിന്റെ സന്തതികളിൽപ്പെട്ടവരാണ്. ആദം മണ്ണിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടത്."

തുടർന്നു പറഞ്ഞു: "ലോകത്ത് ജനങ്ങൾ ഖനിയിൽനിന്നെടുത്ത വസ്തുക്കളെ പോലെയാണ്. അത് ഒരേതരത്തിലുള്ള മൂലകങ്ങളായിരുന്നിട്ടും ഒരേതരത്തിലുള്ള മണ്ണിന്നടിയിൽ അമർന്നുകിടന്നിട്ടും പതുക്കെപ്പതുക്കെ വിവിധ നിറങ്ങളും വിവിധ ഗുണങ്ങളും സ്വീകരിച്ചെടുക്കുന്നു. എന്നാൽ, കേട്ടുകൊള്ളുവിൻ! ഇസ്‌ലാമിനുമുമ്പേ ജാഹിലിയ കാലഘട്ടത്തിൽ മനസ്സിലാക്കിയിരുന്ന അഭിവൃദ്ധിയുടേയും മഹത്ത്വത്തിന്റേയും പേരുകേട്ട ലക്ഷണങ്ങൾ (ബുദ്ധി, അറിവ്, ദാനശീലത, ധീരത, ശക്തി, പ്രഭാവം തുടങ്ങിയവ) ഇപ്പോഴും നിലനില്ക്കുന്നു. ഈ ലക്ഷണങ്ങൾ കാരണത്താൽ ആരാണോ ജാഹിലിയ കാലഘട്ടത്തിൽ വലിയവരെന്ന് മനസ്സിലാക്കപ്പെട്ടിരുന്നത് അവരിപ്പോൾ ഇസ്‌ലാമിലും വലിയവരെന്ന് മനസ്സിലാക്കപ്പെടും. അവർ ദീനിന്റെ അറിവും വ്യക്തിപരമായ നന്മയും സ്വീകരിക്കണമെന്നതാണ് നിബന്ധന." വീണ്ടും പറഞ്ഞു:

"അല്ലയോ ജനങ്ങളേ! നിങ്ങൾക്ക് നിങ്ങളുടെ ഭാര്യമാരുടെമേൽ ചില അധികാരാവകാശങ്ങളുണ്ട്. അവർ ചാരിത്ര്യം സൂക്ഷിക്കുകയും ജനങ്ങൾക്കിടയിൽ ഭർത്താവിനു അപകീർത്തി ഉണ്ടാകുമാറ് പ്രവർത്തിക്കാതിരിക്കുകയും വേണമെന്നാണ് അവരുടെമേൽ നിങ്ങൾക്കുള്ള അധികാരാവകാശം. ഇതനുസരിച്ചു അവർ ജീവിക്കുന്നില്ലെങ്കിൽ നിങ്ങൾക്കവരെ ശിക്ഷിപ്പാൻ അവകാശമുണ്ട്. അർഹരായ ആളുകൾ മുഖേനയുള്ള യുക്തമായ അന്വേഷണത്തിനുശേഷം നിങ്ങൾക്കവരെ ശിക്ഷിക്കാം. അങ്ങനെ വന്നാലും അത്തരം ഒരു കാര്യത്തിലുള്ള ശിക്ഷ കഠിനതരമായിരിക്കരുത്. എന്നാൽ, നിങ്ങളുടെ ഭാര്യമാർ അപ്രകാരമുള്ളതൊന്നും ചെയ്യുന്നില്ലെങ്കിലും അവരുടെ പെരുമാറ്റം തങ്ങളുടെ ഭർത്താക്കന്മാർക്ക് അപമാനം വരുത്തുന്ന തരത്തിലുള്ളതല്ലെങ്കിലും അവർക്ക് നിങ്ങളുടെ ജീവിത നിലവാരമനുസരിച്ചുള്ള ആഹാരവും വസ്ത്രവും പാർപ്പിടവും നൽകേണ്ടത് നിങ്ങളുടെ കടമയായിരിക്കും. നിങ്ങളുടെ ഭാര്യമാരോടു എല്ലായ്പ്പോഴും ഉത്തമരീതിയിൽ പെരുമാറണമെന്ന കാര്യം മറന്നു പോകരുത്. അവരെ നോക്കിപ്പാർക്കാൻ അല്ലാഹു നിങ്ങളെ ചുമതലപ്പെടുത്തിയിരിക്കുന്നു. സ്ത്രീ അബലയാണ്. സ്വന്തം അവകാശങ്ങൾ സംരക്ഷിക്കാൻ അവൾ ശക്തയല്ല. നിങ്ങൾ വിവാഹം ചെയ്യുന്നതോടെ നിങ്ങളെ ദൈവം ആ അവകാശങ്ങളുടെ സൂക്ഷിപ്പുകാരനായി നിശ്ചയിക്കുകയാണ്. നിങ്ങൾ നിങ്ങളുടെ ഭാര്യമാരെ ദൈവത്തിന്റെ നിയമപ്രകാരം നിങ്ങളുടെ വീടുകളിൽ കൊണ്ടു വന്നു. ആകയാൽ, നിങ്ങളുടെ കൈകളിൽ ദൈവം ഏൽപ്പിച്ച ആ സൂക്ഷിപ്പുമുതലിനെ നിങ്ങൾ വിലകെടുത്തരുത്."

പറഞ്ഞു:"അല്ലയോ ജനങ്ങളേ! നിങ്ങളുടെ അധീനത്തിൽ ഇപ്പോഴും കുറേ യുദ്ധത്തടവുകാരുണ്ട്. നിങ്ങൾ ഉണ്ണുകയും ഉടുക്കുകയും ചെയ്യുന്ന രീതിയിൽത്തന്നെ അവരെയും ഊട്ടുകയും ഉടുപ്പിക്കുകയും ചെയ്യാൻ ഞാൻ നിങ്ങളോടു കൽപിക്കുന്നു. നിങ്ങൾക്ക് പൊറുത്തുകളയാൻ വയ്യാത്ത വല്ലതും അവർ പ്രവർത്തിച്ചാൽ നിങ്ങൾ അവരെ കൈമാറിക്കൊള്ളുക. ദൈവത്തിന്റെ സൃഷ്ടികളിൽ ഒരു ഭാഗമാണവർ. അവർക്കു വേദനയും വിഷമവും ഉണ്ടാക്കുന്നതു ഒരിക്കലും ശരിയായിരിക്കില്ല."

തുടർന്നു പറഞ്ഞു: "അല്ലയോ ജനങ്ങളേ, ഞാൻ പറയുന്നത് എന്തെന്നു നിങ്ങൾ കേൾക്കുകയും ഓർമിക്കുകയും ചെയ്യുവിൻ! എല്ലാ മുസ്‌ലിമീങ്ങളും പരസ്പരം സഹോദരന്മാരാകുന്നു. നിങ്ങളെല്ലാവരും തുല്യരുമാകുന്നു. മനുഷ്യരെല്ലാം അവർ ഏതു രാഷ്ട്രത്തിലും ഗോത്രത്തിലും പെട്ടവരായാലും ജീവിതത്തിൽ ഏതുനില പുലർത്തുന്നവരായാലും തുല്യരാകുന്നു."

ഇത്രയും പറഞ്ഞ ശേഷം നബി(സ)തിരുമേനി തന്റെ കൈകളുയർത്തി ഒരു കൈയ്യിലെ വിരലുകൾ മറ്റെ കൈയിലെ വിരലുകളോടുകോർത്തു പിടിച്ചുകൊണ്ട് പറഞ്ഞു:

"രണ്ടു കൈകളിലെയും വിരലുകൾ തുല്യമായിരിക്കുന്നതുപോലെ മനുഷ്യരെല്ലാം തുല്യരാകുന്നു. ഒരാൾക്കും മറ്റൊരാളേക്കാൾ ഒരുവിധ അധികാരവും മേന്മയുമില്ല. നിങ്ങളെല്ലാം പരസ്പരം സഹോദരന്മാരെപ്പോലെയാകുന്നു!"

നബി(സ)തിരുമേനി ഇപ്രകാരം തുടർന്നു:

"ഇതു ഏതു മാസമാണെന്നു നിങ്ങൾക്കറിയാമോ? ഏതു സ്ഥലത്താണ് നമ്മൾ നിൽക്കുന്നതെന്നും കൊല്ലത്തിന്റെ ഏതു ദിനമാണിതെന്നും നിങ്ങൾക്കറിയുമോ? '

പരിശുദ്ധ മാസമാണെന്നും പരിശുദ്ധ ഭൂമിയാണെന്നും ഹജ്ജ് നാളാണെന്നും തങ്ങൾക്കറിയാമെന്ന് മുസ്‌ലിമീങ്ങളെല്ലാവരും മറുപടി നൽകി. അപ്പോൾ നബി തുടർന്നു പറഞ്ഞു:

"ഈ മാസം പരിശുദ്ധമായിരിക്കുന്നതുപോലെ, ഈ ഭൂമി പവിത്രമായിരിക്കുന്നതുപോലെ ഈ ദിനം പരിപാവനമായിരിക്കുന്നതുപോലെ അല്ലാഹു നിങ്ങളെ

ല്ലാവരുടെയും ജീവനും മുതലും പരിശുദ്ധമാക്കിയിരിക്കുന്നു. ആരുടെയെങ്കിലും ജീവനോ മുതലോ എടുത്തു കളയുകയോ ആരുടെയെങ്കിലും മാനം അപകടത്തിലാക്കുകയോ ചെയ്യുന്നത് ഈ ദിനത്തിന്റെയും ഈ മാസത്തിന്റെയും ഈ ഭൂമിയുടെയും പവിത്രതയെ ഭഞ്ജിക്കുന്നതുപോലെതന്നെ അന്യായവും തെറ്റുമായിരിക്കും. ഞാൻ ഇന്നു നിങ്ങളോടു കൽപിക്കുന്നതൊന്നും ഇന്നേയ്ക്കു മാത്രമുള്ളതല്ല. എക്കാലത്തേക്കും വേണ്ടിയുള്ളതാകുന്നു. നിങ്ങൾ ഈ ലോകം വിട്ടു പിരിയുകയും നിങ്ങളുടെ സ്രഷ്ടാവിനെ മറ്റു ലോകത്തിൽ പ്രാപിക്കുകയും ചെയ്യുന്നതുവരെ ഇതോർമ്മ വെക്കുകയും ഇതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യാൻ നിങ്ങൾ ബാധ്യസ്ഥരാകുന്നു."

പ്രസംഗം അവസാനിപ്പിച്ചു കൊണ്ട് പറഞ്ഞു:

"ഞാൻ നിങ്ങളോടു ഇന്ന് പറഞ്ഞിരിക്കുന്നതെന്തോ അത് നിങ്ങൾ ഭൂമിയുടെ കോണുകളോളമെ ത്തിക്കണം. എന്റെ ഈ പ്രസംഗം കേട്ടിട്ടില്ലാത്തവർ ഒരുപക്ഷേ കേട്ടിട്ടുള്ളവരേക്കാൾ അതിൽനിന്നു ഫലമെടുത്തെന്നു വരാം!"*(ബുഖാരി കിതാബുൽമ ഗാസി ബാബ് ഹജ്ജത്തുൽ വിദായി)*

വിവിധ നിവേദനങ്ങളോടു കൂടി വിവിധ വാക്യങ്ങളിൽ ഈ ഖുത്ബകൾ നമ്മൾ വരെ എത്തിയിരിക്കുന്നു. ഒരു നിവേദനത്തിൽ ഇങ്ങനേയും വന്നിട്ടുണ്ട്, നബി(സ) തിരുമേനി ഇതു ഏതുമാസമാണെന്ന് ചോദിച്ചപ്പോൾ സ്വഹാബത്ത് പറഞ്ഞു: അല്ലാഹുവും അവന്റെ റസൂലുമാണ് ഏറ്റവും നന്നായി അറിയുന്നത്. ഞങ്ങൾ കരുതി നബി(സ)തിരുമേനി ഈ മാസത്തിന് മറ്റെന്തെങ്കിലും പേരു വെക്കുമെന്ന്. പിന്നീട് അവിടന്ന് സ്വയം തന്നെ മറുപടി പറഞ്ഞു: ഇത് നിഷിദ്ധമാക്കപ്പെട്ട മാസമല്ലേ?

എന്തായാലും നിവേദനങ്ങളുടെ വിയോജിപ്പുകളെ ഒഴിച്ചുനിറുത്തി ഈ ചരിത്രപരവും ഐതിഹാസികവുമായ ഖുത്ബയിൽ മനുഷ്യത്വത്തിന്റെ ഉപകാരി ഹദ്റത്ത് മുഹമ്മദുമുസ്ത്വഫാ(സ) ഏതൊരു സുപ്രധാനവും അടിസ്ഥാനപരവുമായ കാര്യങ്ങളെ സംബന്ധിച്ചുള്ള മാർഗനിർദേശങ്ങൾ മുന്നോട്ടു മുന്നോട്ടു എത്തിച്ചുകൊണ്ടിരിക്കാൻ കൽപ്പിക്കുകയുണ്ടായി. ഈ മാർഗനിർദേശങ്ങൾ കേവലം താൽക്കാലികവും ഏതെങ്കിലുമൊരു പ്രത്യേക സ്ഥലവുമായി ബന്ധപ്പെട്ടതോ ആയിരുന്നില്ല. പ്രത്യുത ഖിയാമത്തുന്നാൾവരെ വരുന്ന തലമുറകൾക്കുവേണ്ടിയുള്ള നിയമപരമായ വഴികാട്ടിയാണ്. ഇവയുടെ സംഗ്രഹം ഇവയാണ്:

(1). ഏറ്റവുമാദ്യം എല്ലാ മനുഷ്യരും അടിസ്ഥാനപരമായ ഈ കാര്യം മുന്നിൽ വെക്കുക. അതായത് എല്ലാ മനുഷ്യരും ഒരേയൊരു വർഗത്തിന്റെ സൃഷ്ടിയും ഒരേയൊരു പിതാവിന്റെ സന്താനങ്ങളും ഒരേയൊരു മരത്തിന്റെ ശാഖകളുമാകുന്നു. അതുകൊണ്ട് എല്ലാ മനുഷ്യരും മനുഷ്യത്വത്തിന്റെ അടിസ്ഥാനത്തിൽ സമന്മാരാണ്.

(2). സന്താനപരമായി ഈ ഏകീഭാവമായിരുന്നിട്ടും എപ്രകാരം ഭൂമിയിൽനിന്ന് വിവിധ തരം ഖനികൾ പുറത്തുവരുന്നുവോ അതായത് കൽക്കരി പുറത്തുവരുന്നു, ഇരുമ്പ് പുറത്തുവരുന്നു, ചെമ്പ് പുറത്തുവരുന്നു, സ്വർണം തുടങ്ങിയവയും പുറത്തുവരുന്നതുപോലെ മനുഷ്യരിലും വിവിധതരത്തിലുള്ള ബുദ്ധിപരവും ശാരീരികവുമായ യോഗ്യതകളും കഴിവുകളും അധ്വാനവും പരിശ്രമത്തിന്റെ ഫലമായി വിവിധതരത്തിലുള്ള സവിശേഷ ഗുണങ്ങളും വിവേചനവും ഉണ്ടാകാവുന്നതാണ്. എന്നാൽ, ഈ വിവേചനവും വ്യത്യാസവുംകൊണ്ട് ഏതെങ്കിലും ജനതയോ ഗോത്രമോ വ്യക്തിയോ മറ്റു ജനതകളുടേയോ ഗോത്രങ്ങളുടേയോ വ്യക്തികളുടേയോമേൽ അനുചിതമായി അഭിമാനിക്കുകയും അഹങ്കരിക്കുകയും ചെയ്യരുത്.

(3). മുസ്ലിമീങ്ങൾ ഒരു നബിയുടെ സമുദായമാണെന്നതിന്റെ അടിസ്ഥാനത്തിൽ ഒരേയൊരു നുബുവ്വത്തിന്റെ കോന്തലയുമായി ബന്ധപ്പെട്ടിരിക്കുന്ന കാരണത്താൽ ഓരേയൊരു പിതാവിന്റെ, ആത്മീയ പിതാവിന്റെ സന്താനങ്ങളാണ്. അതുകൊണ്ട് അവർ സഹോദരന്മാരായി ജീവിക്കേണ്ടതാണ്. അല്ലാഹു ഇന്നമൽ മുഅ്മിനൂന ഇഖ്വത്തുൻ(49:11) സത്യവിശ്വാസികൾ പരസ്പരം സഹോദരങ്ങൾ തന്നെയാണെന്ന് വിശുദ്ധ ഖുർആനിൽ പറഞ്ഞതുപോലെതന്നെ!

(5). സ്ത്രീ-പുരുഷ സമത്വത്തെ കുറിച്ച് ഈയിടെയായി വലിയ വലിയ ചർച്ചകളാണ് നടക്കുന്നത്. സ്ത്രീകൾ, പുരുഷന്മാരെക്കാൾ തരംതാണവരാണെന്ന ധാരണയിൽ അവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കുകയും പർദയിലും വീടുകളിലും അവരെ തടവിലാക്കുകയും ചെയ്തിരിക്കുന്നുവെന്ന് പറഞ്ഞ് ഇസ്ലാമിന്റെമേൽ ആക്ഷേപം ഉന്നയിക്കുന്നു.

നബി(സ)തിരുമേനി തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ സ്ത്രീകളുടെ മേൽനോട്ടവും അവരുടെ അവകാശങ്ങൾ നിറവേറ്റുകയും ചെയ്യുന്നതിനെ സംബന്ധിച്ച് പ്രത്യേകമായ നിലയിൽ താക്കീതുചെയ്യുകയും ചെയ്തിട്ടുണ്ട്. വിശുദ്ധ ഖുർആൻ പുരുഷന്മാരുടേയും സ്ത്രീകളുടേയും സൃഷ്ടിപ്പിലുള്ള വ്യത്യാസത്തിൽ ശ്രദ്ധചെലുത്തിക്കൊണ്ട് സ്ത്രീകൾക്ക് എത്രമാത്രം ബഹുമതി നല്കുകയും അവരുടെ അവകാശങ്ങളും വികാരങ്ങളും ഇന്ദ്രിയങ്ങളും സംരക്ഷിക്കുകയും ചെയ്തിരിക്കുന്നുവെന്നാൽ മറ്റൊരു സമാജത്തിനും ഒരു മതത്തിനും ഇതിനുദാഹരണമെടുത്തുകാണിക്കാൻ സാധിക്കുകയില്ല. ഇത് വേറിട്ടൊരു വിഷയമാണ്. അതുവിശദീകരിക്കാൻ ഇവിടെ സമയമില്ല. ഇത് അതിന്റെ അവസരവുമല്ല.

ആദരണീയരായ ശ്രോതാക്കളേ! യഥാർഥ പ്രശ്നമെന്തെന്നാൽ മാനുഷികമായ സമത്വം സ്ഥാപിക്കുമെന്നുള്ള വാദം പുറപ്പെടുവിക്കാറുണ്ട്. പക്ഷേ, അതു കാണുന്നതേയില്ല. അതായത് ഏതു കാര്യത്തിലാണ് സമത്വം സ്ഥാപിക്കേണ്ടതെന്ന്! മനുഷ്യത്വത്തിന്റേയും മനുഷ്യനെന്ന അവസ്ഥയുടെ ബന്ധത്തേയും സംബന്ധിച്ചിടത്തോളം എല്ലാ മനുഷ്യരും തുല്യരാണ്. സകല മനുഷ്യർക്കും രണ്ട് കണ്ണുണ്ട്. രണ്ടു ചെവിയുണ്ട്. രണ്ടു കൈയുണ്ട്. രണ്ടു കാലുണ്ട്. നാവ് മൂക്ക് തലച്ചോറ് തുടങ്ങിയവ എല്ലാ മനുഷ്യർക്കും യഥാർഥ സ്രഷ്ടാവ് പ്രദാനം ചെയ്തിരിക്കുന്നു. ഇല്ലാ മാശാ അല്ലാഹ്! ചിലർ ഭിന്നശേഷിക്കാരായിട്ടുമുണ്ട്.

പക്ഷേ, ഈ മനുഷ്യരുടെ അവകാശങ്ങൾ നിറവേറ്റുന്നതിൽ സമത്വം പാലിക്കുക എന്നത് അടിസ്ഥാനപരമായ ചുമതലയാണ്. ഇതു സംബന്ധമായി ഓർക്കേണ്ടതെന്തെന്നാൽ മാനുഷികമായ കടമകൾ രണ്ടുതരത്തിലുണ്ട്.

(1). ഒരു കടമ ഭരണകൂടത്തിന്റെ ചുമതലയിലുള്ളതാണ്. ഇതു സംബന്ധമായി അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: **ഇന്ന ലക്ക അല്ലാ തജൂഅ ഫീഹാ വലാ തഅ്റാ വഅന്നക്ക ലാ തള്മഉ ഫീഹാ വലാ തള്ഹാ**

തീർച്ചയായും നിനക്ക് ഇതിൽ വിശക്കേണ്ടതില്ല. നഗ്നനാകേണ്ടതുമില്ല. നിശ്ചയമായും നിനക്കിതിൽ ദാഹമുണ്ടാകുകയില്ല. വെയ്ലിന്റെ ഉഷ്ണമേൽക്കുകയുമില്ല. (20:119-120)

അതായത് സമാധാനഭരിതമായ സമൂഹത്തിന്റെ അടയാളമെന്നു പറയുന്നത് ഏ മനുഷ്യാ! നിനക്കിതിൽ വിശക്കേണ്ടതില്ല. നഗ്നനാകേണ്ടതുമില്ല. തണുപ്പുകൊണ്ട് വിറച്ചിരിക്കേണ്ടതില്ല. ദാഹത്തിന്റെ ബുദ്ധിമുട്ടും വഹിക്കേണ്ടതില്ല. വെയിലിന്റെ കാഠിന്യത്താൽ മേൽത്തട്ടില്ലാതെ ഉഷ്ണിച്ചിരിക്കേണ്ടതുമില്ല.

അതിനാൽ എല്ലാ ഭരണകൂടത്തിന്റേയും അടിസ്ഥാനപരമായ നിർബന്ധ കടമയാണിത്. അതായത് രാജ്യത്തിലേയും ജനതയിലേയും ഒരു മനുഷ്യനും ഏറ്റവും കുറഞ്ഞ ഈ ആവശ്യങ്ങൾ കാരണത്താൽ ബുദ്ധിമുട്ടരുത്.

ഇപ്രകാരംതന്നെയാണ് നീതിയും ന്യായവും സ്ഥാപിക്കുക എന്നതും. സാമൂഹികമായ സ്ഥാനങ്ങളിൽ കഴിവുള്ള ആളുകളെ നിശ്ചയിക്കുക. നിർബന്ധമായ നികുതികളും മറ്റും മുഖേന പൊതുസ്വത്ത് ശരിയായ വിതരണത്തിന് ഏർപാടു ചെയ്യുക തുടങ്ങിയവ. ഇതെല്ലാം ഭരണകൂടത്തിന്റെ നിർബന്ധ കടമകളിൽപ്പെട്ടതാണ്.

രണ്ടാമത്തെ കടമ എന്നു പറയുന്നത്, ഒന്നുകിൽ അത് നൈസർഗികമായ അല്ലെങ്കിൽ പ്രാകൃതികമായ നിലയിൽ ലഭിക്കുന്നതാണ്. ശാരീരിക ശക്തികൾ, ബുദ്ധിപരമായ കഴിവുകൾ തുടങ്ങിയവ.

ഇനി ഞാൻ സമർപ്പിച്ച ഇസ്ലാമിക സമത്വത്തിന്റെ സാധാരണകാർക്ക് സുഗ്രഹമല്ലാത്ത കാര്യങ്ങളുടെ അടിസ്ഥാനത്തിൽ സമയമനുസരിച്ച് നബി(സ) തിരുമേനിയുടെ പുണ്യചരിതം ഉദ്ധരിച്ച് ചില ഉദാഹരണങ്ങൾ സമർപ്പിക്കുകയാണ്. മനുഷ്യസമൂഹത്തിൽ സമത്വവും സമഭാവനയും അവകാശപ്പെടുന്നവനും അറിയുന്നവരാണ് ഇന്നത്തെ സംസ്കാരമുള്ള സമൂഹത്തിലും പൊതുദരിദ്രരേയും അശരണരേയും എങ്ങനെയുള്ള ദുർബലരും കഴിവില്ലാത്തവരുമായി മനസ്സിലാക്കുന്നുവെന്നാൽ ആരും അവരെ അടുത്തിരുത്തുന്നതും അവരോടൊപ്പം ഇരിക്കുന്നതും

സഹിക്കുകയില്ല. അവരോടൊപ്പം നടക്കുന്നതും തങ്ങൾക്ക് അപമാനമായി മനസ്സിലാക്കുന്നു. എന്നാൽ, നമ്മുടെ മനുഷ്യത്വത്തിന്റെ ഗുണകാംക്ഷിയുടെ തേജോവിലാസം ഇന്ദ്രിയാതീതമാണ്. അവിടന്ന് മിക്കപ്പോഴും ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു. അല്ലാഹുവേ, മിസ്ക്കീനാക്കി ജീവിപ്പിച്ചാലും. ഇതേ അവസ്ഥയിൽ മിസ്കീൻമാരുടെ സംഘത്തിൽനിന്ന് എഴുന്നേൽപിക്കേണമേ. (തിർമുദി)

ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു. സാഹിർ എന്ന് പേരുള്ള ഒരു ഗ്രാമീണൻ രൂപത്തിലും മറ്റും വളരെ നിസ്സാരനും അലസനുമായിരുന്നു. ഒരിക്കൽ അയാൾ ചന്തയിൽ തന്റെ ചരക്ക് വിൽക്കുകയായിരുന്നു. അയാൾ വിയർപ്പിൽ കുളിച്ചിരുന്നു. നബി(സ)തിരുമേനി പിന്നാലെ ചെന്ന് അയാളുടെ കണ്ണുകൾ പൊത്തി. അയാൾ കൈകളുടെ സ്പർശനത്തിൽനിന്ന് ഇത് തന്റെ യജമാനരായ മുഹമ്മദ് നബിയാണെന്ന് തിരിച്ചറിഞ്ഞു. പിന്നീട് അയാൾ സന്തോഷത്തോടും സ്നേഹത്തോടുംകൂടി തന്റെ പുറംകൊണ്ട് നബി(സ)തിരുമേനിയുടെ പരിശുദ്ധശരീരത്തിൽ ഉരസാൻ തുടങ്ങി. നബി(സ) തിരുമേനി ഉറക്കെ പറഞ്ഞു, 'എന്റെ ഈ അടിമയെ വാങ്ങാനാരുണ്ട്?' അപ്പോൾ അയാൾ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അങ്ങനെയായാൽ അങ്ങ് വിലയില്ലാത്ത ചരക്കായിട്ടായിരിക്കും കാണുക. എന്നെ ആര് വാങ്ങാനാണ്?' അവിടന്ന് പറഞ്ഞു. അല്ല, അല്ല. അല്ലാഹുവിന്റെ പക്കൽ നീ വിലയില്ലാത്ത ചരക്കല്ല. അവന്റെ പക്കൽ താങ്കൾക്ക് വലിയ വിലയും നിലയുമുണ്ട്.' *(മുസ്നദ്, അഹ്മദ് ബിൻ ഹമ്പൽ, വാല്യം 3, പേജ് 11)*

ക്ഷണങ്ങളിൽ സാധുക്കളേയും ദരിദ്രരേയും വിളിക്കണമെന്ന് നബി(സ)തിരുമേനി വളരെ താക്കീതു ചെയ്ത് പറയാറുണ്ടായിരുന്നു. ദരിദ്രരെ പങ്കെടുപ്പിക്കാതെ സമ്പന്നരെ മാത്രം ക്ഷണിച്ചുകൊണ്ടുള്ള സദ്യക്കുള്ള ക്ഷണം വളരെ മോശമാണെന്ന് അവിടന്ന് പറഞ്ഞിരുന്നു.

ഹദ്റത്ത് ഖദീജയുടെ വിവാഹം നടന്നപ്പോൾ ആ സമ്പന്നയായ അവർ തന്റെ എല്ലാ മുതലും അടിമകളും നബിയുടെ സന്നിധിയിൽ സമർപ്പിച്ചു. നബി(സ) തിരുമേനി എല്ലാ അടിമകളേയും മോചിപ്പിച്ചു. അവരിൽനിന്ന് ഒരു ആരോഗ്യവാനായ അടിമയെ സ്വതന്ത്രനാക്കി തന്റെ ദത്തുപുത്രനാക്കുകയും ചെയ്തു. ഇദ്ദേഹം സയ്ദ് ബിൻ മുഹമ്മദ് എന്ന് പറയാൻ തുടങ്ങി. പക്ഷേ, അല്ലാഹു ഈ സമ്പ്രദായം അവസാനിപ്പിക്കുന്നതിനും ദത്തുകുട്ടികളെ അവരുടെ പിതാവുമായിത്തന്നെ ചേർത്തു പറയുന്നതിനും നിർദ്ദേശിച്ചു (33:56). അപ്പോൾ അദ്ദേഹം സയ്ദ് ബിൻ ഹാരിഥ എന്ന് പറയാൻ തുടങ്ങി. എന്നാൽ, അദ്ദേഹം തന്റെ മാതാപിതാക്കളുടെ വീട്ടിൽ പോകുന്നതിനു പകരം നബി(സ)തിരുമേനിയുടെ വീട്ടിൽത്തന്നെ കഴിയാൻ മുൻഗണന നൽകി. നബി(സ)തിരുമേനിയും ആ സ്വതന്ത്രനാക്കപ്പെട്ട കുട്ടിയോടു ജീവിതം മുഴുവൻ വളരെ സ്നേഹത്തോടും വാത്സല്യത്തോടുംകൂടി പെരുമാറി.

ഇതുമാത്രമല്ല നബി(സ) തിരുമേനി അദ്ദേഹത്തിന്റെ കഴിവുകളെ പരിഗണിച്ച് നിരവധി സൈന്യത്തിന്റെ അമീറായി നിയമിച്ചിരുന്നു. പിന്നീട് ഹദ്റത്ത് സയ്ദിന്റെ വഫാത്തിനുശേഷം അദ്ദേഹത്തിന്റെ യുവാവായ മകൻ ഉസാമക്കും എത്രമാത്രം ആദരവു പ്രദാനം ചെയ്തുവെന്നാൽ തന്റെ ജീവിതത്തിന്റെ അവസാന നാളുകളിൽ തയ്യാറാക്കിയ സൈന്യത്തിന്റെ നേതൃത്വം അദ്ദേഹത്തെയാണ് ഏൽപിച്ചത്. വലിയ വലിയ സ്വഹാബാക്കൾ അടങ്ങിയതായിരുന്നു ആ സൈന്യം.

അതുകൊണ്ട് ഇൻസാനിയ്യത്ത് അഥവാ മാനവികതയുടെ ആദരവും കഴിവിന്റെ അടിസ്ഥാനത്തിൽ സേവനം ഏൽപിക്കുന്നതിനുള്ള കർമപരമായ പ്രകടനവുമുണ്ടാകുന്നത് തങ്ങൾ ജനതയുടേയും സമാജത്തിന്റേയും ദുർബലരും താണവരുമായവരോടു എങ്ങനെ പെരുമാറുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നബി(സ) തിരുമേനിയുടെ ഈ മാതൃക വികസിത ജനതകൾക്ക് വഴിവിളക്കാണ്.

ആദരണീയരായ ശ്രോതാക്കളേ! മനുഷ്യത്വം, മാനവികത, ഹ്യൂമാനിറ്റി എന്നിവയൊന്നും വെറും ഇറച്ചികൊണ്ടും തൊലികൊണ്ടുമുണ്ടാക്കുന്ന ബിംബങ്ങളുടെ പേരല്ല. അതായത് അതിനെ ഏതെങ്കിലും ഉയർന്ന സ്ഥലത്തുവച്ച് ആദരിക്കുകയും പൂജിക്കുകയും ചെയ്യുന്നതിന്റെ പേരല്ല. പ്രത്യുത അവന്റെ ഹൃദയത്തിന്റേയും തലച്ചോറിന്റേയും ചിന്തകളുടേയും വികാരങ്ങളുടേയും മനസ്സിലാക്കലിന്റേയും പേരാണ്. അവന്റെ ആത്മാവിന്റെ ധാർമികപരവും ആത്മീയപരവുമായ അവസ്ഥയുടെ പേരാണ്. ഈ മൂല്യങ്ങളെ പിടിച്ചുനിറുത്തുകയാണെങ്കിൽ അപ്പോൾ പറയാം അവൻ മനുഷ്യത്വത്തിന്റെ ആദരവ് സ്ഥാപിച്ചുവെന്ന്! അതിന്റെ അടിസ്ഥാനത്തിൽ നമ്മൾ നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദു മുസ്തഫായുടെ(സ) പരിശുദ്ധമായ പുണ്യചരിതത്തിൽ ദൃഷ്ടിപായിക്കുകയാണെങ്കിൽ ഒരിക്കലും ലഭിക്കാത്തതും അനുഭവിച്ചിട്ടില്ലാത്തതുമായ അത്ഭുതമാതൃകകൾ കാണാൻ കഴിയും.

ഒരു മനുഷ്യൻ തന്റെ സ്നേഹിതന്മാരോടും ബന്ധുക്കളോടും സമാന വിശ്വാസമുള്ളവരോടും സമാന മതത്തിലെ ആളുകളോടും സഹിഷ്ണുതയോടെ വർത്തിക്കുന്നു. പക്ഷേ, നോക്കേണ്ടത് അന്യരോടും എതിരാളികളോടും ശത്രുക്കളോടുമുള്ള അവരുടെ പെരുമാറ്റം എങ്ങനെയുള്ളുതാണെന്നാണ്.

ഒരിക്കൽ മദീനയിൽ ഒരു യഹൂദിയുടെ ജനാസ കൊണ്ടുപോകുകയായിരുന്നു. നബി(സ)തിരുമേനി ആ ജനാസയെ ബഹുമാനിച്ചുകൊണ്ട് എഴുന്നേറ്റുനിന്നു. അല്ലാഹുവിന്റെ റസൂലേ ഇതൊരു യഹൂദിയുടെ ജനാസയാണെന്ന് ആരോപറഞ്ഞു. അവിടന്ന് ചോദിച്ചു: 'അയാളിൽ ജീവനുണ്ടായിരുന്നില്ലേ? അയാൾ മനുഷ്യനായിരുന്നില്ലേ?' *(ബുഖാരി, കിതാബുൽ ജനാഇസ്)*

ഹദ്റത്ത് യഅ്ലാ ബിൻ മുർറാ വിവരിക്കുന്നു: ഞാൻ നബി(സ)തിരുമേനിയോടൊപ്പം ഒരുപാട് യാത്ര ചെയ്തിട്ടുണ്ട്. ഒരിക്കലുംതന്നെ ഏതെങ്കിലും മൃതദേഹം വഴിയിൽ കിടക്കുന്നതു കണ്ടാൽ അത് മറവടക്കാതെ അവിടന്ന് മുന്നോട്ടുപോയിരുന്നില്ല. ഇത് മുസ്ലിമാണോ അല്ലേ എന്ന് ആരോടും അവിടന്ന് ചോദിച്ചിട്ടുമില്ല.

ബദ്ർ യുദ്ധത്തിൽ നാശമടഞ്ഞ 24 അന്യാരാധകരായ ശത്രുമൂപ്പന്മാരെ ബദ്ർ മൈതാനത്തിന്റെ ഒരു കുഴിയിൽ അവിടന്ന് മറവ് ചെയ്തിരുന്നു. ഇതിനെ ഖലീബെ ബദ്ർ എന്നു പറയുന്നു. *(ബുഖാരി, കിതാബുൽ മഗാസി)*

മക്കയിലെ അന്യാരാധകർ ഉഹുദുയുദ്ധത്തിൽ നബി(സ)തിരുമേനിയുടെ പിതൃവ്യനായ ഹദ്റത്ത് ഹംസയുടെ മൂക്കും ചെവികളും മുറിച്ചെടുത്ത് അദ്ദേഹത്തിന്റെ മൃതശരീരം വികൃതമാക്കി. അത് അവരുടെ രീതിയായിരുന്നു. അഹ്സാബ് യുദ്ധത്തിൽ അവരുടെ ഒരു നേതാവ് നൗഫൽ ബിൻ അബ്ദുല്ല മഖ്സൂമി നാശമടഞ്ഞു. അപ്പോൾ അവർ കരുതിയത് മുസ്ലിംമീങ്ങൾ തങ്ങളുടെ നേതാവിന്റെ ശരീരവും വികൃതമാക്കുമെന്നാണ്. അവർ നബി(സ) തിരുമേനിക്ക് സന്ദേശമയച്ചു. പത്തായിരം ദിർഹം ഞങ്ങളിൽനിന്ന് വാങ്ങി നൗഫലിന്റെ മൃതദേഹം ഞങ്ങൾക്കു തിരിച്ചുതന്നാലും. നബി(സ)തിരുമേനി പറഞ്ഞു: 'ശവങ്ങൾക്ക് ഞങ്ങൾ വിലവാങ്ങാറില്ല. നിങ്ങൾ നിങ്ങളുടെ ജഡം കൊണ്ടുപോയിക്കൊള്ളുക.' *(ദലാഇലുന്നുബുവ്വ ലിൽബയ്ഹഖി വാല്യം 3)*

നബി(സ)തിരുമേനി ശത്രുജനതയിലെ വധിക്കപ്പെട്ടവരുടെ മൃതദേഹം വികൃതമാക്കുന്നത് തടഞ്ഞിരുന്നു.

സ്ത്രീ-പുരുഷ സമത്വത്തിന്റെ ബന്ധം നിർഭാഗ്യവശാൽ ഇന്ന് വികസിത കാലഘട്ടത്തിൽ സമത്വത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും പേരിൽ സ്ത്രീകളോടുള്ള മോശമായ പെരുമാറ്റം സമൂഹത്തിന്റെ സന്തുലിതാവസ്ഥയെ തകർക്കുന്നതിന് നിമിത്തമായിക്കൊണ്ടിരിക്കുന്നു. ഇസ്ലാം സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമായ അവകാശം കൊടുത്തുവെന്ന് മാത്രമല്ല ചില കാര്യങ്ങൾ വിട്ടുകൊണ്ട് അവരുടെ അവകാശങ്ങളുടെ സംരക്ഷണത്തിനുള്ള പൂർണമായ ജാമ്യവും നൽകി. യഥാർഥ കാര്യമെന്തെന്നാൽ പുരുഷനിലും സ്ത്രീയിലും പ്രകൃതിപരമായ അടിസ്ഥാനത്തിൽ ജനനത്തിന്റേയും ശാരീരികമായ ഘടനയുടേയും അടിസ്ഥാനത്തിലുള്ള വ്യത്യാസത്തെ ഇസ്ലാം അവഗണിച്ചിട്ടില്ല. അത് അവഗണിക്കാനും കഴിയില്ല. അത് പരിഗണിച്ചുകൊണ്ട് ഇസ്ലാം പുരുഷന്റേയും സ്ത്രീയുടേയും ചുമതലകൾ നിർണയിച്ചിരിക്കുന്നു. വീട്ടുകാര്യങ്ങൾ, കുട്ടികളുടെ പരിപാലനം, അവർക്ക് ശിക്ഷണം നൽകൽ തുടങ്ങിയവ സ്ത്രീകളുടെ ജോലിയാണ്. പുരുഷന്മാരുടെ ചുമതല ഭാര്യയുടെയും മക്കളുടേയും ആവശ്യമായ എല്ലാ കാര്യങ്ങളും അധ്വാനിച്ചും ജോലി ചെയ്തും സംഘടിപ്പിച്ചുകൊടുക്കലാണ്.

സ്ത്രീസ്വാതന്ത്ര്യത്തിന്റേയും സമത്വത്തിന്റേയും നാമധാരികളായ ധ്വജവാഹക

രുടെ കർമ പരമായ ചെയ്തികൾ നോക്കുക. അവർ സ്ത്രീകളെക്കൊണ്ടോ ജോലിയും ചെയ്യിക്കുന്നു. അടുക്കളയുടെ ചുമതലകളും കുട്ടികളുടെ പരിപാലനത്തിന്റേയും സംരക്ഷണത്തിന്റേയും ചുമതലയും അവരുടെമേൽ ഇടുന്നു. ഇതു സ്ത്രീകളുടെമേൽ സ്വാതന്ത്ര്യത്തിന്റേയും സമത്വത്തിന്റേയും പേരിൽ ചെയ്യുന്ന അക്രമമാണ്. ഇസ്‌ലാം ഇതിനു അനുവാദം നല്കുന്നില്ല. സ്ത്രീകൾക്കുവേണ്ടി ഇസ്‌ലാം സ്ഥാപിച്ചിട്ടുള്ള അവകാശങ്ങളുടേയും അവരോടുള്ള സൽപെരുമാറ്റത്തിന്റെ അധ്യാപനങ്ങളുടേയും അവർക്കു സമൂഹത്തിൽ നല്കിയിട്ടുള്ള ബഹുമതികളുടേയും മനോഹരമായ മാതൃക നമുക്ക് നബി(സ)തിരുമേനിയുടെ ദാമ്പത്യജീവിതത്തിൽ കാണാൻ കഴിയുന്നു.

മദീന ജീവിതകാലത്ത്, അന്ന് നബി(സ) തിരുമേനിക്ക് 50 വയസ്സു കഴിഞ്ഞിരുന്നു ശിക്ഷണവും ദേശീയമായ ആവശ്യവും പരിഗണിച്ച് പല വിവാഹങ്ങളും കഴിക്കേണ്ടിവന്നു. ഒരേ സമയത്ത് 9 ഭാര്യമാർവരെ അവിടത്തെ ശിക്ഷണത്തിലും പരിപാലനത്തിലും കഴിഞ്ഞു. എന്നാൽ, അങ്ങേയറ്റം മനോഹരമായ ഏർപാടോടും തികഞ്ഞ സമഭാവനയോടും നീതിയോടുംകൂടി എല്ലാവരോടുമുള്ള കടമ നിറവേറ്റി. എല്ലാവരേയും ശ്രദ്ധിച്ചു. അവരുടെ ആഢംബരത്തോടെയുള്ള ജീവിതം അവിടെ നിൽക്കട്ടെ, സമയത്തുള്ള ഭക്ഷണത്തിനുള്ള ഏർപാടുപോലും വളരെ പ്രയാസപ്പെട്ടാണ് ചെയ്തിരുന്നത്. ഇങ്ങനെയായിട്ടും എല്ലാ ഭാര്യമാർക്കും അങ്ങയോടൊപ്പം ജീവിക്കുന്നതിൽ അഭിമാനമായിരുന്നു. വിജയങ്ങളുടേയും സമരാർജിത സ്വത്തുക്കളുടേയും ആധിക്യകാലത്തും അല്ലാഹുവിന്റെ കൽപ്പനയാൽ നബി(സ)തിരുമേനി തന്റെ ഭാര്യമാരോടു പറഞ്ഞു, ലൗകികജീവിതവും അതിന്റെ സൗന്ദര്യവുമാണ് നിങ്ങളാഗ്രഹിക്കുന്നതെങ്കിൽ വരിക! നിങ്ങൾക്കതെല്ലാം നല്കി ഞാൻ നിങ്ങളെ വേർപെടുത്താം. അപ്പോൾ എല്ലാ ഭാര്യമാരും ഏതവസ്ഥയിലും തങ്ങൾ അങ്ങയോടൊപ്പം കഴിയാനാണാഗ്രഹിക്കുന്നതെന്ന് പറഞ്ഞു.

നബി(സ)തിരുമേനിയുടെ തന്റെ കുടുംബാംഗങ്ങളോടുള്ള അതിരറ്റ അനുകമ്പ സ്മരിച്ചുകൊണ്ട് ഹദ്റത്ത് ആഇശ(റ)പറയുന്നു: 'അവിടന്ന് സാധാരണക്കാരനെ പോലുള്ള ഒരു മനുഷ്യനായിരുന്നു. വസ്ത്രങ്ങളിൽ കണ്ടംവച്ച് സ്വയം തുന്നുമായിരുന്നു. ആടിനെ കറക്കുമായിരുന്നു. ചെരുപ്പുകളും വെള്ളംകോരുന്ന തൊട്ടികളും സ്വയം നന്നാക്കുമായിരുന്നു. രാത്രിയിൽ താമസിച്ചാണ് വരുന്നതെങ്കിൽ വീട്ടുകാരെ ഉണർത്തി ബുദ്ധിമുട്ടിക്കാതെ സ്വയംതന്നെ ഭക്ഷണമെടുത്തു കഴിക്കുമായിരുന്നു. പാല് സ്വയമെടുത്ത് കുടിക്കുമായിരുന്നു.

ഇതൊന്നും ആ പുണ്യവതികളും കൂറുള്ളവരുമായ ഭാര്യമാരുടെ ആത്മാർഥതയും കൂറും സുഖവും സന്തോഷവും പരിഗണിച്ചായിരുന്നില്ല. അവർ നബി(സ)തിരുമേനിയുടെ പരിശുദ്ധമായ ധാർമികതയെ അനുഭവിച്ചറിഞ്ഞവരായിരുന്നു. അവിടത്തെ സൽപെരുമാറ്റത്തിന്റേയും ദയയുടേയും കരുണയുടേയും കൃതജ്ഞരായിരുന്നു.

മാന്യശ്രോതാക്കളേ! നബി(സ)തിരുമേനിയുടെ തന്റെ ഭാര്യമാരോടുള്ള പെരുമാറ്റത്തേയും ദയയേയും അക്കാലഘട്ടത്തിലെ പശ്ചാത്തലത്തിൽ നോക്കുക. അക്കാലത്ത് അറബികളിൽ സ്ത്രീകൾക്ക് ഒരു വിലയും നിലയുമില്ലായിരുന്നു. എന്നല്ല പുരുഷന്മാർ അവരെ ചെരുപ്പിനുതുല്യമായിട്ടാണ് ഉപയോഗിച്ചിരുന്നത്. ഒരു സ്ത്രീയ ഇഷ്ടപ്പെട്ടില്ലെങ്കിൽ അവളെ മാറ്റി മറ്റൊന്നിനെ എടുത്തിരുന്നു. എന്നല്ല പെൺകുട്ടികളുടെ ജനനംപോലും ദുശ്ശകുനമായി കണ്ടിരുന്നു. ചില കഠിനഹൃദയർ പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയിരുന്നു. സ്ത്രീകളെ നിസ്സാരരും വിഡ്ഢികളുമായി മനസ്സിലാക്കി അവർ പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചു കേൾക്കുക പോലുമില്ലായിരുന്നു. അവരോടു കൂടിയാലോചിക്കുക എന്നത് തങ്ങളുടെ നിന്ദ്യതയ്ക്ക് കാരണമായി കരുതിയിരുന്നു. എന്നാൽ, നബി(സ)തിരുമേനി ഈ അബലകളേയും തരംതാണവരായി കരുതിയിരുന്നവരേയും ആദരവിന്റേയും മാന്യതയുടേയും ഏതു സ്ഥാനത്ത് പിടിച്ചിരുത്തിയെന്നാൽ എല്ലായിടത്തും സ്ത്രീ സ്വാതന്ത്ര്യത്തിനും സ്ത്രീ-പുരുഷ സമത്വത്തിനുവേണ്ടി മുദ്രാവാക്യമുയർത്തുന്ന ഈ വികസിത കാലഘട്ടത്തിലും അതിനുദാഹരണം ലഭിക്കുക പ്രയാസമാണ്.

അതിനാൽ മാനവികതയുടെ ഉപകാരി ഹദ്റത്ത് മുഹമ്മദുമുസ്ത്വഫാ(സ) തന്റെ ജീവിതത്തിന്റെ അവസാനം ചെയ്ത വിടവാങ്ങൽ പ്രസംഗത്തിലും-അത് മാനവികതയുടെ തല ഉയർത്തി നിറുത്തുന്നതും ഏറ്റവും ഉന്നതവുമായ പതാകയാണ്-അത് ഖിയാമത്തുന്നാൾവരെ വ്യക്തമായ നിലയിൽ പാറിക്കളിച്ചുകൊണ്ടിരിക്കും. മനുഷ്യകുലത്തിന് മാനവികതയുടെ പാഠം നല്കിക്കൊണ്ടിരിക്കും.

റസൂലിന്റെ പ്രേമിയും വാഗ്ദത്ത മഹ്ദിയും മസീഹും അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകരുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)പറയുന്നു: "അല്ലാഹുവിനെ അന്വേഷിച്ച് കണ്ടെത്തണമെങ്കിൽ മിസ്കീന്മാരുടെ ഹൃദയത്തിനടുത്ത് അന്വേഷിക്കുക. അതുകൊണ്ടാണ് പ്രവാചകന്മാർ മിസ്കീന്മാരുടെ വസ്ത്രം അണിഞ്ഞത്. അതുപോലെ വലിയജനതയിലെ ആളുകൾ ചെറിയ ജനതയിലെ ആളുകളെ പരിഹസിക്കരുത്. തന്റെ കുടുംബം തറവാടിത്തമുള്ളതാണെന്നും ആരും പറയരുത്. അല്ലാഹു പറയുന്നു, നിങ്ങളെന്റെ അടുത്തു വരുമ്പോൾ നിങ്ങളുടെ ജനതയേതാണെന്ന് ഞാൻ നിങ്ങളോടു ചോദിക്കുകയില്ല. നിങ്ങളുടെ കർമമെന്തായിരുന്നുവെന്നാണ് ഞാൻ ചോദിക്കുക. ഇപ്രകാരംതന്നെ നബി(സ)തിരുമേനി തന്റെ മകളോടു പറഞ്ഞു:മോളേ ഫാത്വിമാ!അല്ലാഹു വ്യക്തിയെ സംബന്ധിച്ച് ചോദിക്കുകയില്ല. നീ ഏതെങ്കിലും ദുഷ്കർമം ചെയ്താൽ നീ റസൂലിന്റെ മകളാണെന്ന പരിഗണനയിൽ നിനക്കു മാപ്പുതരികയില്ല."*(മൽഫൂദാത്ത് വാല്യം 3, പേജ് 370)*

വീണ്ടും പറഞ്ഞു: എന്റെ ജമാഅത്തിലുള്ളവർ പരസ്പരം ചെറുതും വലുതുമായി മനസ്സിലാക്കുന്നതും പരസ്പരം അഹങ്കരിക്കുന്നതും നിന്ദാദൃഷ്ടിയോടെ നോക്കുന്നതും ഞാനിഷ്ടപ്പെടുന്നില്ല. ചെറിയവനാരെന്നും വലിയവനാണെന്നും അറിയുന്നവൻ അല്ലാഹുവാണ്. ചിലയാളുകൾ വലിയവരോടു വളരെ മര്യാദയോടെ പെരുമാറുന്നു. വലിയവൻ മിസ്കീന്മാരുടെ കാര്യങ്ങൾ മിസ്ക്കീനതയോടെ കേൾക്കുന്നവനാണ്. അവനെ സന്തോഷിപ്പിക്കുന്നവനാണ്. അവൻ പറയുന്ന കാര്യങ്ങൾ ആദരവോടെ കേൾക്കുന്നവനാണ്. ദുഃഖമുണ്ടാക്കുന്ന ഒരു കാര്യവും പറയാതിരിക്കുക. നിങ്ങളുടെ സഹോദരനെ നിന്ദ്യനായി മനസ്സിലാക്കരുത്. ഒരേയൊരു അരുവിയിൽ നിന്ന് എല്ലാവരും കുടിക്കുന്നവരാകുമ്പോൾ ആരുടെ ഭാഗ്യത്തിലാണ് കൂടുതൽ കുടിക്കാൻ എഴുതപ്പെട്ടരിക്കുന്നതെന്ന് ആർക്കാണ് അറിയുക. ഭൗതികമായ നിയമങ്ങൾകൊണ്ട് ആരും ആദരണീയനും മഹാനുമാകുകയില്ല. അല്ലാഹുവിന്റെ പക്കൽ മുത്തഖിയാണ് വലിയവൻ. **ഇന്ന അക്റമക്കും ഇൻദല്ലാഹി അത്ഖാക്കും ഇന്നല്ലാഹ അലീമുൻ ഖബീർ"**(മൽഫൂദാത്ത് വാല്യം 1, പേജ് 22-23)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്)2004 ഡിസംബർ 17-ന് ചെയ്ത ഖുത്വ്ബയിൽ പറയുന്നു: ഈ മാതൃക ഒരിക്കലും പഴഞ്ചനാകുന്നതല്ല. പ്രത്യുത ഇന്നും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ഒരുമിച്ചുകൂട്ടണമെങ്കിൽ, അവന്റെ തൃപ്തി കരസ്ഥമാക്കണമെങ്കിൽ നബി(സ)തിരുമേനിയോടുള്ള സ്നേഹവാദത്തെ സത്യമായി സ്ഥാപിച്ച് കാണിക്കണമെങ്കിൽ ഈ മാതൃകയിലൂടെ നടക്കേണ്ടിവരും.

ഇന്ന് മറ്റു മുസ്‌ലിമീങ്ങളെ അപേക്ഷിച്ച് എല്ലാ അഹ്മദിയുടേയും നിർബന്ധ കടമയാണ്, തങ്ങളുടെ ചുറ്റുവട്ടത്തുള്ള ഇത്തരം ദുർബലരേയും നിരാശ്രയരേയും അന്വേഷിക്കുകയും അവരോടു നല്ല നിലയിൽ പെരുമാറുകയും നബി(സ)തിരുമേനിയോടു ഉണ്ടെന്നു പറയുന്ന സ്നേഹം സത്യപ്പെടുത്തി കാണിക്കുകയും ചെയ്യുക എന്നത്. അല്ലാഹു അതിനു തൗഫീഖ് നല്കുമാറാകട്ടെ.

*വ ആഖിറു ദഅ്വാനാ അനിൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ.*

"നമ്മുടെ ഉപദേശങ്ങളുടെ ആകസ്സാരം അഥവാ അതിന്റെ കഴമ്പ് ***ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്*** (അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ല; മുഹമ്മദ്(സ)അവന്റെ ദൂതനാകുന്നു) എന്നത്രെ. ഇവിടെ ഈ ലോകത്ത് നാം പുലർത്തിവരുന്നതും മറുലോകത്തേക്കു നാം കടക്കുന്ന സമയംവരെ ദൈവനുഗ്രഹത്താലും അവന്റെ സഹായത്താലും നമ്മോടു ഒട്ടിനില്ക്കുന്നതുമായ വിശ്വാസം ഇതാണ്. നമ്മുടെ ആത്മീയ നേതാവും യജമാനനുമായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനി 'ഖാത്തമുന്നബിയ്യീ' നും 'ഖയ്റുൽമുർസലീ' നും ആകുന്നു. അവിടത്തെ കൈയാൽ മതത്തിനു പൂർണിമയും അനുഗ്രഹപദവിയുടെ പരിപൂർത്തിയും വന്നു കഴിഞ്ഞു. അതു മുഖേന മനുഷ്യന് സത്യപാത കൈവരിച്ചുകൊണ്ട് അല്ലാഹുവിന്റെ അടുക്കലോളം എത്താനാവും. *(റൂഹാനീ ഖസായിൻ, വാല്യം 3, പേജ് 169, 170, ഇസാലയെ ഔഹാം പേജ് 137,138 ഒന്നാം പതിപ്പ്)*

ലേഖനം

# അല്ലാഹുവിന്റെ റസൂൽ സ്വല്ലല്ലാഹു അലയ്ഹിവസല്ലമിന്റെ സ്വഹാബിയാത്തിന്റെ അതുലിതമായ ആത്മസമർപണങ്ങൾ

**അമത്തുൽവസീഅ് ശമാഇല,** (നാഇബ് സ്വദ്ർ അവ്വൽ ലജ്ന ഇമാഇല്ലാഹ് ഭാരത്)

വിവർത്തനം: **മൗലവി സഫ്ർ അഹ്മദ്** കോഴിക്കോട്

ഇന്നത്തെ ഈ അനുഗൃഹീത സദസ്സിൽ എന്റെ പ്രസംഗ വിഷയം നബിതിരുമേനി(സ)യുടെ സ്വഹാബിയാത്തിന്റെ (സ്ത്രീസ്വഹാബാക്കളുടെ) പുണ്യചരിതമാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: **മൻഅമില സ്വാലിഹൻ മ്മിൻ ദകരിൻ ഔ ഉൻഥാ വഹുവ മുഅ്മിനുൻ ഫലനുഹ്‌യിയന്നഹൂ ഹയാത്തൻ ത്വയ്യിബത്തൻ വലനജ്സിയന്നഹും അജ്റഹും ബി അഹ്സനി മാ കാനൂ യഅ്മലൂൻ**(16:98)

പുരുഷനോ സ്ത്രീയോ ആരായാലും സത്യവിശ്വാസിയായുംകൊണ്ട് സൽക്കർമം ചെയ്യുന്നതായാൽ തീർച്ചയായും അയാളെ നാം നല്ലനിലക്ക് ജീവിപ്പിക്കും. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റവും നല്ലതനുസരിച്ച് നാം അവർക്ക് നിശ്ചയമായും അവരുടെ പ്രതിഫലം നൽകുന്നതുമാണ്.

ഇതേ പ്രകാരം ഹദീഥിൽ വന്നിരിക്കുന്നു. ഹദ്റത്ത് ഉമർ(റ) നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ നബി(സ)തിരുമേനി ഇപ്രകാരം പറയുന്നത് കേട്ടു: "ഞാനെന്റെ സ്വഹാബിമാരുടെ വ്യത്യാസത്തെക്കുറിച്ച് അല്ലാഹുവിനോടു ചോദിച്ചപ്പോൾ അല്ലാഹു എന്നിൽ ഇപ്രകാരം വെളിപാടിറക്കി: മുഹമ്മദേ(സ), നിന്റെ സ്വഹാബാക്കൾ എന്റെ പക്കൽ ആകാശത്തിലെ നക്ഷത്രങ്ങളെ പോലെയാണ്. ചിലർ ചിലരെക്കാൾ പ്രകാശമുള്ളത്. പക്ഷേ, പ്രകാശം എല്ലാവരിലുമുണ്ട്. അതിനാൽ ആരാണോ നിന്റെ ഏതെങ്കിലും സ്വഹാബിയെ പിൻപറ്റിയത് അവൻ എന്റെ പക്കൽ സന്മാർഗം പ്രാപിച്ചവനായിരിക്കും. ഹദ്റത്ത് ഉമർ(റ) ഇങ്ങനേയും പറഞ്ഞു: നബി(സ)തിരുമേനിപറഞ്ഞു: എന്റെ സ്വഹാബാക്കൾ നക്ഷത്രങ്ങളെ പോലെയാണ്. അവരിൽ ആരെ നിങ്ങൾ പിൻപറ്റിയാലും സന്മാർഗം പ്രാപിക്കുന്നതായിരിക്കും. *(മിശ്ക്കാത്ത്, കിതാബുൽമനാഖിബ് മനാഖിബുസ്സ്വഹാബ)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: "വിശുദ്ധ ഖുർആനിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് മതചരിത്രത്തിൽ സ്ത്രീകൾക്ക് വലിയ സ്ഥാനമാണെന്നും സ്ത്രീകളുടെ പ്രശംസനീയമായ പ്രവൃത്തികൾക്ക് അല്ലാഹു സാക്ഷ്യം വഹിച്ചിട്ടുണ്ടെന്നുമാണ്. വിവരിച്ചു: സ്തുത്യർഹവും സുപ്രധാനവുമായ പ്രവൃത്തികൾ കാരണത്താൽ പുരുഷന്മാർ അതിന്റെ പ്രതിഫലത്തിൽ പങ്കാളിയാക്കപ്പെട്ടതുപോലെ സ്ത്രീകളും ആ പ്രതിഫലങ്ങളിൽ പാങ്കാളിയാക്കപ്പെട്ടു. അല്ലെങ്കിൽ അനുഗ്രഹിക്കപ്പെട്ടു. *(സ്ത്രീകളോടുള്ള പ്രഭാഷണം, 2018 ജർമനി ജൽസ സാലാന)*

പ്രിയ സഹോദരിമാരേ, നമ്മുടെ മുമ്പാകെ സദാസമയവും സ്വഹാബിമാരുടെ പ്രകാശമാനമായ മാതൃകകളെ ഓർക്കാനും നമ്മുടെ സത്യവിശ്വാസം പ്രോജ്ജ്വലമാക്കാനും നമ്മളിലും നമ്മുടെ മക്കളിലും ആ ആവേശവും ദീനിനോടുള്ള സ്നേഹവും ഉണ്ടാക്കുന്നതിനും സ്വഹാബിയാത്തിന്റെ (സ്ത്രീ സഹാബിമാരുടെ) പുണ്യചരിതവും അവരുടെ പരിശുദ്ധ ജീവിതത്തിലെ മഹത്തായ ത്യാഗങ്ങളുടെ സംഭവങ്ങളും അയവിറക്കേണ്ടതാവശ്യമാണ്. അങ്ങനെ നമ്മളും ഇസ്‌ലാമിനുവേണ്ടി നമ്മുടെ ജീവനും സമ്പത്തും സമയവും സന്താനങ്ങളും ത്യാഗം ചെയ്യുന്നതിന് സദാസമയവും തയ്യാറായിരിക്കേണ്ടതാണ്.

നബി(സ)തിരുമേനിയുടെ സ്ത്രീസ്വഹാബിമാരുടെ ജീവിതം വായിക്കുമ്പോൾ മറ്റൊരുമതത്തിലും കാണാൻ സാധിക്കാത്ത നിലയിൽ ഇസ്‌ലാം മതത്തിനുവേണ്ടി അവർ ചെയ്ത ത്യാഗങ്ങളുടെ മാതൃകകൾ കാണാൻ കഴിയും. ചിലത് സാമ്പത്തികമായ ത്യാഗങ്ങളുടെ വെട്ടിത്തിളങ്ങുന്ന മാതൃകകളാണ്. ചിലത് അവരുടെ അന്തസ്സ് ത്യാഗം ചെയ്തതാണ്. ചിലത് ജീവൻ സമർപ്പിച്ചുള്ള മാതൃകകളാണ്. ചിലത് നീ പിന്തിരിയുകയാണെങ്കിൽ ഖിയാമത്തുന്നാളിൽ എന്റെ മുലപ്പാൽ നിഷിദ്ധമായിരിക്കുമെന്ന് മക്കളെ ഉപദേശിക്കുന്ന മാതാവിന്റെ മാതൃകയാണ്. ഇപ്രകാരം ഈമാൻ വർധിപ്പിക്കുന്ന ധാരാളം സംഭവങ്ങൾ ദർശിക്കാൻ കഴിയുന്നു. ഇസ്‌ലാമിക ആകാശത്തിൽ ഈ സ്ത്രീ സ്വഹാബിമാർ പ്രകാശമാനമായ നക്ഷത്രങ്ങളെപോലെ വെട്ടിത്തിളങ്ങിക്കൊണ്ടിരിക്കുന്നു. സ്ത്രീ സ്വഹാബാക്കളുടെ നിരുപമമായ ത്യാഗങ്ങൾ ഒരു നീണ്ടശൃംഖലയാണ്. ഏതാനും മിനുട്ടുള്ള ഒരു പ്രസംഗത്തിൽ സകലതും വിവരിക്കുക എന്നത് ഏറെ ദുഷ്കരവുമാണ്. ഇന്ന് ചില സ്ത്രീ സ്വഹാബാക്കളുടെ ത്യാഗത്തെ കുറിച്ച് ഞാൻ സ്മരിക്കുന്നതായിരിക്കും. അവർ അല്ലാഹുവിനോടും അവന്റെ റസൂലിനോടും കൂറിന്റേയും വിശ്വാസത്തിന്റേയും സ്നഹത്തിന്റേയും അത്ഭുതാവഹമായ മാതൃകകൾ നിലനിറുത്തുകയുണ്ടായി. മതത്തിനുവേണ്ടി ത്യാഗങ്ങൾ വരിക്കുകയും ബുദ്ധിമുട്ടുകൾ സഹിക്കുകയും യുദ്ധമുന്നണിയിൽ പല രീതിയിലുള്ള സേവനങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു.

പ്രിയ ശ്രോതാക്കളേ! ഏറ്റവുമാദ്യമായി സത്യവിശ്വാസികളുടെ മാതാവ് ഹദ്റത്ത് ഖദീജയെ കുറിച്ച് സ്മരിക്കുന്നതാണ്. അവർക്ക് എല്ലാവിധ ത്യാഗങ്ങൾക്കും ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി.

40-ാം വയസ്സിൽ അവരുടെ വിവാഹം നബി(സ)തിരുമേനിയുമായി നടന്നു. കുടുംബക്കാരിൽനിന്ന് അവർക്കുകിട്ടിയ മുഴുവൻ സ്വത്തും നബി(സ)തിരുമേനിയുടെ കാൽക്കീഴിൽ കൊണ്ടുവന്നിട്ടു. കാരണം തന്റെ കൂട്ടുകാരൻ വിശ്വസ്തനും കൂറുള്ളവനുമാണെന്ന് അവരുടെ ഹൃദയത്തിൽ ദൃഢവിശ്വാസമുണ്ടായിരുന്നു. ഇതു വലിയൊരു ത്യാഗമാണ്. ഈ സമ്പത്ത് ഇസ്‌ലാമിന്റെ ദൃഢതയ്ക്ക് പ്രധാന പങ്കാണ് വഹിച്ചത്. നബി(സ)തിരുമേനിയ്ക്ക് സമ്പത്തിനോടു ഒരു ആർത്തിയുമില്ലെന്നും അദ്ദേഹത്തിന്റെ സ്വഭാവം വളരെ മാന്യമാണെന്നും ജനങ്ങൾ മനസ്സിലാക്കിയിരുന്നു. അദ്ദേഹം ദരിദ്രരോടും അഗതികളോടും അങ്ങേയറ്റം അനുകമ്പയുള്ളയാളാണെന്നും അവർ തിരിച്ചറിഞ്ഞു. അടിമകളെ മോചിപ്പിക്കുന്നതിലൂടെ മനുഷ്യന്റെ അവകാശങ്ങളുടെ കാര്യത്തിൽ ശ്രദ്ധിക്കാറുണ്ടെന്ന കാര്യവും അവർക്കറിയാമായിരുന്നു. ഒരു സ്ത്രീയുടെ ത്യാഗം ഇസ്‌ലാമിന് വളരെയധികം പ്രയോജനപ്പെട്ടു. അതിനുള്ള സാക്ഷ്യം സ്വയം നബി(സ)തിരുമേനി തന്നെ നൽകുകയും ചെയ്തു. നബി(സ)തിരുമേനി പറഞ്ഞു: മറ്റുള്ളവർക്ക് തൗഫീഖ് ലഭിക്കാത്ത സമയത്ത് ഖദീജ തന്റെ ധനംകൊണ്ട് എന്നെ സഹായിച്ചു." *(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 6, പേജ് 118)*

തന്റെ ഭർത്താവിന്റെ ആരാധന കണ്ടപ്പോൾ അതിൽ അവർ തടസ്സം നിന്നില്ല. പ്രത്യുത സഹായിയായി മനസ്സുകൊണ്ടും ശരീരംകൊണ്ടും സേവിക്കുകയാണ് ചെയ്തത്. ഹിറാഗുഹയിൽ തനിച്ച് ആരാധന നടത്തുന്ന കാലത്ത് സ്വയം ഭക്ഷണം പാകംചെയ്ത് കൊണ്ടുകൊടുക്കുമായിരുന്നു. കൂടുതൽ ദിവസം തങ്ങുമ്പോൾ ഭക്ഷണം സ്വയംതന്നെ എടുത്തുകൊണ്ട് ഹിറാഗുഹയിൽ പോകുമായിരുന്നു. ഉയർന്നതും കൽപ്രദേശവുമായ ഹിറാഗുഹയെ ഒന്ന് മനസ്സിൽക്കരുതിക്കൊണ്ട് ഈ സ്ത്രീരത്നത്തിന്റെ ത്യാഗത്തെകുറിച്ച് ചിന്തിച്ചുനോക്കുക. അല്ലാഹുവിന്റെ ഭാഗത്തുനിന്ന് പ്രശംസിച്ചുകൊണ്ടുള്ള സന്ദേശം വരത്തക്കവിധത്തിൽ ഇതു മഹത്തായൊരു പ്രവൃത്തിയായിരുന്നു. ഹദ്റത്ത് ജിബ്‌രീൽ(അ) വന്നുകൊണ്ട് പറഞ്ഞു:

'യാറസൂലല്ലാഹ്! ഹദ്റത്ത് ഖദീജ(റ) ഭക്ഷണപാത്രവുമായി അങ്ങയുടെ അടുക്കൽ വന്നാൽ അല്ലാഹുവിന്റേയും എന്റേയും സലാം അവരോടു പറയുക. സ്വർഗത്തിൽ മുത്തുകളുടെ കൊട്ടാരത്തെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുക. അതിലൊരു ഒച്ചയോ ബഹളമോ ക്ഷീണമോ ഉണ്ടാകുകയില്ല.' *(സ്വഹീഹ് മുസ്‌ലിം, കിത്താബുൽ ഫളായിൽ)*

നബി(സ)തിരുമേനിക്ക് നുബുവ്വത്തു പദവി പ്രദാനം ചെയ്യപ്പെട്ടപ്പോൾ അവരിരുവരുടേയും സ്നേഹത്തിന് 15 വർഷം തികഞ്ഞിരുന്നു. അവരുടെ ചിന്തയും പൊതു അഭിപ്രായവും ഒന്നുനോക്കുക. ദൃഢഗാത്രയായ ഈ സ്ത്രീരത്നം അദ്ദേഹത്തെ അനുകൂ

ലിച്ചുകൊണ്ടു പറഞ്ഞ വാക്ക് അദ്ദേഹത്തിന്റെ ഉത്തമമായ മാതൃകയുടെ കണ്ണാടിയായി മാറി. ഹദ്റത്ത് ഖദീജ(റ) പറഞ്ഞു: 'ഇല്ല. അല്ലാഹുസത്യം! അവൻ അങ്ങയെ ഒരിക്കലും അപമാനിക്കുകയില്ല. അങ്ങ് കുടുമബബന്ധം പുലർത്തുന്നു. പരാശ്രയരുടെ ഭാരം ചുമക്കുന്നു. അഗതികൾക്ക് സ്വയം അധ്വാനിച്ച് സഹായം ചെയ്തുകൊടുക്കുന്നു. അതിഥികളെ സൽക്കരിക്കുന്നു. വിവപൽ ഘട്ടങ്ങളിൽ ശരിയായ സഹായം നൽകുന്നു.' ഇത്തരം ധാർമികഗുണങ്ങളുള്ള മനുഷ്യന് എന്തപായം വരാനാണ്?' *(ബുഖാരി, കിതാബുൽ വഹീ)*

എതിരാളികൾ ഇസ്ലാമിനോടും ഇസ്ലാംമത സ്ഥാപകരോടും കാണിച്ച ശത്രുതയുടെ കാഠിന്യം ഖദീജബീബീ കണ്ടതാണ്. നുബുവ്വത്തിന്റെ ഏഴാം വർഷം ഖുറയ്ശികൾ ഇസ്ലാമിനെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി മുഹമ്മദിനേയും അദ്ദേഹത്തിന്റെ കുടുംബത്തേയും അബീത്വാലിബിന്റെ അധീനത്തിലുണ്ടായിരുന്ന ഒരു താഴ്വരയിൽ അഭയം തേടാൻ നിർബന്ധിതരാക്കി. ഈ തടവുകാരിൽ നബി(സ) തിരുമേനിയോടൊപ്പം ഹദ്റത്ത് ഖദീജബീബീയുമുണ്ടായിരുന്നു. തുടർച്ചയായ മൂന്നു വർഷം അവിടെ പലവിധ ത്യാഗം സഹിച്ച് കഴിയേണ്ടിവന്നു. തുറന്ന ആകാശത്തിൻ കീഴിൽ വിശപ്പും ദാഹവും കാലാവസ്ഥയുടെ കാഠിന്യവും ബന്ധുമിത്രാദികളിൽ നിന്നുള്ള വേർപെടുത്തലുമെല്ലാം സഹിച്ചു. പക്ഷേ, അല്ലാഹുവിന്റെ റസൂലിനെ അവർ കൈവിട്ടില്ല. എന്നാൽ, പട്ടിണി അതിന്റെ ലക്ഷണം കാണിക്കാൻ തുടങ്ങി. ഈ ദിവസങ്ങളിലെ ബുദ്ധിമുട്ടുകളും ക്ലേശങ്ങളും സഹിക്കവയ്യാതെ നബി(സ)തിരുമേനിയുടെ കരാർ പൂർത്തിയാക്കുന്ന ഈ ഭാര്യ മരണപ്പെട്ടു. (ഇന്നാലില്ലാഹി) നബി(സ) തിരുമേനിക്ക് ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഖദീജയുടെ വേർപാട് ജീവിതകാലം മുഴുവൻ മറക്കാൻ കഴിഞ്ഞില്ല. അവർ അങ്ങേയറ്റം ഭാഗ്യവതിയായ സ്ത്രീയാണ്. അവരെക്കുറിച്ച് നബി(സ) തിരുമേനി ഇപ്രകാരം പറഞ്ഞു: "ഖദീജയേക്കാൾ ഉന്നതരായവർ മറ്റാരുമില്ല. ലോകം മുഴുവനും എന്നെ നിഷേധിച്ചപ്പോൾ അവർ എന്നിൽ വിശ്വാസമർപ്പിച്ചു. ലോകം മുഴുവനും എന്നെ കളവാക്കിയപ്പോൾ അവർ എന്നെ സത്യപ്പെടുത്തി. മുഴുവൻ ആളുകളും എന്നെ ഉപേക്ഷിച്ചപ്പോൾ തന്റെ ധനംകൊണ്ട് അവരെന്നെ സഹായിച്ചു. എന്റെ ഗുണകാംക്ഷിയായി. അല്ലയോ ആഇശാ, ഞാനെന്ത് ചെയ്യാനാണ്. ഖദീജയോടുള്ള സ്നേഹം ഞാൻ കുടിപ്പിക്കപ്പെട്ടിരിക്കുന്നു. എന്റെ ഹൃദയത്തിൽ ഇടപ്പെടുകയും ചെയ്തിരിക്കുന്ന. *(മുസ്ലിം)*

ബഹുമാനപ്പെട്ട മൗലാന ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബിന്റെ വാക്കുകളിൽ ഞാൻ അവർക്ക് അഭിമാനമർപ്പിക്കുന്നു. അദ്ദേഹം പറയുന്നു: ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഖദീജ(റ) ഇന്ന് ഈ ലോകത്തില്ല. അവരുടെ ഖബ്റിന്റെ അടയാളവും നശിപ്പിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, അവരുടെ പേരും പ്രവൃത്തിയും രണ്ടും എന്നെന്നും ജീവിച്ചിരിക്കുന്നവയാണ്. അതേപ്രകാരം നബി(സ)തിരുമേനിയുടെ അനുഗൃഹീത ചുണ്ടിൽനിന്ന് പുറപ്പെട്ട പ്രശംസാവാചകങ്ങളും ഈ അന്തരീക്ഷത്തിൽനിന്ന് മായ്ച്ചുകളയാനും സാധിക്കുകയില്ല. അതു നിശ്ചയമായും റസൂലിന്റെ ഓരോപ്രേമിയുടെ മനസ്സിലും ഹൃദയത്തിലും ബുദ്ധിയിലും സുരക്ഷിതമാണ്. ഖിയാമത്തുന്നാൾവരെ അവ മുഴങ്ങിക്കൊണ്ടിരിക്കും. ഹദ്റത്ത് ഖദീജ(റ) പ്രതാപത്തിന്റേയും പവിത്രയുടേയും ശാശ്വതമായ പീഠത്തിലിരിക്കുന്ന ജീവനുള്ള നബിയുടെ, റസൂലിന്റെ , രാജകുമാരനായ മുഹമ്മദിന്റെ ആദ്യത്തെ ജീവിതസഖി എന്ന നിലയും തീർച്ചയായും ഇരുലോകത്തിലും അവർ രാജ്ഞിയാണ്.

മുഹമ്മദിന്റെ നാഥനാണെ സത്യം! ലോകത്തുള്ള ഒരു വൻശക്തിക്കും അവരുടെ ഈ ആത്മീയകിരീടം തട്ടിയെടുക്കാൻ സാധിക്കുകയില്ല. അതേപോലെ അവരുടെ ആത്മീയ സാമ്രാജ്യത്തിന് ഒരിക്കലും മങ്ങലേൽക്കുകയുമില്ല. **അല്ലാഹുമ്മ സ്വല്ലി അലാ സയ്യിദിനാ വ മൗലാനാ മുഹമ്മദിൻ വ അലാ അസ്വാജി മുഹമ്മദിൻ വ ബാരിക് വ സല്ലിം ഇന്നക്ക ഹമീദുൻമ്മജീദ്."**

രണ്ടാമത്തെ സ്മരണ നബി(സ)തിരുമേനിയുടെ പ്രേമഭാജനമായ ഹദ്റത്ത് ആയിശയുടേതാണ്. അല്ലാഹു ഹദ്റത്ത് ആഇശ(റ)യുടെ ചിത്രം പട്ടുറുമ്മാലിൽ പൊതിഞ്ഞതായി നബി(സ)തിരുമേനി കണ്ടു. ഹദ്റത്ത് ആഇശ(റ) ചുരുങ്ങിയത് 9 വർഷമാണ് നബി(സ)തിരുമേനിയുടെ കൂടെ ജീവിച്ചത്. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഓരോ നിമിഷവും ഹദ്റത്ത് ആഇശ(റ) ആ മഹാത്മാവിൽ നിന്ന് മതം പഠിക്കുകയും അദ്ദേഹത്തിന്റെ ഓരോ അനക്കമടക്കവും വളരെ ശ്രദ്ധയോടുകൂടി വീക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവർ മതപഠനത്തിൽ അവഗാഹംനേടി. അതിന്റെ ഫലമായി ഹദ്റത്ത് ആഇശ(റ) മുജ്തഹ്ദീൻ (മതപരമായ കാര്യങ്ങൾ തീരുമാനിക്കുന്ന പണ്ഡിതയായ സ്വഹാബി) എന്നതിൽ ഉൾപ്പെട്ടിരുന്നു.

ജാമിഅത്തുത്തിർമുദിയിൽ ഹദ്റത്ത് അബൂ മൂസ അശ്അരി(റ) നിവേദനം ചെയ്ത ഹദീഥ് ഇപ്രകാരമാണ്. ഹദ്റത്ത് ആഇശയോടു ഏതെങ്കിലും കാര്യം ചോദിച്ചിട്ട് അതിനുള്ള മറുപടി ലഭിക്കാത്ത പ്രയാസകരമായ ഒരു കാര്യവുമുണ്ടായിരുന്നില്ല. ഹദ്റത്ത് ആഇശ(റ) ചെറുപ്രായത്തിലായിരുന്നിട്ടും നബിതിരുമേനിയുടെ ഭാര്യയായി. നബി(സ)തിരുമേനിയോട് പരിപൂർണമായി സഹകരിച്ചു. നബി(സ) തിരുമേനി ഭയഭക്തിയോടുകൂടിയുള്ള ജീവിതമായിരുന്നു നയിച്ചത്. ദിവസങ്ങളോളം അടുപ്പിൽ തീ പുകഞ്ഞിരുന്നില്ല. മണ്ണുകൊണ്ട് നിർമിച്ച വീടായിരുന്നു. ഹദ്റത്ത് ആഇശ തന്നെയാണ് വീട്ടിലെ മുഴുവൻ ജോലിയും ചെയ്തിരുന്നത്. ഗോതമ്പ് പൊടിക്കുകയും കുഴയ്ക്കുകയും ഭക്ഷണം പാകം ചെയ്യുകയും ചെയ്തിരുന്നു. നബി(സ)തിരുമേനിയുടെ വിരിപ്പ് എപ്പോഴും സ്വന്തം കൈകൊണ്ട് വിരിക്കാറുണ്ടായിരുന്നു. തലഭാഗത്ത് വെള്ളവും മിസ്വാക്കും വെച്ചിരുന്നു. അവർ പറയുന്നു: ഭാര്യമാരായ ഞങ്ങളുടെ ഓരോരുത്തരുടേയും പക്കൽ ഒരു ജോഡി വസ്ത്രമല്ലാതെ മറ്റൊരു വസ്ത്രമുണ്ടായിരുന്നില്ല. അവർ യുദ്ധങ്ങളിൽ നബി(സ)തിരുമേനിയുടെ കൂടെ പങ്കെടുക്കാറുണ്ടായിരുന്നു. മുറിവേറ്റവർക്ക് വെള്ളം കുടിപ്പിക്കുന്ന സേവനവും ചെയ്യാറുണ്ടായിരുന്നു.

വിജയം കൈവരിക്കാൻ തുടങ്ങുകയും യുദ്ധമുതൽ ധാരാളമായി വരികയും ചെയ്തപ്പോൾ ഭാര്യമാരും ചെലവിനായി അധികം ആവശ്യപ്പെട്ടു. അതിൽ നബി(സ) തിരുമേനിക്ക് അതൃപ്തി തോന്നി. അദ്ദേഹം ഒരുമാസംവരെ മുഴുവൻ ഭാര്യമാരിൽ നിന്നും വിട്ടുനിന്നു. കരാറിന്റെ കാലാവധി അവസാനിച്ചപ്പോൾ നബി(സ)തിരുമേനി ഏറ്റവുമാദ്യം ഹദ്റത്ത് ആഇശയുടെ(റ)വീട്ടിലാണ് പോയത്. ആ സമയത്ത് അല്ലാഹുവിന്റെ കൽപ്പന അഹ്സാബ് അധ്യായത്തിലെ 29,30 വചനം കേൾപ്പിച്ചു. അവയുടെ അർഥം ഇപ്രകാരമാണ്.

“ഓ നബി! നിന്റെ ഭാര്യമാരോടു പറയുക, നിങ്ങൾ ഐഹികജീവിതത്തേയും അതിന്റെ അലങ്കാരത്തേയുമാണ് ഉദ്ദേശിക്കുന്നതെങ്കിൽ വരൂ, ഞാൻ നിങ്ങൾക്ക് ജീവിതവിഭവങ്ങൾ നൽകുകയും മാന്യമായ നിലയിൽ നിങ്ങളെ വിട്ടയക്കുകയും ചെയ്യാം. (നേരെമറിച്ച്)അല്ലാഹുവിനേയും അവന്റെ ദൂതനേയും പരലോകത്തേയുമാണ് നിങ്ങളുദ്ദേശിക്കുന്നതെങ്കിൽ നിങ്ങളിൽനിന്നുള്ള സൽക്കർമകാരികൾക്ക് അല്ലാഹു മഹത്തായ പ്രതിഫലമാണൊരുക്കിവെച്ചിട്ടുള്ളത്.”

നബി(സ)തിരുമേനി പറഞ്ഞു:“നിങ്ങൾ ഇതിന് മറുപടി നല്കുക.”

പ്രിയശ്രോതാക്കളേ! യുദ്ധമുതൽ ധാരാളമായി വരുന്നതുകണ്ട് ഒരുപക്ഷേ, ഭാര്യമാർ ചെലവിന് ധാരാളം ചോദിച്ചിട്ടുണ്ടായിരിക്കും. എന്നാൽ, നബി(സ)തിരുമേനിയുടെ വെറുപ്പ് ആരാണ് സഹിക്കുക. ഹദ്റത്ത് ആഇശ(റ) പെട്ടെന്നുതന്നെ മറുപടി പറഞ്ഞു: 'എന്റെ യജമാനരേ! അല്ലാഹുവിനേയും അവന്റെ റസൂലിനേയും പരലോകത്തേയുമാണ് ഞാനിഷ്ടപ്പെടുന്നത്. മറ്റുള്ള ഭാര്യമാരും ഇതേ മറുപടിതന്നെ പറഞ്ഞു. ലോകത്തുള്ള മുഴുവൻ സ്ത്രീകൾക്കുംവേണ്ടി ഒരു മാതൃകയായി അവർ നിലനിന്നു.

നബി(സ) തിരുമേനി വഫാത്താകുമ്പോൾ ഹദ്റത്ത് ആഇശ(റ)യുടെ പ്രായം വെറും 20 വയസ്സായിരുന്നു. അവർ അങ്ങേയറ്റം സഹനത്തിന്റേയും സ്ഥൈര്യത്തിന്റേയും മാതൃക കാഴ്ചവെച്ചു. അവർ താമസിച്ചിരുന്ന മുറി നബി(സ)തിരുമേനിയുടെ അന്ത്യ വിശ്രമസ്ഥലമാക്കി മാറ്റി. പിന്നീട് ഹദ്റത്ത് അബൂബ്ക്റിനേയും ഈ മുറിയിലാണ് ഖബറടക്കം ചെയ്തത്. ഹദ്റത്ത് ആഇശ(റ)യുടെ വ്യക്തിത്വത്തിൽ വൈകാരികമായ വലിയ മാതൃക അടങ്ങിയിട്ടുണ്ട്. ഹദ്റത്ത് ആഇശ(റ)തന്റെ മുറിയിൽ ബാക്കിസ്ഥലം തനിക്കായി മാറ്റിവെച്ചതാണ്. എന്നാൽ, ഹദ്റത്ത് ഉമർ തന്റെ മകനെ ഹദ്റത്ത് ആഇശ(റ)യുടെ അടുത്ത് അയക്കുകയും തന്നെയും ആ മുറിയിൽ ഖബ്റടക്കം ചെയ്യാൻ അനുവാദം ചോദിക്കുകയും ചെയ്തപ്പോൾ ഹദ്റത്ത് ഹദ്റത്ത് ആഇശ(റ) പറഞ്ഞു: 'ഈ സ്ഥലം ഞാൻ എനിക്കായി മാറ്റിവെച്ചതാണ്. എന്നാൽ, ഞാൻ എന്റെ അസ്തിത്വത്തേക്കാളും ഉമറിന് മുൻഗണന നൽകുന്നു. എന്റെ അങ്ങേയറ്റത്തെ

പ്രേമഭാജനമായ ഭർത്താവിനോടൊപ്പവും മഹാനായ പിതാവിനോടൊപ്പവും എന്റെ ഖബ്റടക്കം ചെയ്യണമെന്ന എന്റെ ആഗ്രഹത്തെ ഖലീഫയുടെ ആഗ്രഹം പൂർത്തിയാക്കുന്നതിനുവേണ്ടി ഞാൻ ബലികഴിക്കുകയാണ്.'

പ്രിയ ശ്രോതാക്കളേ! ഹദ്റത്ത് ഉമ്മുസലമയുടെ അവസ്ഥ നോക്കിയാലും. അവർ അങ്ങേയറ്റം അഭിമാനത്തോടും അനുഗ്രഹത്തോടുംകൂടിയാണ് ജീവിച്ചിരുന്നത്. മുസ്‌ലിമായതിനുശേഷം തന്റെ ഭർത്താവിനോടൊപ്പം ഹബ്ശയിലേക്ക് പലായനം ചെയ്തു. അവരുടെ ഭർത്താവ് നബി(സ) തിരുമേനിയുടെ മുലകുടിബന്ധത്തിലുള്ള സഹോദരനായിരുന്നു. ഇവരാണ് ആദ്യം പലായനം ചെയ്ത സ്ത്രീ. ഹബ്ശയിൽ നിന്ന് തിരിച്ചുവന്ന് മദീനയിലേക്ക് പലായനം ചെയ്യാൻ ആഗ്രഹിച്ചതും അവർതന്നെ. കാരണം മക്ക ആദ്യത്തേതിനേക്കാളും കൂടുതൽ രക്തദാഹിയായിരുന്നു. ഹിജ്റത്ത് സമയത്ത് അവരുടെ ഗോത്രം തടസ്സപ്പെടുത്തുകയും അവരെ പോകാൻ അനുവദിക്കാതിരിക്കുകയും ചെയ്തു. അവസാനം അബൂസലമ തനിച്ച് മദീനയിൽ പോയി. അദ്ദേഹം പോയതിനുശേഷം ഭാര്യവീട്ടുകാർ അവരുടെ നിഷ്കളങ്കയായ പുത്രി സലമയെ തട്ടിക്കൊണ്ടുപോയി. ഉമ്മു സലമയ്ക്ക് അങ്ങേയറ്റത്തെ വിഷമമുണ്ടായി. ദിനംപ്രതി അവർ ഭയന്നുകൊണ്ട് പുറത്ത് മൈതാനത്തിലിറങ്ങി വരും. മുഴുവൻ പകലും കരയുകയും ചെയ്തു. ഒരു വർഷംവരെ അതു തുടർന്നു. അവസാനം അവരുടെ പിതൃവ്യസഹോദരന്മാർക്ക് കരുണ തോന്നി. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ അടിയാറുകളേ! നിങ്ങൾ ഈ വിനീതയായ അഗതിയെ എന്തുകൊണ്ട് മോചിപ്പിക്കുന്നില്ല. അപ്പോൾ അവർക്കും ദയതോന്നി. അങ്ങനെ അവർക്ക് അവരുടെ ഭർത്താവിന്റെയടുക്കൽ പോകാൻ അനുമതി കൊടുത്തു. പിന്നീട് ഭാര്യാവീട്ടുകാർക്കും കരുണ തോന്നുകയും കുട്ടിയെ അവർക്ക് കൊടുക്കുകയും ചെയ്തു. അങ്ങനെ ഉമ്മുസലമ(റ) മദീനയിലെത്തി. അവരുടെ ഭർത്താവ് അബൂസലമ കുതിരസവാരിയിൽ നൈപുണ്യമുള്ളയാളായിരുന്നു. അദ്ദേഹത്തിന് ഉഹുദു യുദ്ധത്തിൽ ഗുരുതരമായ പരിക്കേറ്റു. അതിന്റെ ഫലമായി അദ്ദേഹം വഫാത്തായി. വഫാത്ത് വിവരം കേട്ടയുടനെ നബി(സ) തിരുമേനി അദ്ദേഹത്തിന്റെ വീട്ടിലെത്തി. അവിടെ അലമുറയുയർന്നിരുന്നു. ഉമ്മുസലമ(റ) പറയാറുണ്ടായിരുന്നു. ഈ ദാരിദ്ര്യത്തിലെന്ത് മരണമാണുണ്ടായത്. നബി(സ) തിരുമേനി ക്ഷമ കൈക്കൊള്ളാൻ ഉപദേശിച്ചു. അല്ലാഹു ഇദ്ദേഹത്തേക്കാൾ ഉത്തമനായ പ്രതിനിധിയെ നൽകട്ടെ എന്ന് ദുആ ചെയ്യാൻപറയുകയും ചെയ്തു. നബി(സ)തിരുമേനി ഉമ്മുസലമയുടെ ജനാസ നമസ്കാരത്തിൽ 9 തക്ബീർ ചൊല്ലി. ഇതിനെക്കുറിച്ച് നബി(സ)തിരുമേനിയോട് ചോദിച്ചപ്പോൾ ഇദ്ദേഹം ആയിരം തക്ബീറിന് അർഹതപ്പെട്ടയാളായിരുന്നുവെന്നാണ് നബി(സ)തിരുമേനി മറുപടി പറഞ്ഞത്. ആ സമയത്ത് ഉമ്മുസലമ ഗർഭിണിയായിരുന്നു. പ്രസവത്തിന് കുറേകാലത്തിനു ശേഷം നബി(സ)തിരുമേനി അവരെ വിവാഹം കഴിക്കാനുള്ള അനുവാദം ചോദിച്ചു. ഞാൻ വലിയ ലജ്ജയുള്ളവളാണ്. കുട്ടികളുള്ളവളാണ്. വയസ്സും കൂടുതലാണ്. നബി(സ)തിരുമേനി ഈ എല്ലാ ഒഴിവുകൾക്കും തൃപ്തികരമായ മറുപടി നൽകി. തന്നിമിത്തം അവരുടെ വിവാഹം നബി(സ) തിരുമേനിയുമായി നടന്നു.

മുസ്‌ലിമീങ്ങളിലെ ആദ്യത്തെ രക്തസാക്ഷി വനിത ഹദ്റത്ത് സുമയ്യ ഇസ്‌ലാം സ്വീകരിച്ചവരിൽ ഏഴാമത്തെ ആളായിരുന്നു. ഇവരെ ശിർക് ചെയ്യിക്കാൻ അന്യാരാധകർ അങ്ങേയറ്റം ശ്രമിച്ചു. മക്കയിലെ ചുട്ടുപൊള്ളുന്ന മണലാരണ്യത്തിൽ ഇരുമ്പിന്റെ ചങ്ങല അണിയിച്ചുകൊണ്ടും വിശപ്പും ദാഹവും സഹിപ്പിച്ചുകൊണ്ടും മുഴുവൻ ദിവസവും നിറുത്തുമായിരുന്നു. എന്നാൽ, സുമയ്യയുടെ ദൃഢഗാഢമായ വിശ്വാസത്തിനുമുമ്പിൽ അവരുടെ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു. ഒരു രാത്രി അബൂജഹ്ൽ അവരെ ചീത്തവിളിക്കാൻ തുടങ്ങി. പിന്നെ അയാളുടെ ദ്വേഷം വർധിക്കുകയും ചാടിയെഴുന്നേറ്റ് കുന്തംകൊണ്ട് അവരെ കുത്തുകയും അതിൽ ഹദ്റത്ത് സുമയ്യ ശഹീദാവുകയും ചെയ്തു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ഹദ്റത്ത് ഉമ്മുഅമ്മാറയുടെ ബന്ധം ബനൂ നജ്ജാറുമായിട്ടായിരുന്നു. മദീനയിലാണ് ജനിച്ചത്. പലായനത്തിന്റെ മൂന്നാമത്തെ വർഷം സത്യനിഷേധികളുടെ സൈന്യം വരുന്നുണ്ടെന്ന വാർത്ത കിട്ടിയയുടനെ യുദ്ധത്തിനുള്ള തയ്യാറെടുപ്പു തുടങ്ങിയപ്പോൾ ഹദ്റത്ത് ഉമ്മുഅമ്മാറ യുദ്ധത്തിൽ പരിക്കുപറ്റിയവർക്ക് മുറിവ് കെട്ടികൊടുക്കാനും വെള്ളം കൊടുക്കാനും കൂടെ പോകാൻ അപേക്ഷ നൽകി. അതിന് അനുമതി ലഭിച്ചു. അവർ തന്റെ ഭർത്താവിന്റേയും രണ്ട് മക്കളുടേയും കൂടെ യുദ്ധത്തിൽ പങ്കെടുത്തു. പരിക്കേറ്റവർക്ക് വെള്ളം കുടിപ്പിക്കുന്നതിനിടയിൽ അവർ നബി(സ)തിരുമേനിയെ അപകടത്തിൽ കണ്ടപ്പോൾ വെള്ളത്തിന്റെ തോൾസഞ്ചി വലിച്ചെറിയുകയും വാളെടുത്തുകൊണ്ട് നബി(സ) തിരുമേനിയുടെ അടുത്തുപോകുകയും ശത്രുക്കളെ പ്രതിരോധിക്കാൻ തുടങ്ങുകയും ചെയ്തു. സത്യനിഷേധികൾ നബി(സ)തിരുമേനിക്ക് കഷ്ടത വരുത്തുന്നിന് അങ്ങേയറ്റം ധീരതയോടുകൂടി അക്രമത്തിനുമേൽ അക്രമം അഴിച്ചുവിട്ടു. ആ മഹാത്മാവിന്റെ അടുത്ത് വളരെ കുറച്ചുപേർ മാത്രമേ ഉണ്ടായിരുന്നുള്ളു. അവർ നബി(സ)തിരുമേനിയുടെ സംരക്ഷണത്തിനുവേണ്ടി തങ്ങളുടെ ജീവൻകൊണ്ട് പന്താടുകയായിരുന്നു. ഇത്തരം ഗുരുതരവും ഭയാനകവുമായ അവസരത്തിൽ ഈ ധൈര്യശാലിയായ വനിത നബി(സ) തിരുമേനിക്കുവേണ്ടി പൊരുതുകയായിരുന്നു. സത്യനിഷേധികൾ നബി(സ) തിരുമേനിയുടെ മേൽ അക്രമം അഴിച്ചുവിടുമ്പോൾ അവർ കുന്തവും വാളുംകൊണ്ട് അവരെ തടഞ്ഞു. നബി(സ)തിരുമേനിതന്നെ പറഞ്ഞു: 'ഞാൻ ഉഹുദുയുദ്ധത്തിൽ ഉമ്മുഅമ്മാറയെ തുടർച്ചയായി എന്റെ ഇടത്തും വലത്തും യുദ്ധം ചെയ്യുന്നത് കണ്ടിരുന്നു. ഇബ്നു ഖമിയ്യ നബി(സ)തിരുമേനിയുടെ അടുത്തെത്തിയപ്പോൾ ഈ ധൈര്യശാലിയായ സ്ത്രീ അയാളെ തടഞ്ഞു. ഈ നിർഭാഗ്യവാൻ വാളുകൊണ്ട് അവരെ വെട്ടി. ആ ധൈര്യവതിയായ വനിതയുടെ ചുമലിൽ ഗുരുതരമായ പരിക്കേറ്റു. ആ മുറിവ് ആഴമുള്ളതായിരുന്നു. പക്ഷേ, അവരുടെ കാല് പിറകോട്ടുവെച്ചില്ല. മറിച്ച് മുന്നോട്ടു നീങ്ങിക്കൊണ്ട് അയാളെ വാളുകൊണ്ട് ആക്രമിച്ചു. വളരെ ശക്തമായി അയാളുടെമേൽ വെട്ടി. അയാൾ ഇരട്ടപടച്ചട്ട ധരിച്ചില്ലായിരുന്നെങ്കിൽ വധിക്കപ്പെടുമായിരുന്നു.'

പ്രിയശ്രോതാക്കളേ! ഇനി അസ്മാ ബിൻത് അബൂബക്റിന്റെ അവസ്ഥ കേട്ടാലും. സത്യവിശ്വാസംകൈക്കൊള്ളുന്നവരിൽ പതിനെട്ടാമത്തെ ആളായിരുന്നു അവർ. അവരുടെ കഥ ഇപ്രകാരമാണ്. അവരുടെ മകൻ അബ്ദുല്ലാഹ് ബിൻ സുബയ്ർ(റ) ശഹീദായപ്പോൾ ഹജ്ജാജ് അദ്ദേഹത്തിന്റെ മൃതശരീരം കുരിശിൽ തറച്ചു തൂക്കിയിട്ടു. മൂന്നുദിവസം കഴിഞ്ഞപ്പോൾ ഹദ്റത്ത് അസ്മാ കനീസിനോടൊപ്പം മകന്റെ മൃതശരീരത്തിനടുത്തു വന്നു. മൃതശരീരം മറിച്ചായിരുന്നു തൂക്കിയിട്ടിരുന്നത്. സങ്കടം സഹിച്ചുകൊണ്ട് ഈ ദൃശ്യം അവർ നോക്കി കണ്ടു. എന്നിട്ട് അങ്ങേയറ്റം സ്ഥൈര്യത്തോടുകൂടി പറഞ്ഞു: 'എന്ത്, ഇവനെ കുരിശിൽനിന്ന് താഴേയിറക്കാൻ സമയമായില്ലേ?' കുറച്ചു ദിവസത്തിനു ശേഷം അബ്ദുൽമുൽക്കിന്റെ കല്പന പ്രകാരം ഹജ്ജാജ് മൃതശരീരം താഴെയിറക്കിക്കൊണ്ട് യഹൂദികളുടെ ഖബ്ർസ്ഥാനിൽ എറിഞ്ഞു. ഹദ്റത്ത് അസ്മാ ആ മൃതശരീരം എടുത്ത് വീട്ടിൽ കൊണ്ടുപോകുകയും കുളിപ്പിക്കുകയും ജനാസ നമസ്കരിപ്പിക്കുകയും ചെയ്തു. ഹദ്റത്ത് ഇബ്നു സുബയ്റിന്റെ സന്ധികളെല്ലാം വേർപെട്ടിരുന്നു. കുളിപ്പിക്കാൻ വേണ്ടി ഏതെങ്കിലും അവയവം പൊക്കുകയാണെങ്കിൽ അതും ഒപ്പം വരുമായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ കാരുണ്യം അദ്ദേഹത്തിൽ ഇറങ്ങിയിരുന്നതുകൊണ്ട് ഹദ്റത്ത് അസ്മാ ഈ അവസ്ഥ കണ്ടിട്ടും സഹനം കൈക്കൊണ്ടു. ഏതുവരെ അബ്ദുല്ലായുടെ മൃതശരീരം കാണുകയില്ലായിരുന്നോ അതുവരെ തനിക്ക് മരണം വരരുതെന്ന് ഹദ്റത്ത് അസ്മാ പ്രാർഥിച്ചുകൊണ്ടിരുന്നു. ഒരാഴ്ച കടന്നുപോയിട്ടുണ്ടാകില്ല ആ അവസരത്തിൽ ഹദ്റത്ത് അസ്മാ യും വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ആ സമയത്ത് അവരുടെ പ്രായം 100 വയസ്സായിരുന്നു.

ഹദ്റത്ത് ഉമ്മുഅബ്ബാൻ തന്റെ ഭർത്താവിന്റെ ആയുധം ധരിച്ചുകൊണ്ട് യുദ്ധമൈതാനത്ത് എത്തി. മുസ്‌ലിമീങ്ങളോടൊപ്പംചേർന്ന് റോമിൽ അമ്പെയ്ത്ത് നടത്തി. ഡമാസ്കസിലെ ഭരണകർത്താവ് ഒരു നിലയിലും പിന്നോട്ടു മാറാൻ തയ്യാറായിരുന്നില്ല. അവർ അമ്പെയ്ത്തിൽ വളരെ നൈപുണ്യം നേടിയവരായിരുന്നു. അവർ ഉന്നംവെച്ചുകൊണ്ട് അയാളുടെ കണ്ണിൽ അമ്പെയ്തു. അതിനെ തുടർന്ന് ബഹളംവച്ചുകൊണ്ട് അയാൾ പിന്നിലേക്കുമാറി. പിന്നീട് റോമൻകാരും ഓടിപ്പോയി.

ഹദ്റത്ത് ഖൻസാഅ്(റ) തന്റെ വാർദ്ധക്യകാലത്താണ് ഇസ്‌ലാം സ്വീകരിച്ചത്. അവർ ഖാദിസിയ യുദ്ധത്തിൽ തന്റെ നാലു മക്കളേയുംകൂട്ടി യുദ്ധമൈതാനത്ത്

വന്നു. അവരെ സംബോധന ചെയ്തുകൊണ്ട് ഇപ്രകാരം ഉപദേശിച്ചു. എന്റെ പ്രിയപ്പെട്ട മക്കളേ, നിങ്ങൾ ഇസ്‌ലാമിനേയും പലായനത്തേയും സ്വന്തം ഇഷ്ടപ്രകാരമാണ് സ്വീകരിച്ചത്. നിങ്ങളുടെ രാജ്യത്തിന് നിങ്ങൾ ഭാരമുള്ളവരായിരുന്നില്ല. നിങ്ങളിൽ വരൾച്ചയുണ്ടായിരുന്നില്ല. ഇതിനൊക്കെ പുറമെ നിങ്ങൾ നിങ്ങളുടെ വൃദ്ധമാതാവിനെയും ഇവിടെ കൊണ്ടുവരികയും ഫാരിസിന്റെ മുമ്പിൽ കൊണ്ടുവരികയും ചെയ്തു. അല്ലാഹുവാണെ സത്യം! നിങ്ങൾ ഒരേ മാതാപിതാക്കളുടെ മക്കളാണ്. ഞാനൊരിക്കലും നിങ്ങളുടെ പിതാവിനോടു വിശ്വാസവഞ്ചന കാണിച്ചിട്ടില്ല. നിങ്ങളുടെ അമ്മാവനെ നിന്ദിക്കുകയും ചെയ്തിട്ടില്ല. ഈ ലോകം നശ്വരമാണ്. സത്യനിഷേധികളോടു ജിഹാദ് ചെയ്യുന്നത് വലിയ പുണ്യമാണെന്ന് നിങ്ങൾ അറിയുന്നില്ലേ? അല്ലാഹു പറയുന്നു: **യാ അയ്യുഹല്ലദീന ആമനുസ്ബിറൂ വസ്വാബിറൂ വറാബിത്വൂ** (സത്യവിശ്വാസികളേ! നിങ്ങൾ സഹനം കൈക്കൊള്ളുക; നിങ്ങൾ സഹനം കൈക്കൊള്ളുന്നതിൽ മറ്റുള്ളവരെ ജയിക്കുക (3:201) ഇതിന്റെ അടിസ്ഥാനത്തിൽ രാവിലെ എഴുന്നേറ്റ് യുദ്ധത്തിന് തയ്യാറാവുക. അവസാന നിമിഷംവരെ യുദ്ധം ചെയ്യുക. അങ്ങനെ നാലുമക്കളും ഒരുമിച്ച് കുതിരയെ പായിച്ചു. വളരെ ആവേശത്തിൽ യുദ്ധഗാനം ചൊല്ലിക്കൊണ്ട് നിഷേധികളെ പെട്ടെന്ന് ആക്രമിക്കുകയുണ്ടായി. ഹദ്റത്ത് ഖൻസാഅ് മക്കളെ അയച്ചുകൊണ്ട് കാട്ടിൽ പോകുകയും പ്രാർഥനാനിരതയാവുകയും ചെയ്തു. അല്ലാഹു അനുഗ്രഹം ചൊരിഞ്ഞു. മുസ്‌ലിമീങ്ങൾക്ക് അവൻ വിജയം നൽകുകയും ഈ സ്ത്രീസ്വഹാബിയുടെ നാലു മക്കളും ജീവനോടുകൂടി തിരിച്ചുവരികയും ചെയ്തു.

പ്രിയസഹോദരിമാരേ! ഹദ്റത്ത് ഉമ്മു ശരീക് ദൗസിയ സത്യവിശ്വാസം സ്വീകരിച്ചപ്പോൾ അവരുടെ ബന്ധുക്കൾ അവരെ ഉപദ്രവിക്കാൻ തുടങ്ങി. അതിനുവേണ്ടി അവരെ വെയിലത്ത് നിറുത്തുകയും അതികഠിനമായ ചൂടോടുകൂടി തേൻപോലുള്ള ചൂടുള്ള സാധനം കഴിപ്പിക്കുകയും വെള്ളം കൊടുക്കാതിരിക്കുകയും ചെയ്യുന്ന ഒരു രീതിയാണ് അവർ സ്വീകരിച്ചത്. ഇതിന്റെ ഫലമായി അവർക്ക് ബോധമില്ലാതായി. ഈയവസ്ഥയിൽ ശത്രുക്കൾ ഇസ്‌ലാം ഉപേക്ഷിക്കാൻ അവരോടു പറയുന്നുണ്ടായിരുന്നു. പക്ഷേ, അവർക്കൊന്നും മനസ്സിലാകുന്നുണ്ടായിരുന്നില്ല. മനസ്സിലാക്കി കൊടുക്കുന്നിനുവേണ്ടി അവർ ആകാശത്തേക്ക് ചൂണ്ടിക്കാണിക്കുമ്പോൾ തൗഹീദിനെ നിഷേധിക്കാനാണ് അവർ പറയുന്നതെന്ന് മനസ്സിലാക്കും. പക്ഷേ, ഇതൊരിക്കലും നടക്കുകയില്ലെന്ന് അവർ മറുപടി നൽകും.

ഹദ്റത്ത് സ്വഫിയ ബിൻത് അബ്ദുൽ മുത്വലിബ് നബി(സ)തിരുമേനിയുടെ പിതൃസഹോദരിയായിരുന്നു. ഏകദേശം നബി(സ) തിരുമേനിയുടെ സമപ്രായക്കാരിയായിരുന്നു. അങ്ങേയറ്റം ധൈര്യശാലിയായ വനിതയായിരുന്നു. അവർ പല യുദ്ധങ്ങളിലും പങ്കെടുക്കുകയും മുറിവേറ്റവരെ ശുശ്രൂഷിക്കുകയും അവരെ വെള്ളം കുടിപ്പിക്കുകയും ചെയ്യുക എന്നത് അവരുടെ രീതിയായിരുന്നു. ആവശ്യം നേരിട്ടാൽ വാളെടുത്ത് യുദ്ധവും ചെയ്യാറുണ്ട്. ഉഹുദുയുദ്ധത്തിന്റെ ഗതി മാറുകയുണ്ടായി. മുസ്‌ലിമീങ്ങൾ ഛിന്നഭിന്നമായി. അവർ കുന്തവുമെടുത്ത് വെളിയിൽ മുസ്‌ലിമീങ്ങളെ നാണംകെടുത്തി തിരിച്ചുപോകുന്നതിൽ നിന്ന് തടഞ്ഞു. അതിന്റെ ഫലമായി മുസ്‌ലിമീങ്ങൾ തിരിച്ചുവരികയും നബി(സ) തിരുമേനിയെ സംരക്ഷിക്കുന്നതിൽ മുഴുകുകയും ചെയ്തു.

നബി(സ) തിരുമേനി അവരുടെ അളവറ്റ ധൈര്യത്തിൽ അങ്ങേയറ്റം അത്ഭുതപ്പെട്ടു. ആ മഹാത്മാവ് ഇവരുടെ മകൻ സുബയ്റിനോടു ഇപ്രകാരം പറഞ്ഞു: സുബയ്റേ! നിന്റെ മാതാവിന്റേയും എന്റെ പിതൃസഹോദരിയുടേയും ധൈര്യം നോക്കുക. വലിയ വലിയ യുദ്ധശാലികൾ യുദ്ധമൈതാനത്തുനിന്ന് ഓടിപ്പോയി. പക്ഷേ, പാറക്കല്ലുപോലെ സത്യനിഷേധികളുടെ വലയത്തിൽനിന്ന് അവർ തനിച്ച് യുദ്ധം ചെയ്തു. ഇതേപ്രകാരം ഉഹുദുയുദ്ധത്തിൽ നബി(സ)തിരുമേനിയുടെ പിതൃവ്യനും ശുഹദാക്കളുടെ നേതാവുമായ ഹദ്റത്ത് ഹംസത്ത്(റ) ശഹീദാവുകയും സത്യനിഷേധികൾ അദ്ദേഹത്തിന്റെ ചെവി മുറിക്കുകയും കണ്ണ് ചൂഴ്ന്നെടുത്തുകൊണ്ട് വയറു കീറുകയും ചെയ്തപ്പോൾ നബി(സ)തിരുമേനി സുബയ്റിനോടു എന്റെ പിതൃസഹോദരി സ്വഫിയായെ എന്റെ പിതൃവ്യന്റെ മൃതശരീരത്തിനടുത്ത് വരാൻ അനുവദിക്കരുതെന്ന് പറയുകയുണ്ടായി. വന്നാൽ തന്റെ സഹോദരന്റെ മൃതശരീരത്തിന്റെ അവസ്ഥ കണ്ട് ദുഃഖത്തിലും വിഷമത്തിലുമാകും. എന്നിട്ടും സ്വഫിയ മൃതശരീരത്തിന്റെ അടുത്തെത്തി. നബി(സ) തിരുമേനിയോട് അനുവാദം വാങ്ങിക്കൊണ്ട് മൃതശരീരം കണ്ടു. അപ്പോൾ ഇന്നാ ലില്ലാഹ് പറയുകയും അല്ലാഹുവിന്റെ മാർഗത്തിൽ ഇത് വലിയ ത്യാഗമാണെന്ന് കരുതുന്നില്ലെന്ന് പറയുകയും പിന്നിട് മഗ്ഫിറത്തിനുവേണ്ടി ദുആ ചെയ്തുകൊണ്ട് അവിടെനിന്നു പോകുകയും ചെയ്തു. *(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 1, പേജ് 452)*

അഹ്സാബ് യുദ്ധ സമയത്ത് അവരുടെ പ്രായം 58 വയസ്സായിരുന്നു. പക്ഷേ, ധൈര്യം യുവാവായിരുന്നു. ധീരതയുടെ യോഗ്യത കാണിച്ചുകൊണ്ട് യുദ്ധാവസരത്തിൽ സ്ത്രീകളേയും കുട്ടികളേയും സംരക്ഷിക്കുന്നതിനുവേണ്ടി ഒരു കോട്ടയിൽ ബന്ധിക്കാറുണ്ട്. അവരും ഒരു കോട്ടയായിരുന്നു. ഒരു യഹൂദി കോട്ടയെ കുറിച്ച് വിവരം എടുക്കുകയായിരുന്നുവെന്ന് കണ്ടപ്പോൾ അപായം മനസ്സിലാക്കിക്കൊണ്ട് അയാളെ ഇവിടെനിന്ന് തിരിച്ചുപോകാനനുവദിക്കരുതെന്ന് അവർ തീരുമാനിച്ചു. തന്നിമിത്തം അവർ ടെന്റിന്റെ ഒരു വടിയെടുത്ത് വളരെ ശക്തിയായി തലക്ക് അടിച്ചു. അതിന്റെ ആഘാതത്താൽ തല പൊട്ടുകയും അയാൾ കൊല്ലപ്പെടുകയും ചെയ്തു. പിന്നീട് അയാളുടെ വാൾകൊണ്ട് അയാളുടെ തല വെട്ടി കോട്ടയുടെ പുറത്ത് എറിഞ്ഞു. കോട്ടയിലും സൈന്യമുണ്ടെന്ന് യഹൂദി കരുതി. വളരെ പെട്ടെന്ന് അവർ ഓടിപോയി. ഇപ്രകാരം ഒരു സ്ത്രീയുടെ ധീരത കാരണമായി മുസ്‌ലിമീങ്ങൾ ഒരു വലിയ നഷ്ടത്തിൽനിന്ന് രക്ഷപ്പെട്ടു.

ഹദ്റത്ത് സുമയ്യ ബിൻത് ഖബാത്-ഉമ്മുഅമ്മാറ: അമ്മാറിനേയും അദ്ദേഹത്തിന്റെ പിതാവ് യാസിറിനേും അദ്ദേഹത്തിന്റെ മാതാവ് സുമയ്യായേയും ബനീ മഖ്സൂദ് ഗോത്രം അങ്ങേയറ്റം ഉപദ്രവിക്കാറുണ്ടായിരുന്നു. അവരുടെ അവസ്ഥ വായിക്കുമ്പോൾ ശരീരം വിറകൊള്ളുന്നു. ഒരിക്കൽ ഈ ഇസ്‌ലാമിന്റെ അനുരാഗിയെ ശാരീരികമായി പീഢിപ്പിച്ചുകൊണ്ടിരുന്നു. യാദൃച്ഛികമായി നബി(സ) തിരുമേനി അതിലെ കടന്നുപോയി. അവരെ നോക്കിക്കൊണ്ട് നബി(സ)തിരുമേനി പറഞ്ഞു: 'യാസിറിന്റെ കുടുംബമേ, ക്ഷമയുടെ കോന്തല മുറുകെപിടിക്കുക. അല്ലാഹു നിങ്ങളുടെ ഈ ബുദ്ധിമുട്ടിന് പകരം നിങ്ങൾക്കുവേണ്ടി സ്വർഗം തയ്യാറാക്കിവെച്ചിരിക്കുന്നു. അവസാനം യാസിർ ഇതേ ശിക്ഷയുടെ അവസ്ഥയിൽ ശഹീദായി. വൃദ്ധയായ സുമയ്യയുടെ തുടയിൽ അക്രമിയായ അബൂജഹ്ൽ ക്രൂരതയോടുകൂടി കുന്തംകൊണ്ട് കുത്തുകയും അത് അവരുടെ ശരീരത്തെ തുളച്ചുകൊണ്ട് അവരുടെ രഹസ്യസ്ഥാനംവരെ എത്തുകയും ചെയ്തു. ഈ നിഷ്കളങ്കയായ വനിത അതേ സ്ഥലത്ത് ജീവൻവെടിഞ്ഞു.

അവസാനമായി നബി(സ)തിരുമേനിയുടെ മകൾ ഹദ്റത്ത് ഫാത്വിമ(റ)യെക്കുറിച്ച് സ്മരിക്കുന്നതാണ്. ഹദ്റത്ത് ഫാത്വിമ(റ) ലോകത്ത് അല്ലാഹുവിന്റെ പക്കൽ വരിഷ്ഠയാണെന്ന് നബി(സ)തിരുമേനി പറഞ്ഞ സ്ത്രീകളിൽപെട്ടയാളാണ്. തിർമുദിയിൽ ഇപ്രകാരം നിവേദനം വന്നിരിക്കുന്നു: നിങ്ങൾക്ക് പിൻപറ്റുന്നിനുവേണ്ടി മുഴുലോകത്തുമുള്ള സ്ത്രീകളിൽവെച്ച് മർയമും ഖദീജയും ഫാത്വിമയും ആസിയയും മതിയായതാണ്. ഹദ്റത്ത് ഫാത്വിമ(റ), നബി(സ) തിരുമേനിയുടെ ഏറ്റവും ചെറിയ മകളാണ്. അവരുടെ സ്ഥാനത്തെക്കുറിച്ച് അവിടന്ന് പറഞ്ഞു: ഫാത്വിമ(റ)യുടെ തൃപ്തിയിൽ അല്ലാഹുവും തൃപ്തിപ്പെട്ടിരിക്കുന്നു. അവരുടെ വെറുപ്പിൽ അല്ലാഹു വെറുപ്പ് പ്രകടിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഫാത്വിമ(റ), ഈ ഉമ്മത്തിലുള്ള സ്ത്രീകളിലും മുഴുലോകത്തുമുള്ള സ്ത്രീകളിലും സ്വർഗത്തിൽ പ്രവേശിക്കുന്നവരുടെയും വിശ്വാസം കൈക്കൊള്ളുകയും ചെയ്ത സ്ത്രീകളുടെ നേതാവാണ്. *(പരിശുദ്ധ സഹധർമ്മിണിയും സ്ത്രീസ്വഹാബാക്കളും, പേജ് 292-293)*. അവിടന്ന് ഇപ്രകാരം പറഞ്ഞു: ഫാത്വിമ(റ) എന്റെ ശരീരത്തിന്റെ ഭാഗമാണ്. ആരാണോ അവളെ ഉപദ്രവിക്കുന്നത് അവർ എന്നെയാണ് ഉപദ്രവിക്കുന്നത്.' *(തദ്കിറ, സ്വഹാബിയാത്ത്, പേജ് 143)*

ഹദ്റത്ത് ഫാത്വിമ(റ), നബി(സ)തിരുമേനിയുടെ അങ്ങേയറ്റത്തെ പ്രേമപാത്രമായ മകളായിരുന്നു. പക്ഷേ, നബി(സ)തിരുമേനി തന്റെ പ്രിയപ്പെട്ട മകൾക്ക് സ്ത്രീധനമായി നൽകിയ വസ്തുക്കൾ ഇവയായിരുന്നു. ചോളത്തിന്റെ കട്ടിൽ, തോലിന്റെ കിടക്ക, അതിൽ പരുത്തിക്ക് പകരം ഈന്തപ്പനയുടെ ഇലയായിരുന്നു നിറച്ചത്. കാലിൽ അണിയുന്ന ഒരാഭരണം മണ്ണിന്റെ രണ്ട് കുടം, ഒരു തോൾസഞ്ചിയും, രണ്ട് ആട്ട് കല്ലും.

സാമ്പത്തികമായി വിശാലത കൈവരിച്ചിട്ടും തന്റെ മകൾക്ക് ഐഹികലോകത്തിന്റെ സുഖത്തിൽ മുഴുകാതിരിക്കാൻ വളരെ നല്ല ശിക്ഷണം നൽകിയിരുന്നു. അതിന്റെ ഫലമായി അവർ വീട്ടുജോലികൾ സ്വയം ചെയ്തിരുന്നു. ധാന്യം ആട്ടുകല്ലിൽ പൊടിച്ച് കൈയിൽ പൊള്ളയുണ്ടാകുകയും വെള്ളം കോരിനിറച്ച് നെഞ്ചിൽ കെട്ടുവീഴുകയും ചെയ്തിരുന്നു. ഒരിക്കൽ വീട്ടുജോലിക്ക് ഒരു വേലക്കാരിയെ ഹദ്റത്ത് ഫാത്വിമ(റ), നബി(സ)തിരുമേനിയോട് ആവശ്യപ്പെട്ടപ്പോൾ നബി(സ)തിരുമേനി അതിനു പകരം ഓരോ നമസ്കാത്തിനു ശേഷവും തസ്ബീഹും തഹ്മീദും ചൊല്ലാനാണ് നിർദ്ദേശിച്ചത്. അവർ അപ്രകാരം അത് പ്രാവർത്തികമാക്കി. ഒരിക്കൽ ഏതോ ഭാഗ്യംകെട്ടവൻ നബി(സ) തിരുമേനിയുടെ തലയിൽ മണ്ണ് വാരിയിട്ടു. നബി(സ)തിരുമേനി വീട്ടിലെത്തിയപ്പോൾ നബിയുടെ മകൾ ഫാത്വിമ(റ) മണ്ണുകൊണ്ട് നിറഞ്ഞിരുന്ന തല കഴുകി വൃത്തിയാക്കിക്കൊടുത്തു. കൂടെ കരയുകയും ചെയ്തു. നബി(സ) തിരുമേനി അവരെ സാന്ത്വനപ്പെടുത്തിക്കൊണ്ട് പറഞ്ഞു: മകളേ കരയണ്ട. അല്ലാഹു നിന്റെ പിതാവിന്റെ സംരക്ഷകനാണ്.' *(അഹ്‌ലെ ബയ്ത്ത് റസൂലുല്ലാഹി(സ), പേജ് 277-278)*

ഹദ്റത്ത് ഫാത്വിമ(റ) യുദ്ധത്തിലും നബി(സ) തിരുമേനിയുടെ കൂടെ പങ്കെടുത്തുകൊണ്ട് നബി(സ) തിരുമേനിയെ സേവിക്കാനുള്ള ഭാഗ്യം നേടിയിരുന്നു. ഹദ്റത്ത് ഫാത്വിമ(റ)ക്ക് പിതാവിനോട് അതിയായ സ്നേഹമായിരുന്നു. നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് ഫാത്വിമ(റ) ഒരിക്കലും പുഞ്ചിരിച്ചിട്ടില്ല. നബി(സ)തിരുമേനിയുടെ വഫാത്തിന് ആറു മാസത്തിനുശേഷം ഫാത്വിമ(റ)യും വഫാത്തായി. ആ സമയത്ത് അവരുടെ പ്രായം വെറും 26 വയസ്സായിരുന്നു.

പ്രിയ സഹോദരിമാരേ! ഈ പ്രിയപ്പെട്ട സ്ത്രീസഹാബാക്കളെ സ്മരിച്ചുകൊണ്ടേ പോകണമെന്നാണ് ഹൃദയം ആഗ്രഹിക്കുന്നത്. നാം ഇവരുടെ സ്മരണയിൽ താൽക്കാലികമായി നമ്മുടെയുള്ളിൽ ഒരു പരിവർത്തനം വരുത്തുന്നവരാകുകയും നമ്മുടെ ജീവിതം ഈ സ്ത്രീസ്വഹാബാക്കളുടെ മാതൃക പിൻപറ്റുന്നവരാക്കി മാറ്റാൻ ശ്രമിക്കുകയും ചെയ്യുക. അല്ലാഹു അതിന് നമുക്ക് തൗഫീഖ് നൽകട്ടെ.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) സ്ത്രീ സ്ഹാബാക്കളെ പിൻപറ്റുന്നതിനെ പറ്റി സ്ത്രീകളെ ഉപദേശിച്ചുകൊണ്ട് പറയുന്നു: "നിങ്ങൾ നിങ്ങളുടെ സ്ഥാനത്തെ മനസ്സിലാക്കുക. നിങ്ങളിൽ ഒരു പുതിയ ഉണർവ് വരുത്താനും പുതിയ ജീവിതം ഉണ്ടാക്കിയെടുക്കാനും ശ്രമിക്കുക. അല്ലാഹു നിങ്ങളുടെ പുരോഗതിക്കായി അളവറ്റ അവസരം തന്നിരിക്കുന്നുവെന്ന് നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. നിങ്ങളും ഹദ്റത്ത് ആഇശ(റ)യുടെ മാതൃക പിൻപറ്റുക. ഹദ്റത്ത് ഹഫ്സ്വയുടെ മാതൃക പിൻപറ്റുക. ഹദ്റത്ത് സയ്നബിന്റെ മാതൃക പിൻപറ്റുക. തങ്ങളുടെ കാലത്ത് വലിയ വലിയ പ്രവൃത്തികൾ ചെയ്ത സ്വഹാബിയാത്തിന്റെ മാതൃക പിൻപറ്റാൻ ശ്രമിക്കുക.

1997-ൽ ജർമനിയിൽ പരിശുദ്ധമായ ഇണകളുടെ പരിശുദ്ധമായ ജീവിതം എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തിക്കൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ പറഞ്ഞു: അല്ലാഹു നിങ്ങൾക്ക് ഇക്കാര്യങ്ങൾ കേട്ടുകൊണ്ട് തങ്ങളുടെ ഹൃദയത്തിൽ സ്ഥാനം നൽകുവാൻ തൗഫീഖ് നൽകുമാറാകട്ടെ. ഇക്കാര്യങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ ഒരാവേശമുണ്ടാക്കിത്തീർക്കട്ടെ. നിങ്ങൾക്കായി പല മാതൃകകളും ഉയർന്നുവരികയും ആ മാതൃകകളെ വിശുദ്ധഖുർആൻ പറഞ്ഞ ആ മാതൃകകളാക്കിത്തീർക്കുകയും ചെയ്യുക. ഖുർആൻ പറയുന്നു: **വലികുല്ലി വിജ്ഹത്തുൻ ഹുവ മുവല്ലീഹാ ഫസ്ത്തബുഖുൽ ഖയ്റാത്ത്.** (2:149).ഓരോരുത്തനും ഓരോ ലക്ഷ്യമുണ്ട്. അതിന്റെ നേർക്ക് അവൻ തന്റെ ശ്രദ്ധ മുഴുവൻ തിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ സൽക്കാര്യങ്ങളിൽ അഹമഹമികയാ മുന്നേറുക.

നമ്മുടെ പ്രിയങ്കരനായ ഇമാം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് *അയ്യദഹുല്ലാഹ്* നബി(സ) തിരുമേനിയുടെ സ്ത്രീസ്വഹാബാക്കളുടെ സ്ഥാനവും പദവിയും അവരുടെ ത്യാഗവും സ്മരിച്ചുകൊണ്ട് പറയുന്നു: "ഇസ്‌ലാമിന്റെ രണ്ടാം ഉയർത്തെഴുന്നേൽപിൽ നമ്മൾ നമ്മുടെ ഉത്തരവാദിത്വം നിറവേറ്റുന്നതിന് ഈ ഗുണങ്ങൾ നമ്മുടെ ഉള്ളിലും നമ്മുടെ കുട്ടികളുടെ ഉള്ളിലും ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കേണ്ടതാണ്. ഇത് വെറും കേട്ടുപോകേണ്ട കഥയല്ല. അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുകയും അതിന് ഈ മാതൃകകളെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുകയും ചെയ്യേണ്ടതാണ്. ആരാധന, റസൂലിനോടുള്ള സ്നേഹം, സമ്പത്തും ജീവനും ത്യാഗം ചെയ്യൽ എന്നീ കാര്യങ്ങളുടെ നിലവാരം നിലനിറുത്തേണ്ടത് അത്യാവശ്യമാണ്.തീർച്ചയായും അഹ്മദീ സ്ത്രീകൾ ത്യാഗത്തിന്റെ നിലവാരം കാണിച്ചുകൊണ്ടിരിക്കുന്നുണ്ട്. പക്ഷേ, പ്രത്യേകിച്ച് സാമ്പത്തികമായ നിലയിൽ കഴിവുള്ള സ്ത്രീകൾ തങ്ങളുടെ അവസ്ഥകൾ നോക്കുക. അവരുടെ ഭർത്താക്കന്മാർ തടസ്സമാകാറുണ്ട്. ദീനീപരമായ കാര്യത്തിൽ ഞങ്ങൾ നിങ്ങളെ കേൾക്കുകയില്ലെന്ന് അവരോടു പറയുക. പിന്നെ ജീവൻ ബലിയർപ്പിക്കുന്ന കാര്യത്തിൽ അഹ്മദിയ്യാ ജമാഅത്ത് ഒന്നാം സ്ഥാനത്താണുള്ളത്. ഇത് മാതാക്കളുടെ തർബിയ്യത്തിന്റെ പ്രതികരണമാണ്. പുരുഷന്മാർ ചെയ്യുന്ന ത്യാഗത്തിന്റെ പ്രതിഫലം അവരുടെ മാതാക്കൾക്കും ലഭിക്കുന്നു. എപ്പോഴും ഓർത്തുകൊള്ളുക! ദജ്ജാൽ പൈശാചികമായ വലവീശിയിരിക്കുകയാണ്. ആരാധന, നബി(സ)തിരുമേനിയോടുള്ള സ്നേഹം എന്നീ കാര്യങ്ങൾ വർധിപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കുക. ഇന്ന് ഏറ്റവും കൂടുതൽ ആവശ്യം അതാണ്. മക്കളുടെ ശിക്ഷണ കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിക്കുക. നിങ്ങളെപ്പോഴും ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കണമെന്ന് പറഞ്ഞുകൊടുക്കുക. അല്ലാഹുവിന്റെ കാരുണ്യം ആവേശം കൊള്ളാനും മക്കൾ ഐഹികലോകത്തിലെ അലങ്കാരങ്ങളിൽപെട്ടുപോകാതിരിക്കാനും അവർ അല്ലാഹുവിന്റെ ദീൻ പഠിക്കാനും അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാനും റസൂലിന്റെ കാര്യങ്ങളിൽ ആവേശമുള്ളവരാവാനും ഉത്സാഹത്തോടും വേദനയോടും കൂടി ദുആ ചെയ്യുക.

അല്ലാഹു ഓരോ അഹ്മദി സ്ത്രീക്കും ഈ സ്ഥാനം പ്രാപിക്കാനുള്ള ഭാഗ്യം നൽകുമാറാകട്ടെ. ഇന്ന് ഈ ഭാഗത്തേക്കുള്ള സ്ത്രീകളുടെ ശ്രദ്ധതന്നെ പുരുഷന്മാരുടെ പരിഷ്കരണത്തിന് കാരണമായി തീരുന്നതായിരിക്കും. എല്ലാ സ്ത്രീകളും പുരുഷന്മാരും കുട്ടികളും വൃദ്ധരും ചേർന്ന് യഥാർഥ സമൂഹം സ്ഥാപിക്കുന്നവരായിത്തീരുക. ഇതിന്റെ സ്ഥാപനത്തിനുവേണ്ടിയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചിട്ടുള്ളത്. അല്ലാഹു അതിന് നമുക്ക് സൗഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ *(സ്ത്രീകളോടുള്ള പ്രഭാഷണം, ജൽസാസാലാന യു.കെ 2023 ജൂലൈ 29)*

അഹ്മദി സ്ത്രീകളായ നമുക്കെല്ലാവർക്കും ഹുദൂറിന്റെ(അയ്യദഹുല്ലാഹ്)ഈ നിർദേശങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യാനും റസൂലിന്റെ(സ)സ്വഹാബിയാത്തിനെ അനുകരിച്ച് നടക്കാനും ആ മാതൃക അഹ്മദി സ്ത്രീകളായ നമ്മളിലും കാണാനും നമ്മൾ ആദ്യ നൂറ്റാണ്ടിലെ സ്ത്രീകളെപ്പോലെ സകല ത്യാഗത്തിനും എപ്പോഴും തയ്യാറായിരിക്കാനും അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ.

## • തിരുനബിയുടെ തിരുമൊഴികൾ •

**നബി(സ)പറഞ്ഞു: 'തനിക്കുവേണ്ടി ഇഷ്ടപ്പെടുന്നതുത്തന്നെ തന്റെ സഹോദരനുവേണ്ടി ഇഷ്ടപ്പെടാത്തപക്ഷം നിങ്ങളിലാരും വിശ്വാസിയാകുന്നില്ല.'** *(ബു.2:6).*

## • കലാമുൽ ഇമാം •

**'അല്ലയോ എന്റെ ബയ്അത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരേ, അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ.'**

*(ഇസാലയെ ഔഹാം, പേജ് 825)*




tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ: Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

ത്വാലിബെ ദുആ: ANWAR SADAT AND FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

**ഇന്നസ്സ്വഹാബത്ത കുല്ലഹും കദു കാഇ**

**ഖദ് നവ്വറൂ വജ്ഹൽവറാ ബിളിയാഇ**

**യാറബ്ബി ഫർഹംനാ ബിസ്വഹ്ബി നബിയ്യിനാ**

**വഗ്ഫിർ വ അൻതല്ലാഹു ദൂലാഇ**

തീർച്ചയായും എല്ലാസ്വഹാബിമാരും സൂര്യനെ പോലെയാണ്. അവർ സൃഷ്ടികളുടെ മുഖം തങ്ങളുടെ പ്രകാശംകൊണ്ട് പ്രഭാപൂരിതമാക്കി. എന്റെ റബ്ബേ!ഞങ്ങളിലും നബിയുടെ സ്വഹാബത്ത് മുഖാന്തരം കരുണ ചെയ്താലും. ഞങ്ങൾക്കു പൊറുത്തുതന്നാലും. നീ തന്നെയാണ് നിഅ്മത്തുകൾ നല്കുന്ന അല്ലാഹു.

*അല്ലാഹുമ്മ സല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ കമാ സല്ലയ്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദ്. അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ കമാ ബാറക്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദ്.*

പേജ് 3 ൽ നിന്ന്

ഹൃദയത്തിൽനിന്ന് ഭൗതികാസക്തി പാടേ നിഷ്ക്രമിക്കുകയും ഹൃദയം ശാശ്വതവും അനശ്വരവുമായ അനുഭൂതിയെ തേടിക്കൊണ്ടിരിക്കുന്ന അവസ്ഥ കൈവരിക്കുകയുമാണത്. അതിനുശേഷം ആ ഹൃദയശുദ്ധി മുഖേന നിർമലവും പരിപൂർണവുമായ ദൈവപ്രേമം സംസിദ്ധമാകുന്നു. ഈ എല്ലാ അനുഗ്രഹങ്ങളും തിരുനബിയോടുള്ള പിന്തുടർച്ച മുഖേന പൈതൃകമെന്നോണം ലഭിക്കുന്നതാകുന്നു." *(റൂഹാനീ ഖസായിൻ, വാല്യം 22, ഭാ. 64,65; ഹഖീഖത്തുൽ വഹ്‌യ്)*

**അന്തിമവിജയം പരിശുദ്ധ ഇസ്‌ലാമിന്**

"ഭൂമിയിലുള്ളവർ കരുതുന്നുണ്ടാവും, ഒടുവിൽ ഈ ലോകത്ത് പരക്കുന്നത് ക്രിസ്തുമതമായിരിക്കുമെന്ന്, അഥവാ അവസാനം നിലനില്ക്കുന്നത് ബുദ്ധമതമായിരിക്കുമെന്ന്. എന്നാൽ, അവരെല്ലാം തെറ്റായധാരണയിലാണ്. ആകാശത്തിൽ തീരുമാനിക്കപ്പെടുന്നതുവരെ ഭൂമിയിൽ ഒന്നും സംഭവിക്കയില്ലെന്ന് ഓർത്തുകൊൾവിൻ. ജനഹൃദയങ്ങളെ അവസാനം കീഴ്പെടുത്തുന്നത് ഇസ്‌ലാംമതമായിരിക്കുമെന്ന് സ്വർഗത്തിന്റെ നാഥൻ എന്നെ അറിയിക്കുന്നു." *(റൂഹാനീ ഖസായിൻ വാല്യം 21, ഭാ. 427; ബറാഹീനെ അഹ്മദിയ, അഞ്ചാം ഭാഗം.)*

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**The Weekly BADR Qadian (Malayalam)**

പേജ് 12 ൽ നിന്ന്

വിലപ്പെട്ട ജീവചരിത്രം നമ്മുടെ മുമ്പാകെ വന്നിട്ടുള്ളത്. 1945 ഫെബ്രുവരി 10-ാം തിയ്യതി 75-ാമത്തെ വയസ്സിൽ ഹദ്റത്ത് നവാബ് സാഹിബ് വഫാത്തായി. *ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ*

അദ്ദേഹത്തിന്റെ ജനാസ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി തോളിലേറ്റുകയുണ്ടായി. ബിഹിശ്തി മഖ്ബറയോടു ചേർന്ന തോട്ടത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. അദ്ദേഹത്തിന്റെ ഖബറടക്കം ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ഖബർ സ്ഥിതിചെയ്യുന്ന പ്രത്യേക സ്ഥലത്താണ് നടത്തിയത്. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന് തന്റെ സാമീപ്യത്തിലുള്ള പ്രത്യേക സ്ഥാനം നൽകുകയും ചെയ്യുമാറാകട്ടെ. ആമീൻ.

പ്രിയ ശ്രോതാക്കളേ! നബി(സ)തിരുമേനിയുടെ സ്വഹാബിയായ സയ്യിദുനാ ഹദ്റത്ത് ഉഥ്മാന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായ ഹദ്റത്ത് നവാബ് സാഹിബിന്റേയും പരിശുദ്ധ ജീവിതത്തിന്റെ ചില സംഭവങ്ങളാണ് നിങ്ങൾ കേട്ടത്. ഈ സംഭവങ്ങളിൽനിന്ന് **വ ആഖരീന മിൻകും ലമ്മാ യൽഹഖൂ ബിഹിം** (അവരിൽ ഇതുവരെ ചേർന്നിട്ടില്ലാത്ത മറ്റൊരു കൂട്ടരിലും) എന്ന ചിത്രമാണ് നമുക്ക് മുന്നിൽ വരുന്നത്. ഇരുവരുടേയും ജീവിതത്തിൽ എത്രമാത്രം സാദൃശ്യമുണ്ടെന്ന് നോക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പദ്യശകലം എത്രമാത്രം സത്യാധിഷ്ഠിതമാണ്:

**മുബാറക് വൊ ജോ അബ് ഈമാൻ ലായാ**

**സ്വഹാബ സെ മിലാ ജബ മുഝ് കൊ പായാ**

**വഹി മേയ് ഉൻകൊ സാഖീ നെ പിലാ ദി**

**ഫസുബ്ഹാനല്ലദീ അഖ്ദൽ അആദി**

ഇപ്പോൾ വിശ്വസിച്ചവർ അനുഗൃഹീതർ. എന്നെ പ്രാപിച്ചപ്പോൾ അവർ സ്വഹാബാക്കളെ കണ്ടുമുട്ടി. കുടിപ്പിക്കുന്നവർ അവരെ അതേ ലഹരിതന്നെയാണ് കുടിപ്പിച്ചത്. എന്റെ ശത്രുക്കളെ പിടിച്ചവൻ ഏറ്റവും പരിശുദ്ധൻ.

*വ ആഖിറു ദഅ്വാനാ അനിൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ.*

പേജ് 24 ൽ നിന്ന്

തന്റെ സ്വപ്നത്തെ കുറിച്ച് സൂചിപ്പിച്ചു. ഞായറാഴ്ച രാവിലെ അവർ ജല്സയിൽ വന്ന് ബയ്അത്ത് ചെയ്യാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ഈ ദമ്പതികൾ ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിക്കുകയും ചെയ്തു.

നിയമവിദ്യാർഥി മിസ്റ്റർ ഡേവിഡ് ബെഞ്ചമിൻ കഴിഞ്ഞ വർഷം അഹ്മദിയ്യത്ത് സ്വീകരിച്ചു. ഹങ്കറി സംഘാംഗമായ അദ്ദേഹം പറയുന്നു: ഹുദൂറുമായുള്ള കൂടിക്കാഴ്ച എനിക്ക് ലഭിച്ച വളരെ വലിയ ആദരവാണ്.

ഹുദൂർ നിയമത്തിന്റെ വിവിധ വശങ്ങളെ കുറിച്ച് അദ്ദേഹവുമായി ആശയ വിനിമയം നടത്തി. ഏതുരംഗത്ത് ഗവേഷണം നടത്താനാണ് ആഗ്രഹിക്കുന്നത് എന്നന്വേഷിച്ചു. അദ്ദേഹം പറയുന്നു: നിയമത്തെ കുറിച്ചുള്ള വളരെ വലിയ ഹുദൂറിന്റെ പരിജ്ഞാനം എന്നെ വളരെ ആകർഷിച്ചു. ഹുദൂർ എനിക്ക് പേന ഉപഹാരമായി നല്കി. ഞാനതിൽ വളരെ സന്തോഷവാനാണ്.

ഹങ്കറി സംഘവുമായുള്ള ഹുദൂറിന്റെ ഈ കൂടുക്കാഴ്ച 09.10 വരെ നീണ്ടു നിന്നു. അനുകമ്പയോടെ എല്ലാ സംഘാംഗങ്ങൾക്കും ഹുദൂർ പേന ഉപഹാരമായി നല്കി. കുഞ്ഞുങ്ങൾക്ക് ചേക്ലേറ്റും നല്കി.

എല്ലാവർക്കും ഒറ്റക്കൊറ്റക്ക് ഹുദൂറുമൊത്ത് ഫോട്ടോയെടുക്കാനും അവസരം ലഭിച്ചു. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ 09.45-ന് ജൽസാഗാഹിൽ മഗ്‌രിബ്-ഇശാ നമസ്കാരങ്ങൾക്ക് നേതൃത്വം നല്കി.

**2014 ജൂൺ 14 ശനിയാഴ്ച:**

ഹുദൂർ അയ്യദഹുല്ലാഹ് 4.20 ന് ജൽസാഗാഹിൽ സ്വുബ്ഹി നമസ്കരിപ്പിച്ചു. അതിനുശേഷം താമസസ്ഥലത്തെത്തിയ ഹുദൂർ ഓഫീസു സംബന്ധമായ കത്തുകൾ വായിച്ച് വേണ്ട നിർദേശങ്ങൾ കൊടുത്തു.

**ഹുദൂർ അയ്യദഹുല്ലാഹ് സ്ത്രീകളുടെ ജൽസഗാഹിൽ**

ഇന്ന് മുഖ്യമായും ഹുദൂറിന്റെ പരിപാടി സ്ത്രീകളുടെ ജൽസാ ഗാഹിൽ സ്ത്രീകളോടുള്ള പ്രഭാഷണമായിരുന്നു.

ജൽസാഗാഹിൽ രാവിലെ സെഷനിലെ പരിപാടികൾ 10 മണിക്ക് ഹദ്റത്ത് ബീഗം സാഹിബ് മദ്ദ ളില്ലഹായുടെ അധ്യക്ഷതയിൽ ആരംഭിച്ചു. അത് ഉച്ചയ്ക്ക് 11.30-വരെ തുടർന്നു. ഈ സെഷനിൽ തിലാവത്ത്, ഉർദു ജർമൻ ഭാഷകളിലുള്ള രണ്ടു പദ്യങ്ങൾക്കു പുറമെ മൂന്നു പ്രസംഗങ്ങളുമുണ്ടായിരുന്നു. പരിപാടിയനുസരിച്ച് ഉച്ചയ്ക്ക് 12 മണിക്ക് ഹുദൂർ അയ്യദഹുല്ലാഹ് ജൽസാഗാഹിൽ ആഗതരായി. നാള്വിമ അഅ്ലായും ലജ്ന നാഷണൽ സ്വദ്റുമായ ബഹുമാനപ്പെട്ട അമത്തുൽഹയ്യ് സാഹിബ തന്റെ നാഇബ് നാള്വിമാത്തിനോടൊപ്പം ഹുദൂറിനെ സ്വാഗതം ചെയ്തു. സ്ത്രീകൾ ആവേശോജ്ജ്വലമായ മുദ്രാവാക്യം വിളികൾകൊണ്ട് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ വരവേറ്റു.

ലജ്നയുടെ ഈ പരിപാടി ബഹുമാനപ്പെട്ട സ്വാലിഹ അഹ്മദ് സാഹിബായുടെ വിശുദ്ധ ഖുർആൻ പാരായണത്തോടെയാണ് ആരംഭിച്ചത്. സമീറ നയ്യർ റാണ സാഹിബ അതിന്റെ ഉർദു തർജമ കേൾപ്പിച്ചു.

അതിനുശേഷം അസീസ ആഇശ മഹ്മൂദ് സാഹിബ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ "*വൊ ദേഘ്‌താഹെ ഗയ്റോം സെ ക്യൂം ദിൽ ലഗാത്തെഹൊ*" എന്നു തുടങ്ങുന്ന പദ്യം മനോഹരമായ ഈണത്തിൽ അവതരിപ്പിച്ചു. (തുടരും)

**ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്**

**നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക!!!**

പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ, 'ബയ്തുൽ ഇസ്റ' വണ്ണാം തടം, അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**

**ismayeel.ha@gmail.com**

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 1-8 AUGUST 2024 Issue: 31-32

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്‌രിഹിൽ അസീസിന്റെ ജർമൻ പര്യടനം

**വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര**

**(കഴിഞ്ഞലക്കം തുടർച്ച.....)**

## ഹുദൂറിന്റെ ഹംഗറി സംഘവുമായുള്ള കൂടിക്കാഴ്ച

പതിനഞ്ചംഗ സംഘമാണ് ഹംഗറിയിൽനിന്ന് ജൽസയിൽ പങ്കെടുക്കാനെത്തിയത്. ഹുദൂർ അയ്യദഹുല്ലാഹ് എല്ലാവരേയും പരിചയപ്പെട്ടു. ഒരു പ്രധാന ഫോട്ടോ ഗ്രാഫറായ മിസ്റ്റർ കൊൻകോളി ഗ്യോർഗിയും സംഘാംഗമായിരുന്നു. തന്നെ അദ്ദേഹം ഇങ്ങനെ പരിചയപ്പെടുത്തി:'ജൽസയുടെ എല്ലാ പരിപാടിയും കവറേജ് ചെയ്യുന്നു. ഫോട്ടോ എടുക്കുന്നു.'

ഹുദൂറുമായുള്ള കൂടിക്കാഴ്ചക്കുശേഷം അദ്ദേഹം തന്റെ വികാരം ഈ വാക്കുകളിൽ പ്രകടിപ്പിച്ചു. ഈ കൂടിക്കാഴ്ച വളരെ ആകർഷകമായിരുന്നു. ഹുദൂറിന്റെ വ്യക്തിത്വത്തിൽ ഒരു ആത്മീയശക്തി അനുഭവിക്കാൻ കഴിഞ്ഞു. എനിക്ക് ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ സാധിക്കുമെന്നറിഞ്ഞപ്പോൾ വളരെ സന്തോഷമുണ്ടായി.

ഹംഗറി സംഘാംഗമായിരുന്ന ഡോക്ടർ ഗബാർത മാസ് ഒരു ക്രിസ്തീയ പാതിരിയായിരുന്നു. ആദ്യമായാണ് അദ്ദേഹത്തിന് ജർമനി ജൽസയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നത്.

അദ്ദേഹം ഹുദൂറിനോടു ചോദിച്ചു: ജൽസാ സാലാനയുടെ സംവിധാനം വളരെ മികച്ചതായിരുന്നു. സമാധാനപൂരിതവും ശാന്തഗംഭീരവുമായ അന്തരീക്ഷമായിരുന്നു. ജനങ്ങൾ പരസ്പരം സ്നേഹബഹുമാനത്തോടെ ഇടപെടുന്നത് കാണാമായിരുന്നു. ഇതു ഞങ്ങളെ ഹഠാതാകർഷിച്ചു.

ഹുദൂർ അൻവർ: അമേരിക്ക, ആഫ്രിക്ക, ഏഷ്യൻരാജ്യങ്ങൾ തുടങ്ങി എല്ലാ സ്ഥലങ്ങളിലും ഇങ്ങനെ തന്നെയാണ് നടക്കാറുള്ളത്. എല്ലായിടത്തും ഞങ്ങൾക്ക് ഒരേ മാതൃകയാണ്. എല്ലാ സ്ഥലത്തും എല്ലായിടത്തും സ്നേഹവും സഹവർത്തിത്വവും കാണാൻ കഴിയും.

അദ്ദേഹം പറയുന്നു: ഹുദൂർ അൻവർ വളരെയധികം മൃദുലഹൃദയനും ആത്മീയ വ്യക്തിത്വവുമാണ്. ഹുദൂർ അൻവർ വിവരിച്ച മനുഷ്യത്വത്തെ രക്ഷപെടുത്താൻ സമാധാന സ്ഥാപനം വളരെ അനിവാര്യമാണെന്നതും ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്നതും എല്ലാവരോടും സ്നേഹം ആരോടുമില്ലവെറുപ്പ് എന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മുദ്രാവാക്യവുമെല്ലാം വളരെ ആകർഷകമായിരുന്നു.

ഇന്ത്യക്കാരനും ഹിന്ദുമത വിശ്വാസിയുമായ ഇന്തോ ഹങ്കേറിയൻ പനോരമ വില്ലേജ് ക്ലബ് തലവനുമായ സുരേഷ് ചൗദ്‌രി സാഹിബ് പറയുന്നു:രണ്ടാമത്തെ പ്രാവശ്യമാണ് ജൽസാസാലാനയിൽ ഞാൻ പങ്കെടുക്കുന്നത്. ഹുദൂറുമായുള്ള കൂടിക്കാഴ്ച നടന്നപ്പോൾ മുമ്പേയും ഞങ്ങളെ കണ്ടിട്ടുണ്ടെന്ന കാര്യം ഹുദൂർ വേഗത്തിൽ തിരിച്ചറിഞ്ഞിരുന്നു. ഇതു ഞങ്ങളെ വിസ്മയിപ്പിച്ചു.

ഹുദൂറിന്റെ ആത്മീയ പ്രഭാവത്തിൽ മറ്റുള്ളവരെ വലിച്ചടിപ്പിക്കുന്ന ഒരു ആകർഷണമുണ്ട്. ഹുദൂർ അൻവറിന്റെ യുക്തിനിർഭരവും ഹൃദയത്തെ വശീകരിക്കുന്നതുമായ പ്രസംഗങ്ങൾ കേൾക്കാൻ അതുകൊണ്ടാണ് ഞാൻ വീണ്ടും ജൽസയിൽ ഹാജരായത്.

ഹങ്കറിക്കാരനായ മിസ്റ്റർ റോബർട്ട് കൊവാക്സ് ആദ്യമായാണ് ജർമനി ജൽസയിൽപങ്കെടുക്കുന്നത്. അദ്ദേഹം പറയുന്നു:ജൽസയുടെ സംവിധാനങ്ങളും ആതിഥേയത്വവും എന്നെ വളരെ ആകർഷിച്ചു. മുസ്‌ലിമീങ്ങളുടെ ഇത്രയും വലിയ സമ്മേളനം മുമ്പേ ഒരിക്കലും എന്റെ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല. എനിക്ക് കൂടിക്കാഴ്ചക്ക് അവസരമൊരുക്കി ആദരിച്ച ഹുദൂറിനോടു എനിക്ക് വളരെയധികം നന്ദിയുണ്ട്. ഹുദൂറിന്റെ വ്യക്തിത്വം എന്നെ അത്യധികം ആകർഷിച്ചു.

ഹങ്കറിക്കാരനായ മിസ്റ്റർ നോർബെർട്ട് വിൽമർ ഹെർസോഗ്, അമേരിക്കക്കാരിയും എന്നാൽ, ചെറുപ്പം മുതലേ ജർമനിയിൽ താമസിച്ചുവരുന്നവരുമായ തന്റെ സഹധർമ്മിണി മിസ്.മെലാനി ഹെർസോഗിനോടൊപ്പമാണ് ജൽസയിൽ പങ്കെടുക്കാനെത്തിയത്. ഹങ്കറി സംഘത്തിന്റെ ഇൻചാർജ് ബഹുമാനപ്പെട്ട സ്വദാഖത്ത് അഹ്മദ് സാഹിബ് ബട്ട് ഇവരെക്കുറിച്ചു പറയുന്നു: ജർമനിയിലെ ഒരു കുടുംബവുമായി ഇന്റർനെറ്റു വഴി ഇവർ ബന്ധപ്പെട്ടിരുന്നു. ജമാഅത്തിനെ കുറിച്ച് നല്ലൊരു പരിധിവരെ ഇവർക്ക് പരിചയപ്പെടുത്തി കൊടുത്തരുന്നു. ഈ വർഷം ജർമനിയിൽ വന്നപ്പോൾ ഇവരെ ജൽസയിൽ പങ്കെടക്കാൻ ക്ഷണിക്കുകയും ചെയ്തിരുന്നു. ഈ ദമ്പതികൾ ജൽസയിൽ വന്നു. ജൽസയിൽ വരുന്നതിനു മുമ്പേ ഇസ്‌ലാമിനെ സംബന്ധിച്ച് നല്ല പ്രതികരണം അവർക്കുണ്ടായിരുന്നില്ല. ജൽസയിൽ പങ്കെടുക്കാനും അവർ ആഗ്രഹിച്ചിരുന്നില്ല. അവർക്ക് പൂർണമായ ഉറപ്പുനല്കിയതിനുശേഷം മാത്രമാണ് ജൽസയിൽ വരാൻ തയ്യാറായത്. 3 ദിവസവും ജൽസയിൽത്തന്നെ കഴിച്ചുകൂട്ടി.

ഹുദൂറിന്റെ ജുമുഅ ഖുത്വ്ബ വളരെ ശ്രദ്ധയോടെ കേട്ടു. അതിൽ അവർ വളരെ ആകർഷിതരായി. നമസ്കാര സമയത്തുണ്ടായ അന്തരീക്ഷം അവരെ വളരെ ആകർഷിച്ചു. ഇത്തരത്തിലുള്ള അന്തരീക്ഷം അവർക്ക് ജീവിതത്തിലെ ആദ്യാനുഭവമായിരുന്നു. ഇതിനെല്ലാംശേഷം വൈകുന്നേരം ഹുദൂറുമായി അവർ കൂടിക്കാഴ്ച നടത്തി. ഇതിലും അവർ വളരെ ആകർഷിതരായി. അവർ പറയുന്നു:ഞാൻ ക്രിസ്തീയ പാതിരിമാരെ കാണാറുണ്ട്. എന്നാൽ, ഇക്കാര്യങ്ങളിലൊന്നും അവരിൽനിന്ന് ഒരു സ്വാധീനവും ഉണ്ടാകാറില്ല. അവരുടെ വർത്തമാനങ്ങൾ ഒരു ചെവികൊണ്ട് കേൾക്കുകയും മറ്റേ ചെവിയിലൂടെ അത് ഇറക്കിവിടുകയും ചെയ്യുന്ന നിലയിലാണ്. എന്നാൽ, ഹുദൂർ അൻവറിന്റെ വാക്കുകൾ ഒരു പ്രകാശത്തെ പോലെ ഹൃദയത്തിലേക്കിറങ്ങുന്നു. ഹുദൂറിന്റെ മുഖകമലത്തിൽനിന്ന് ഒരു പ്രകാശം പുറപ്പെടുന്നു. അത് എന്റെ ഹൃദയത്തിൽ ആഴ്ന്നിറങ്ങിയിരുന്നു.

അന്നേ ദിവസം രാത്രി ഇവർ സ്വന്തം മകന് ഫോൺ ചെയ്ത് എല്ലാ വിവരങ്ങളും നല്കി. അഹ്മദിയ്യാ ജമാഅത്തിന്റെ പരമോന്നത നേതാവ് കൂടിക്കാഴ്ചക്ക് സമയം നല്കിയെന്നും വളരെ സ്നേഹാനുകമ്പയോടെ പെരുമാറുകയും സംസാരിക്കുകയും ചെയ്തുവെന്നും അറിയിച്ചു. പേന ഉപഹാരമായി ലഭിച്ചുവെന്നും ഒടുവിൽ കൈപിടിച്ചുകൊണ്ട് ഫോട്ടോ എടുത്തെന്നും അറിയിച്ചു. ശനിയാഴ്ച ദിവസം അദ്ദേഹത്തിന്റെ സഹധർമ്മിണി സ്ത്രീകളുടെ ജൽസാ ഗാഹിൽ പോയി. അവിടുത്തെ ജൽസാഗാഹിലെ സംവിധാനങ്ങൾ കണ്ട് വളരെ ആകർഷിതയായി. ളുഹ്ർ-അസ്വ്ർ നമസ്കാരങ്ങൾ അവരോടൊപ്പം അവരെനോക്കി ജീവിതത്തിലാദ്യമായി നമസ്കരിച്ചു.

അദ്ദേഹത്തിന്റെ സഹധർമ്മിണി പറയുന്നു: ഹുദൂറിന്റെ വ്യക്തിത്വം വളരെയധികം സ്വാധീനമുളവാക്കുന്നതാണ്. ഹുദൂറുമായുള്ള കൂടിക്കാഴ്ചാ വേളയിൽ ഞാൻ വളരെ വൈകാരികാവസ്ഥയിലായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ പരമോന്നത നേതാവിനെ കൺമുമ്പിൽ കണ്ടതും അദ്ദേഹവുമായുള്ള കൂടിക്കാഴ്ചയും സംഭാഷണവുമെല്ലാം എന്നിൽ വിസ്മയിപ്പിക്കുന്ന അവസ്ഥ ഉണ്ടാക്കിയിരുന്നു. ഹുദൂർ എനിക്ക് പേന ഉപഹാരമായി നല്കി. മുമ്പേയും ഞാൻ യൂട്യൂബിലൂടെയും മറ്റു ഫോറത്തിലൂടെയും ഹുദൂറിന്റെ വീഡിയോകൾ കണ്ടിരുന്നു. എങ്കിലും കൂടിക്കാഴ്ചക്ക് ആദ്യമായാണ് അവസരം കൈവന്നത്.

ഈ ദമ്പതികൾ എക്സിബിഷൻ വിശദമായി ദർശിച്ചു. അതിൽ ചോദ്യങ്ങൾക്കൊപ്പം ഉത്തരങ്ങളും നല്കപ്പെട്ടിരുന്നു. ജമാഅത്തിന്റെ രണ്ട് മിഷണറിമാരോടൊപ്പം അവർക്ക് സിറ്റിംഗുമുണ്ടായിരുന്നു. ഇതിൽ ഇസ്‌ലാം അഹ്മദിയ്യത്തിനെ കുറിച്ച് വിശദമായി അവർക്ക് വിവരങ്ങൾ പറഞ്ഞുകൊടുത്തു.

അവർ പറയുന്നു: ശനിയാഴ്ചക്കും ഞായറാഴ്ചക്കുമിടയിലുള്ള രാത്രിയിൽ ഏകദേശം 02.00 മണിക്ക് അവർ തങ്ങുന്ന റൂമിലേക്ക് ഹുദൂർ നമസ്കരിക്കുന്ന ശബ്ദം വന്നു. അവർ എഴുന്നേറ്റിരുന്നു. തുടർന്നും പ്രസ്തുത ശബ്ദം വന്നുകൊണ്ടിരുന്നു. അദ്ദേഹം തന്റെ സഹധർമ്മിണിയേയും ഉണർത്തി

ശേഷം പേജ് 23 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin